V. നിയമനിർമ്മാണകാര്യം

(1) 2005-ലെ കോവളം കൊട്ടാരം (വീണ്ടെടുക്കൽ വഴി ഏറ്റെടുക്കൽ) ബിൽ

വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി *(ശ്രീ. കെ. സി. വേണുഗോപാൽ)*: സർ, 2005-ലെ കോവളം കൊട്ടാരം (വീണ്ടെടുക്കൽ വഴി ഏറ്റെടുക്കൽ) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റുമെന്റും ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി *(ശ്രീ. കെ. സി. വേണുഗോപാൽ)*: 2005-ലെ കോവളം കൊട്ടാരം (വീണ്ടെടുക്കൽ വഴി ഏറ്റെടുക്കൽ) ബിൽ, ഭൂനികുതിയും വനവും മത്സ്യബന്ധനവും സംബന്ധിച്ച 11-ാം നസർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി *(ശ്രീ. സി. എഫ്. തോമസ്)*: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി *(ശ്രീ. കെ. സി. വേണുഗോപാൽ)*: സർ, ഈ ബില്ലിന്റെ ആവശ്യകതയെക്കുറിച്ച് ബഹുമാനപ്പെട്ട അംഗങ്ങൾക്കെല്ലാം ബോദ്ധ്യമുള്ളതാണ്. സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ഏറ്റവും കൂടുതൽ ശ്രദ്ധയാകർഷിച്ച ഒരു വിഷയമാണിത്. കോവളം കൊട്ടാരവും അനുബന്ധമായി കിടക്കുന്ന സ്ഥലങ്ങളും കേരള സർക്കാരിന് അവകാശപ്പെട്ടതാണെന്നുള്ള പ്രഖ്യാപിതമായ നയവുമായി ഗവൺമെന്റ് ഇക്കാര്യത്തിൽ സ്വീകരിച്ച ഏറ്റവും ശക്തമായ നടപടിക്രമങ്ങളുടെ അനന്തരഫലമാണ് ഈ നിയമനിർമ്മാണം. 1970-ൽ കോവളം കൊട്ടാരവും അനുബന്ധ സ്ഥലങ്ങളും ഐ.ടി.ഡി.സി.-ക്ക് സർക്കാർ കൈമാറിയിരുന്നു. അതിനുശേഷം 2002-ൽ അന്നത്തെ കേന്ദ്ര ഗവൺമെന്റിന്റെ disinvestment policy-യുടെ ഭാഗമായി ഐ.ടി.ഡി.സി. ഈ കൊട്ടാരവും അനുബന്ധ സ്ഥലങ്ങളും സ്വകാര്യ വ്യക്തിക്ക് കൈമാറിയതിനെച്ചൊല്ലിയുണ്ടായ പ്രശ്നങ്ങളും വിവാദങ്ങളും നമുക്കെല്ലാവർക്കും അറിവുള്ളതാണ്. ഇത് സംബന്ധിച്ച് മുൻ മുഖ്യമന്ത്രി ശ്രീ. എ. കെ. ആന്റണി എടുത്ത ചില നിലപാടുകൾ ഉണ്ടായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

അതിനുശേഷം വന്ന ഉമ്മൻചാണ്ടി ഗവൺമെന്റും ഇക്കാര്യത്തിൽ എടുത്ത ശക്തമായ നിലപാടുകൾ നമുക്ക് എല്ലാപേർക്കും അറിയാവുന്നതാണ്. അതിന്റെ ഭാഗമായിട്ട് ഗവൺമെന്റ് കോവളം കൊട്ടാരം ഏറ്റെടുക്കുന്നതിനുവേണ്ടിയുള്ള ഒരു ഉത്തരവ് പുറപ്പെടുവിച്ചു. ആ ഉത്തരവ് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി ചോദ്യം ചെയ്യുകയും ആ ഉത്തരവ് റദ്ദ് ചെയ്യപ്പെടുകയും ചെയ്തു. അപ്പോൾതന്നെ ഹൈക്കോടതി ഒരു കാര്യം വ്യക്തമായി പറഞ്ഞിരുന്നു. മറ്റ് നിയമനടപടികൾ സർക്കാർ ഇക്കാര്യത്തിൽ സ്വീകരിക്കേണ്ടതാണെന്ന്. അതിന്റെ അടിസ്ഥാനത്തിൽ വിദഗ്ദ്ധമായ നിയമോപദേശം ലഭിച്ചതിനുശേഷമാണ് ഇക്കാര്യത്തിൽ ഒരു നിയമനിർമ്മാണത്തിന് ഗവൺമെന്റ് മുതിർന്നത്. അതനുസരിച്ച് ഓർഡിനൻസ് നമ്മൾ ഇഷ്യൂ ചെയ്തു കഴിഞ്ഞു. അതനുസരിച്ചുള്ള റൂൾസ് നമ്മൾ ഉണ്ടാക്കിക്കഴിഞ്ഞിരിക്കുകയാണ്. ഇതനുസരിച്ച് കോവളം കൊട്ടാരവും അനുബന്ധ സ്ഥലങ്ങളും സർക്കാരിന് ഏറ്റവും ആവശ്യപ്പെട്ട സ്ഥലമെന്നുള്ള നിലയിൽ നമ്മൾ അത് ഏറ്റെടുക്കാനുള്ള സാഹചര്യമാണ് നടപ്പിലാക്കിയിരിക്കുന്നത്. അതനുസരിച്ച് കോംപൻസേഷൻ അടക്കമുള്ള നിയമോപദേശം നൽകിയിരിക്കുന്നു. കൃത്യമായ നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ കോംപൻസേഷൻ അടക്കമുള്ള പ്രൊവിഷൻ വച്ചുകൊണ്ടാണ് ഗവൺമെന്റ് ഇക്കാര്യത്തിൽ നിയമനിർമ്മാണം നടത്തുന്നത്. നാളെ ഇത് സർക്കാരിന്റെ കയ്യിൽതന്നെ പൂർണ്ണമായും നിലനിൽക്കണമെന്നുള്ള വ്യക്തമായ താൽപര്യത്തോടുകൂടിത്തന്നെയാണ് ഇക്കാര്യത്തിലുള്ള പ്രൊവിഷൻസൊക്കെ ഗവൺമെന്റ് വച്ചിരിക്കുന്നതെന്ന് ഞാൻ ഇവിടെ സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നു. ഇത് സംബന്ധിച്ച് ഒരു കമ്മീഷനെ ഗവൺമെന്റ് നിശ്ചയിച്ചു കഴിഞ്ഞു. ഇത് സംബന്ധിച്ചുള്ള കാര്യങ്ങൾ ചെയ്യാൻ റൂൾസ് ഉണ്ടാക്കിക്കഴിഞ്ഞു. ഗവൺമെന്റ് സുചിന്തിതമായ നിലപാടാണ് എടുത്തത്. കോവളം കൊട്ടാരവും അനുബന്ധ സ്ഥലങ്ങളും കേരള ഗവൺമെന്റിന് അവകാശപ്പെട്ടതാണ്. നമ്മുടെ സംസ്ഥാനത്തിന് അവകാശപ്പെട്ട ഈ സ്വത്ത് ഒരു കാരണവശാലും അന്യാധീനപ്പെട്ടു പോകാൻ പാടില്ല എന്നുള്ള ശക്തമായ നിലപാട്, ഈ ഗവൺമെന്റിന്റെ പ്രഖ്യാപിത നിലപാട് ഉറപ്പു വരുത്തുന്നതിനാണ് ഈ ബിൽ എന്ന് സൂചിപ്പിക്കുന്നു.

ശ്രീ. സി. എം. ജേക്കബ് : ഇതുസംബന്ധമായി ഗവൺമെന്റ് ഇറക്കിയ ഓർഡിനൻസ് കേരള ഹൈക്കോടതിയിൽ ചോദ്യം ചെയ്യപ്പെട്ടിരുന്നു. ഇപ്പോഴത്തെ അതിന്റെ സ്ഥിതിയെന്താണ്?

വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി *(ശ്രീ കെ. സി. വേണുഗോപാൽ)*: ഹൈക്കോടതിയിൽ ചോദ്യം ചെയ്യപ്പെട്ടു കഴിഞ്ഞതിനുശേഷം സുപ്രീം കോടതിയിൽ എസ്. എൽ. പി. ഫയൽ ചെയ്തു. സുപ്രീം കോടതി എസ്. എൽ. പി. എടുക്കുന്നതിനിടയിലാണ് ഇക്കാര്യത്തിൽ നിയമനിർമ്മാണം വേണമെന്നുള്ള

LIBRARY ARCHIVES Kerala Legislative Assembly

നിയമോപദേശം നമുക്ക് കിട്ടിയിരിക്കുന്നത്. കേന്ദ്രത്തിലെ പ്രധാനപ്പെട്ട നിയമോപദേശകരിൽനിന്നും നിയമോപദേശം കിട്ടിയതനുസരിച്ചാണ് ഓർഡിനൻസ് പുറപ്പെടുവിച്ചത്. ഓർഡിനൻസിനെ ചോദ്യം ചെയ്തുകൊണ്ടുള്ള ഒരു പെറ്റീഷൻ ഹൈക്കോടതിയുടെ പരിഗണനയിലാണ്. അതുകൊണ്ട് ഇത് സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് ഞാൻ വിനീതമായി ഈ സഭയോട് അഭ്യർത്ഥിക്കുകയാണ്.

മി. സ്പീക്കർ : നിരാകരണ പ്രമേയത്തിന് ഓതറൈസേഷൻ പാടില്ല. നിരാകരണമെന്നത് ഭരണഘടനാപരമായ കാര്യമാണ്. മറ്റ് കാര്യങ്ങൾക്കാണ് ഓതറൈസേഷൻ പറ്റുക. ഇക്കാര്യത്തിൽ ആദ്യത്തെ മെമ്പർ അല്ലെങ്കിൽ രണ്ടാമത്തെ മെമ്പർക്ക് സംസാരിക്കാം. അതുകൊണ്ട് ശ്രീ. ടി. എം. ജേക്കബിന് സംസാരിക്കാം.

ശ്രീ. എം. വി. ജയരാജൻ : ഈ നിയമസഭയിൽത്തന്നെ നിരവധി ബില്ലുകളുടെ ചർച്ചാവേളയിൽ ഓർഡിനൻസിന്റെ നിരാകരണപ്രമേയം ഓതറൈസേഷൻ വഴിയും മറ്റും അംഗങ്ങൾ ചുമതലപ്പെടുത്തിയിട്ടുണ്ട്. റീസന്റായ സംഭവം ഞാൻ പറയാം. കേരള ഓട്ടോമൊബൈൽ ജീവനക്കാരുടെ നിയമനം സാധൂകരിക്കൽ ബിൽ 22-1-2004-ന് ഈ നിയമസഭയുടെ ഏഴാം സമ്മേളനത്തിൽ ഈ ഫ്ളോറിൽ വന്നു. ബഹുമാനപ്പെട്ട അംഗം പി. എസ്. സുപാൽ ചുമതലപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ ഞാനാണ് നിരാകരണപ്രമേയം അവതരിപ്പിച്ചുകൊണ്ട് സംസാരിച്ചത്. പതിനൊന്നാം നിയമസഭയുടെ ഘട്ടത്തിൽ ഇതുപോലെയുള്ള ഒരുപാട് കേസുകളുണ്ട്. ഇപ്പോൾ നിരാകരണ പ്രമേയത്തിന് ഓതറൈസേഷൻ പാടില്ലെന്ന് പറഞ്ഞപ്പോൾ റൂൾ ഞാൻ നോക്കി. എവിടെയും വിലക്കില്ല. സബ്ജക്ട് കമ്മിറ്റിയിൽ ഡിസെന്റ് രേഖപ്പെടുത്തി കഴിഞ്ഞിട്ട് ഇവിടെ വന്നാൽ അത് സ്വാഭാവികമായും ശരിയാണ്. ഡിസെന്റ് രേഖപ്പെടുത്തിയ ആൾക്ക് ഡിസെന്റ് എന്താണെന്ന് ഈ സഭയിൽ വിശദീകരിക്കാനുള്ള അവകാശം അയാൾക്ക് മാത്രമേയുള്ളൂ. അത് മറ്റൊരാളെ ഓതറൈസ് ചെയ്യാൻ പാടില്ല. ഇതൊരു പ്രമേയമാണ്. സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്നോ, നിരാകരണപ്രമേയമെന്നോ, സെലക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്നോ, സർക്കുലേഷനുവേണ്ടി അയയ്ക്കണമെന്നോ പറഞ്ഞുകൊണ്ടുള്ള പ്രമേയങ്ങൾ മൂവ് ചെയ്യുന്നത് നമ്മുടെ നിയമസഭാ പ്രൊസീഡ്യുവർ അനുസരിച്ച് ശരിയാണ്. ഇതിന് മുമ്പും ആ കീഴ്വഴക്കമുണ്ട്. അങ്ങ് പരിശോധിച്ചാൽ ഒരുപാട് ഘട്ടങ്ങളിൽ ഇത് അനുവദിച്ചിട്ടുണ്ടെന്ന് കാണാൻ കഴിയും. അതുകൊണ്ട് ഈ റിക്വസ്റ്റ് പരിഗണിക്കണമെന്നുള്ള വിനീതമായ അഭ്യർത്ഥനയാണ് എനിക്കുള്ളത്. മുൻകാല നിയമസഭകളിൽ ഒരുപാട് തവണ ഇത് അനുവദിച്ചു എന്ന് പറയാൻ കഴിയുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. സി. ജോസഫ്: സർ, നിരാകരണപ്രമേയം മരണഘടനാപരമായ കാര്യം ആണെന്നും അതിന് ഓതറൈസേഷൻ അനുവദിക്കില്ലെന്നും ബഹുമാനപ്പെട്ട സ്പീക്കർ റൂളിംഗ് നൽകിയതിനുശേഷം അതിനെ ചോദ്യം ചെയ്യാനുള്ള ശ്രീ. എം. വി. ജയരാജന്റെ ശ്രമം ഓർഡറിലാണോ?

മി. സ്പീക്കർ: അതിൽ സാങ്കേതികത്വമൊന്നും നോക്കേണ്ട. അദ്ദേഹം സംശയം പറഞ്ഞു. ഞാൻ അതിനെപ്പറ്റി പരിശോധിച്ചു. 2004 ജനുവരിയിൽ അവതരിപ്പിച്ച കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡ് ജീവനക്കാരുടെ നിയമനം സംബന്ധിച്ച ബില്ലിലെ ഒന്നാം നമ്പർ ആൾ ശ്രീ. ജയചന്ദ്രനും, രണ്ടാം നമ്പർ ആൾ ശ്രീ. പി. എസ്. സുപാലും, മൂന്നാം നമ്പർ ആൾ ശ്രീ. എം. വി. ജയരാജനുമായിരുന്നു. ശ്രീ. പി. എസ്. സുപാൽ സഭയിൽ ഇല്ലാത്തതുകൊണ്ട് ശ്രീ. എം. വി. ജയരാജൻ സംസാരിച്ചു. അത് ഓതറൈസേഷന്റെ ബലത്തിലല്ല. അടുത്ത ആളെന്ന നിലയിലാണ് സംസാരിച്ചത്. ഞാൻ വളരെ ദീർഘമായി പരിശോധിച്ചു. സാങ്കേതികത്വമല്ല. അനുവദനീയമല്ലാത്ത കാര്യം ചെയ്ത് ചീത്ത പ്രീസിഡന്റ് ഉണ്ടാക്കേണ്ട എന്ന് കരുതികൊണ്ടാണ്. മരണഘടനാപരമായ കാര്യങ്ങൾക്ക് ഓതറൈസേഷൻ അനുവദനീയമല്ല. മറ്റ് കാര്യങ്ങൾക്ക് റൂളിലുള്ളത് ബാധകമാണ്. എനിക്ക് കിട്ടിയ ഫീഡ് ബാക്ക് അനുസരിച്ച് ഞാൻ മനസ്സിലാക്കിയത് അതാണ്. ആരെങ്കിലും അതിനെപ്പറ്റി കൂടുതൽ ഉദാഹരണം തെളിയിച്ചാൽ ഞാൻ ഈ റൂളിംഗ് മാറ്റാനും തയ്യാറാണ്. ഇന്ന് ശ്രീ. ടി. എം. ജേക്കബ് സംസാരിക്കട്ടെ.

ശ്രീ. എം. വി. ജയരാജൻ: പതിനൊന്നാം നിയമസഭയുടെ പത്താം സമ്മേളനത്തിൽ ഓതറൈസേഷൻ വഴി സംസാരിച്ചുവെങ്കിൽ സംസാരിക്കാമല്ലോ?

മി. സ്പീക്കർ: ഞാൻ അത് പരിശോധിക്കാം.

ശ്രീ. എം. വി. ജയരാജൻ: ഞാൻ അങ്ങയുടെ റൂളിംഗിനെ ചോദ്യം ചെയ്യുകയൊന്നുമല്ല. ഈ ബിൽ ആയതുകൊണ്ടാണ് പറയുന്നത്. കോവളം കൊട്ടാരം പോലെയുള്ള ബില്ലിന്റെ ചർച്ചാ വേളയിൽ പങ്കെടുക്കണമെന്ന താൽപര്യം കൂടിയുണ്ട്. ഒരു നിയമനിർമ്മാണസഭയുടെ എല്ലാ താൽപര്യങ്ങളും നിലനിർത്തിക്കൊണ്ട് പറയട്ടെ, പതിനൊന്നാം കേരള നിയമസഭയുടെ പത്താം സമ്മേളനത്തിൽ നിരാകരണപ്രമേയത്തിന് ഓതറൈസേഷൻ വഴി ആരെയെങ്കിലും മുൻതൂക്കം നൽകി സംസാരിച്ച പ്രീസിഡന്റ് ഉണ്ടെങ്കിൽ അങ്ങ് എന്റെ കാര്യം പരിഗണിക്കുമെന്ന് എനിക്ക് പ്രതീക്ഷിക്കാമല്ലോ?

മി. സ്പീക്കർ: അങ്ങ് ഇത് പറഞ്ഞപ്പോൾ ഞാൻ പരിശോധിച്ചു. എനിക്ക് കിട്ടിയ ഫീഡ് ബാക്ക് അനുസരിച്ച് എനിക്ക് ഈ തീരുമാനത്തിൽ എത്താനേ

LIBRARY ARCHIVES Kerala Legislative Assembly

കഴിഞ്ഞുള്ളൂ. കൂടുതൽ എൻലൈറ്റൻ ചെയ്യാനുള്ള പ്രീസീഡന്റ് കൊണ്ടുവരികയാണെങ്കിൽ ഈ റൂളിംഗിനെപ്പറ്റി പുനർചിന്തനം ചെയ്യാം. ഞാൻ ചീത്ത പ്രീസീഡന്റ് ഉണ്ടാക്കാൻ ഉദ്ദേശിക്കാത്തതുകൊണ്ടാണ്. അല്ലാതെ ആരേയും സംസാരിക്കുന്നതിൽനിന്നും വിലക്കാൻ ഉദ്ദേശിക്കുന്നില്ല.

ശ്രീ. ടി. എം. ജേക്കബ്: സർ,

I move that-

"This House resolves to disapprove The Kovalam Palace (Taking over by Resumption) Ordinance, 2005 (Ordinance No. 6 of 2005)".

പ്രമേയത്തിന്റെ ഉള്ളടക്കത്തിലേക്ക് കടക്കുന്നതിന് മുൻപ് ചെറിയ ഒരു കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. അങ്ങ് പറഞ്ഞതിനെ ഒന്നും ഞാൻ ചോദ്യം ചെയ്യുന്നില്ല. ഇവിടെ ശ്രീ. ജയരാജൻ ഉന്നയിച്ച വിഷയം അങ്ങ് പരിശോധിക്കാമെന്ന് പറഞ്ഞു. തീർച്ചയായിട്ടും സ്പീക്കറുടെ ആ അഭിപ്രായത്തോട് യോജിക്കുകയാണ്. അതുപോലെ തന്നെ അമെന്റ്മെന്റ് സിന്റെതാണെങ്കിലും ഈ നിയമസഭയെ സംബന്ധിച്ചിടത്തോളം, ആതറൈസേഷനെ സംബന്ധിച്ച് വ്യക്തമായിട്ടുള്ള ഒരു ധാരണ ഈ സഭയ്ക്ക് വേണം. കഴിഞ്ഞകാലങ്ങളിലുണ്ടായിട്ടുള്ള ആതറൈസേഷനും ഇവിടെയുള്ള സംസാരങ്ങളും ഇന്നലെ ഇവിടെ നടന്ന സംഭവവുമെല്ലാം അങ്ങയുടെ പരിശോധനാ വിഷയത്തിന്റെ കീഴിൽ കൊണ്ടുവരണം എന്നൊരു സബ്മിഷൻ വളരെ വിനീതമായി അങ്ങയുടെ മുൻപിൽ ഞാൻ സമർപ്പിക്കുകയാണ്.

മി. സ്പീക്കർ: ഇന്നലെ വന്നത് അത്യപൂർവ്വമായ ഒരു സംഭവവികാസമാണ്. അത് പരിശോധിക്കാം. കുഴപ്പമില്ല.

ശ്രീ. ടി. എം. ജേക്കബ്: അങ്ങ് പരിശോധിക്കണമെന്നേ ഞാൻ പറഞ്ഞിട്ടുള്ളൂ.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഇവിടെ ഇപ്പോൾ ഇതിന്റെ നടപടിക്രമം അങ്ങേയ്ക്കറിയാം. പ്രതിപക്ഷത്തുള്ള എല്ലാ മെമ്പർമാരും നറുക്കിൽ പങ്കെടുക്കുന്നുണ്ട്. നറുക്കിട്ടെടുത്തിട്ടാണല്ലോ ഇത് one by one തീരുമാനിക്കുന്നത്. അങ്ങനെ പ്രതിപക്ഷത്തിന് ഒരു പ്രമേയം അവതരിപ്പിക്കാൻ അവസരം കിട്ടുമ്പോൾ അത് കൂടുതൽ നന്നായിട്ട് അവതരിപ്പിക്കാൻ പറ്റുന്നയാളെ ചുമതലപ്പെടുത്താമെന്ന് ഒരു കക്ഷി തീരുമാനിച്ചാൽ അത് സാധിക്കാതെ വരും.

മി. സ്പീക്കർ: ആതറൈസേഷൻ കംപ്ലീറ്റായിട്ട് അനുവദിക്കില്ലെന്ന് പറഞ്ഞില്ല. ഇത് ഭരണഘടനാപരമായ കാര്യമായതുകൊണ്ടാണ്. ഇന്നലെ പറഞ്ഞ സാഹചര്യം അതല്ല. ശ്രീ. കോടിയേരി അത് കേട്ടില്ല. അതായത് ശ്രീ. വിശ്വത്തിന്റെ

LIBRARY ARCHIVES Kerala Legislative Assembly

ഒരു ആതറൈസേഷനുണ്ടായിരുന്നു. ശ്രീ. വിശ്വം ഇന്നലെ ഉണ്ടായിരുന്നില്ല. പ്രതിപക്ഷങ്ങൾ മുഴുവൻ ബഹിഷ്ക്കരിക്കുന്നു എന്ന് ശ്രീ. വിശ്വത്തിന്റെ നേതാവ് ശ്രീ. കെ. പി. രാജേന്ദ്രൻ പറഞ്ഞു. അപ്പോൾ അങ്ങനെ ബഹിഷ്ക്കരിച്ച ഒരു പാർട്ടിയുടെ പ്രതിനിധി കൊടുത്ത ആതറൈസേഷൻ പിന്നെ കണക്കാക്കാൻ പറ്റുമോ? നിങ്ങളെല്ലാം പോയി കഴിഞ്ഞിട്ട് ആതറൈസേഷൻ കൊണ്ടുവന്ന് രണ്ട് പേരെ ഇരുത്തിയാൽ അത് ശരിയാകുമോ? എല്ലാ പ്രതിപക്ഷാംഗങ്ങളും രണ്ട് പേരെ ആതറൈസ് ചെയ്ത് പോവുകയാണ്, is it practical. അത് അനുവദനീയമാണോ?

ശ്രീ. ടി. എം. ജേക്കബ്: ഞാൻ അങ്ങയുമായി തർക്കത്തിനില്ല.

മി. സ്പീക്കർ: ഞാൻ ഒന്നും ആലോചിക്കാതെ പറഞ്ഞതല്ല. ഞാൻ എല്ലാ വശങ്ങളും ആലോചിച്ചു. കൂടുതൽ കാര്യങ്ങൾ ഇനി ചർച്ച ചെയ്യാം. റൂൾസിൽ ഭേദഗതി ചെയ്യാം. ഞാൻ ഇതിനൊന്നും എതിരല്ല.

ശ്രീ. ടി. എം. ജേക്കബ്: സഭാദ്ധ്യക്ഷനുമായി ഒരു തർക്കത്തിൽ ഏർപ്പെടുന്നത് ശരിയല്ല. ഞാൻ അത് അഡ്മിറ്റ് ചെയ്യുന്നു. പക്ഷേ സഭയിൽ നിന്ന് ഇറങ്ങിപ്പോകുന്നതോ സഭ ബഹിഷ്ക്കരിക്കുന്നതോ ഒക്കെ സഭയിൽ നടക്കുന്ന കീഴ്വഴക്കങ്ങളാണ്. അതുകൊണ്ട് ഒരു സഭാംഗത്തിന്റെ റൈറ്റ് നഷ്ടപ്പെടുന്നില്ല.

മി. സ്പീക്കർ: റൂൾ 85 അനുസരിച്ച് When a motion that a Bill be taken into consideration has been carried, any member may, when called upon by the Speaker, move an amendment to the Bill of which he has previously given notice:

Provided that if the member who has given notice of an amendment is absent, any other member authorized by him in writing in this behalf may, with the permission of the Speaker, move the amendment. അപ്പോൾ സ്പീക്കറുടെ അനുവാദത്തോടുകൂടി ചെയ്യാം. സാധാരണ ചെയ്തുവരാറുണ്ട്. ഇന്നലത്തെ കാര്യത്തിൽ സ്പീക്കർ അനുവാദം കൊടുക്കണോ വേണ്ടയോ എന്ന് സംശയിച്ചു നിൽക്കുന്ന സന്ദർഭത്തിൽ ഇങ്ങനെയൊരു പ്രശ്നം സഭയുടെ വേറെ ഉത്തരവാദപ്പെട്ടവർ കൊണ്ടുവന്നപ്പോൾ എനിക്ക് തോന്നി അത് reasonable ആണ്. അല്ലെങ്കിൽ വരാൻ പോകുന്ന കാര്യം, ഇവിടത്തെ എല്ലാ പ്രതിപക്ഷാംഗങ്ങളും ഒന്നോ രണ്ടോ ആളെ ആതറൈസ് ചെയ്ത് പോയാൽ അതൊരു സുഖകരമായ പ്രവണതയാകില്ല എന്നതുകൊണ്ട് സ്പീക്കർ അനുവാദം കൊടുത്തില്ല. അതിന് എനിക്ക് അധികാരം ഉണ്ടെന്നാണ് ഞാൻ വിചാരിക്കുന്നത്.

ശ്രീ. ടി. എം. ജേക്കബ്: അങ്ങയുടെ പെർമിഷൻ കൂടാതെ ഒരക്ഷരം ഈ സഭയിൽ ആർക്കും പറയാൻ കഴിയില്ല. അത് പൂർണ്ണമായിട്ടും ഉൾക്കൊള്ളുന്നു. അങ്ങയുടെ പെർമിഷൻ ഉണ്ടാകണമെന്നുള്ള അപേക്ഷയാണ് ഞങ്ങൾക്കുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: തരാത്തതിന്റെ കാരണം ഇതാണ്. When I take a decision അത് reasonable ആയിരിക്കണം. ഇങ്ങനെ ഒരു പാർട്ടിയുടെ നേതാവ് ഞാനും എന്റെ പാർട്ടിയും പോകുന്നു എന്ന് പറഞ്ഞിട്ട് അതിൽ ഒരു അംഗം കൊടുത്ത ആതറൈസേഷൻ ഞാൻ അംഗീകരിച്ചാൽ പ്രതിപക്ഷം എല്ലാവരും പോയി ഒന്നോ രണ്ടോ ആളുകളെ എല്ലാത്തിനും ആതറൈസ് ചെയ്ത് പോയാൽ അത് അംഗീകരിക്കുന്നത് ശരിയാണെന്ന് സ്പീക്കർക്ക് തോന്നിയില്ല. അതുകൊണ്ട് അനുവാദം കൊടുത്തില്ല. It is a closed chapter ..

..... (ബഹളം) .....

ശ്രീ. എം. വി. ജയരാജൻ: ഒരു നിയമനിർമ്മാണ സഭയിൽ പ്രതിപക്ഷാംഗങ്ങൾക്ക് നിരാകരണമാകട്ടെ, സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കുന്നതാകട്ടെ, സെലക്ട് കമ്മിറ്റിക്ക് അയയ്ക്കുന്നതാകട്ടെ, ഒരു ബില്ലിന്റെ ചർച്ചാവേളയിൽ ലഭ്യമാകുന്ന അവസരങ്ങൾ കുറഞ്ഞുകുറഞ്ഞു വരികയാണെന്ന കാര്യം ആരാധ്യനായ സ്പീക്കർ മനസ്സിലാക്കുമെന്ന് ഞാൻ കരുതുന്നു. അങ്ങയ്ക്ക് കിട്ടിയ feed back എന്തുതന്നെയായാലും ശരി ആരാധ്യനായ സ്പീക്കർ പ്രതിപക്ഷത്തിന്റെ അവകാശങ്ങൾ കുറഞ്ഞുവരികയാണ് എന്നകാര്യം കണക്കിലെടുക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

മി. സ്പീക്കർ: പ്രതിപക്ഷത്തിനെയാണല്ലോ സംസാരിക്കാൻ വിളിച്ചത്.

ശ്രീ. ടി. എം. ജേക്കബ്: പ്രതിപക്ഷങ്ങൾക്കല്ലേ ഇതിന് റൈറ്റുള്ളൂ.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഇത്രയും അങ്ങ് പറഞ്ഞ സ്ഥിതിക്ക് ഇന്നലെ ഇവിടെ ഞങ്ങൾ, പ്രതിപക്ഷം ബഹിഷ്ക്കരിച്ചുപോയി. പ്രതിപക്ഷമെന്ന് പറഞ്ഞാൽ ഇവിടെ രണ്ട് തരം പ്രതിപക്ഷമുണ്ടെന്ന് അങ്ങ് മനസ്സിലാക്കണം.

മി. സ്പീക്കർ: അത് അറിയില്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഇടതുപക്ഷജനാധിപത്യ മുന്നണിയുണ്ട്, ഇടതുപക്ഷജനാധിപത്യ മുന്നണിയിൽ ഇല്ലാത്ത വേറെ കക്ഷികൾ ചേർന്ന് ഒരു പ്രതിപക്ഷം ഇവിടെ രൂപമെടുത്തിട്ടുണ്ട്.

മി. സ്പീക്കർ: അത് പിൻതാങ്ങി പ്രതിപക്ഷമല്ലല്ലോ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഈ പുതിയ സ്ഥിതിവിശേഷം വന്ന സാഹചര്യത്തിൽ ഇന്നലെ അങ്ങ് സ്വീകരിച്ച നിലപാട് എന്താണ്? ഞാൻ അങ്ങയെ ചോദ്യം ചെയ്യുന്നില്ല. ഇടതുപക്ഷമുന്നണിയുടെ എല്ലാവരും ഇറങ്ങിപ്പോയതിന് ശേഷം രണ്ട് ബിൽ പാസ്സാക്കി. ഒന്ന് പാസ്സാക്കിയെടുത്തു, ഒന്ന് സബ്ജക്ട് കമ്മിറ്റിക്ക് വിട്ടു. പുതിയ ഒരു ബിൽ ഇന്നലെ ഇവിടെ ചർച്ച ചെയ്യപ്പെട്ടു. ഞങ്ങൾ ഇടതുപക്ഷ

LIBRARY ARCHIVES Kerala Legislative Assembly

മുന്നണിയുടെ അഭിപ്രായം പോലും കേൾക്കാൻ തയ്യാറായില്ല. ഞങ്ങൾ ഇന്നലെ സഭ സ്തംഭിപ്പിച്ചിട്ടില്ല. ഞങ്ങൾ ഇന്നലെ മാറി നിൽക്കുക മാത്രമാണ് ചെയ്തത്. സഭ സ്തംഭിപ്പിച്ചിരുന്നുവെങ്കിൽ അങ്ങ് ഇന്നലെ സ്വീകരിച്ച നിലപാട് ശരിയാണ്. ഞാൻ ഇന്നലെ ചെയ്തതിനെ ചോദ്യം ചെയ്യുന്നില്ല. ഞങ്ങൾ ഇന്നലെ ബിസിനസ് അഡ്വൈസറി കമ്മിറ്റിയിൽ കാത്തിരുന്നിട്ടും ഇങ്ങനെയൊരു നിലപാട് സ്വീകരിച്ചത് ശരിയായില്ല എന്നൊരു പ്രതികരണം ഇവിടെ അറിയിക്കണമെന്നതുകൊണ്ടാണ് ഞാൻ ഇക്കാര്യം ഇവിടെ സൂചിപ്പിച്ചത്.

മി. സ്പീക്കർ : തെറ്റിദ്ധാരണകളൊന്നും വേണ്ട. വളരെ വ്യക്തമായി ചെയർ പറഞ്ഞു കഴിഞ്ഞു. പ്രതിപക്ഷത്തോട് ഒരു അനീതിയും ചെയ്തിട്ടില്ല. ഇന്നലെ ഒന്നര മണി വരെ zero hour, ഇഷ്ടം പോലെ സംസാരിക്കാൻ സമയം തന്നു. സ്പീക്കർ ചെയ്തത് തെറ്റായി എന്ന അസ്വസ്ഥത വരെ പലരും പ്രകടിപ്പിച്ച സാഹചര്യത്തിൽ പിന്നെ നിങ്ങൾ അവസരം തന്നില്ല എന്നുപറയുന്നത് it is too cruel, അത് ചെയ്യരുത്. രണ്ട് പ്രതിപക്ഷം ഉണ്ടെന്നത് വ്യക്തമാക്കിയത് നന്നായി. പ്രതിപക്ഷത്ത് ഇരിക്കണമെന്ന് ആവശ്യപ്പെട്ടു ഞാൻ അനുവദിച്ചു. സ്പീക്കർക്ക് രണ്ട് തരം പ്രതിപക്ഷമായി കാണാൻ കഴിയില്ല. നിങ്ങൾ തമ്മിലുള്ള ചേരിതിരിവ് എന്റെ അജൻഡയിൽ വരുന്നില്ല. അതുകൊണ്ട് ചർച്ച വേണ്ട, അവസാനിപ്പിക്കാം. ശ്രീ. ജേക്കബിന് സംസാരിക്കാം.

ശ്രീ. ടി. എം. ജേക്കബ് : അങ്ങയെപ്പോലെ ഉന്നതമായ സ്ഥാനത്ത് ഇരുന്ന് ബഹുമാനപ്പെട്ട സ്പീക്കർ ഇങ്ങനെയൊരു പരാമർശം നടത്തിയത് ശരിയല്ല. അവർ ഇടതുപക്ഷജനാധിപത്യമുന്നണി എന്നുള്ള നിലയിൽ നിൽക്കുകയാണ്. ഞങ്ങൾ പ്രതിപക്ഷത്തിരിക്കുന്ന കക്ഷികളാണ്. ശ്രീ. കോടിയേരി പറഞ്ഞതിനെ ദുർവ്യാഖ്യാനം ചെയ്തിരിക്കുകയാണ്. .....

.....(ബഹളം).....

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : ഒരു കാര്യം ക്ലാരിഫൈ ചെയ്യട്ടെ, ഞാൻ പറഞ്ഞത് ഇടതുപക്ഷജനാധിപത്യമുന്നണിയിലെ ഘടകകക്ഷിയിൽപ്പെട്ടവരല്ല സർവ്വശ്രീ ടി. എം. ജേക്കബും ബാലകൃഷ്ണപിള്ളയും ഷിബു ബേബിജോണും എന്നുള്ളതാണ്. ഞങ്ങൾ ഇടതുപക്ഷമുന്നണി എന്നുള്ള നിലയിൽ പ്രതിപക്ഷമാണ്. അവർ ഉൾപ്പെടുന്ന മൂന്ന് കക്ഷികളും ഇപ്പോൾ പ്രതിപക്ഷത്ത് മാറി ഇരുന്നിട്ടുണ്ട്. ഈ പ്രത്യേക സാഹചര്യം അങ്ങ് കണക്കിലെടുക്കണമെന്നാണ് ഞാൻ പറഞ്ഞത്.

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി *(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ)* : അങ്ങ് സംസാരിച്ചതിനെ സംബന്ധിച്ച് സത്യം പറഞ്ഞാൽ ഞങ്ങൾക്ക് ചില കാര്യങ്ങൾ പറയാനുണ്ടായിരുന്നു. പക്ഷേ സ്പീക്കർ ഒരു റുളിംഗിന്റെ

LIBRARY ARCHIVES Kerala Legislative Assembly

രൂപത്തിൽ സംസാരിച്ചു കഴിഞ്ഞപ്പോൾ പിന്നെ അതിനെ ചോദ്യം ചെയ്യുന്നതോ അതിനെ സംബന്ധിച്ച് പറയുകയോ ചെയ്യുന്നത് ശരിയല്ല എന്നുള്ളതുകൊണ്ട് അതിനപ്പുറത്തേക്ക് ഒന്നും പറയാതെ ഞങ്ങൾ നിൽക്കുകയായിരുന്നു. ബഹുമാനപ്പെട്ട ടി. എം. ജേക്കബ് സംസാരിച്ചപ്പോൾ സ്പീക്കറെയും ചെയറിനെയും റൂളിംഗിനെയും കസ്റ്റ്യൻ ചെയ്യുന്ന ദുഃസൂചനയോടുകൂടിയ ഒരു സമീപനം എടുത്തത് ദുഃഖകരമാണ്. അങ്ങനെയൊരു സമീപനം എടുക്കരുതായിരുന്നു. ഇവിടെ അങ്ങ് സൂചിപ്പിച്ചതു പോലെ തന്നെ ധാരാളം സമയം അങ്ങ് എല്ലാ ആളുകൾക്കും കൊടുത്തു. ശ്രീ. കോടിയേരി ബാലകൃഷ്ണൻ തന്നെയാണ് അതിനകത്ത് കൂടുതൽ സമയം എടുത്തിട്ടുള്ളത്. ഞങ്ങൾക്ക് പോലും ഇത്രയും കൊടുക്കണമോ എന്ന് തോന്നിയിട്ടും സ്പീക്കർ അക്കാര്യത്തിൽ 100 ശതമാനം നിഷ്പക്ഷതയോടുകൂടിയ ഒരു സമീപനമാണ് എടുത്തത്. ഇന്നലെ zero hour ഒന്നര മണിക്കാണ് കഴിഞ്ഞത്. ഈ രൂപത്തിൽ പോകാതിരിക്കാൻ general consensus ഉണ്ടാക്കാൻ നേതൃത്വം കൊടുക്കണമെന്നുള്ളതാണ് എന്റെ അഭ്യർത്ഥന. പ്രതിപക്ഷത്തിരിക്കുന്നത്, പ്രതിപക്ഷനേതാവിനെ അംഗീകരിക്കുന്ന പ്രതിപക്ഷവും പ്രതിപക്ഷനേതാവിനെ അംഗീകരിക്കാത്ത പ്രതിപക്ഷവും, രണ്ട് പ്രതിപക്ഷം ഉണ്ടെന്നുള്ളത് ഞങ്ങൾക്കറിയാം. പ്രതിപക്ഷനേതാവിനെ അംഗീകരിക്കുന്നില്ല, പക്ഷേ അവർ പ്രതിപക്ഷത്താണ് ഇരിക്കുന്നത്. അങ്ങനെ ഇരിക്കുന്ന പ്രതിപക്ഷത്തിന്റെ കാര്യങ്ങളെക്കുറിച്ചായിരിക്കും ഇവിടെ പറഞ്ഞത്. ..... (ബഹളം) .....

റവന്യൂവും നിയമവുംവകുപ്പുമന്ത്രി *(ശ്രീ. കെ. എം. മാണി)* : സഭ ബഹിഷ്ക്കരിക്കുക എന്നുപറഞ്ഞാൽ എന്താണ്? സഭ ബഹിഷ്ക്കരിക്കുക എന്നുപറഞ്ഞാൽ സഭയുടെ പ്രൊസീഡിംഗ്സ് ബഹിഷ്ക്കരിക്കുകയാണ്. അങ്ങനെ ബഹിഷ്ക്കരിച്ച് പോയ ഒരാളിന് സഭയിലെ അജൻഡയിൽ വന്നിരിക്കുന്ന വിഷയങ്ങൾ അവരുടെ ആബ്സെൻസിൽ എടുത്തു എന്ന് പറയാൻ അവകാശമുണ്ടോ? അത് ചോദിക്കാനുള്ള അവകാശമില്ല.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : സർ, ഞങ്ങൾ ആരെയൊക്കെ അംഗീകരിക്കുന്നു എന്നു തീരുമാനിക്കുന്നത് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനല്ല. ഞങ്ങൾ പ്രതിപക്ഷത്തിരിക്കുന്നു എന്നു മാത്രമല്ല ഈ സഭയിൽ ഭരണഘടനാപരമായി നിയമം അനുസരിച്ച് ഇരിക്കുന്ന പ്രതിപക്ഷനേതാവിനെ ഞാനും ശ്രീ. ടി. എം. ജേക്കബും അംഗീകരിക്കുന്നുമുണ്ട്. അതിന് യാതൊരു സംശയവുമില്ല ..... (ബഹളം) ..... ശ്രീ. രാധാകൃഷ്ണൻ പറഞ്ഞപ്പോൾ ഞാൻ പറഞ്ഞില്ലല്ലോ. പ്രതിപക്ഷനേതാവിനെ മാത്രമല്ല സഭാ നേതാവിനെയും അംഗീകരിക്കുന്നുണ്ട്. അത് ഈ സഭയുടെ ഭാഗമാണ്. നിയമം അനുസരിച്ച് സഭാനേതാവും പ്രതിപക്ഷനേതാവും സഭയുടെ ഭാഗമാണ്. അപ്പോൾ സഭാനേതാവിനെയും പ്രതിപക്ഷനേതാവിനെയും

LIBRARY ARCHIVES Kerala Legislative Assembly

അംഗീകരിക്കാതിരിക്കാൻ പറ്റില്ല. അത് അംഗീകരിക്കുന്നുണ്ടോ ഇല്ലയോയെന്നു തീരുമാനിക്കുന്നത് ഞങ്ങളാണ്. ശ്രീ. ടി. എം. ജേക്കബിന്റെയും എന്റെയും ശ്രീ. ഷിബു ബേബിജോണിന്റെയും അവകാശം ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ എടുക്കണ്ട. അത് ഞങ്ങളുടെ അവകാശമാണ്. പ്രതിപക്ഷനേതാവിനെയും സഭാനേതാവിനെയും ഞങ്ങൾ അംഗീകരിക്കുന്നുണ്ട്. അതിന് യാതൊരു സംശയവുമില്ല.

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി *(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ)* : സർ, എന്നെ വ്യക്തിപരമായി പരാമർശിച്ചതിനാൽ ഒരു വാക്ക് എനിക്ക് പറയണം. ഇവിടെ പ്രതിപക്ഷനേതാവിനെ അംഗീകരിക്കുന്നെങ്കിൽ പ്രതിപക്ഷനേതാവ് ബഹിഷ്ക്കരിക്കുന്നു എന്നു പറഞ്ഞതും അംഗീകരിക്കണം. പ്രതിപക്ഷ നേതാവ് ഇന്നലെ രണ്ടു കാര്യങ്ങൾ ഇവിടെ പറഞ്ഞിരുന്നു. ഈ സഭയിൽ ഫ്ളോറിൽ പറഞ്ഞ കാര്യങ്ങളാണ്. ഒന്ന്, പ്രതിപക്ഷം മുഴുവൻ ബഹിഷ്ക്കരിക്കുന്നുവെന്നു പറഞ്ഞു. ആ കൂട്ടത്തിൽ ബഹിഷ്ക്കരിച്ചില്ല. രണ്ട്, അറ്റൻഡൻസ് രജിസ്റ്ററിൽ ഒപ്പിട്ടെങ്കിൽപ്പോലും ഞങ്ങൾ ഡി. എ. വാങ്ങുന്നില്ല എന്ന് അദ്ദേഹം പറഞ്ഞിരുന്നു. ഇവിടെ ഇതിൽ പങ്കെടുത്ത് അറ്റൻഡൻസ് രജിസ്റ്ററിൽ ഒപ്പിട്ട്, അതിലെല്ലാം ഭോഗഭോക്കായി എന്നിട്ട് പ്രതിപക്ഷ നേതാവിനെ അംഗീകരിക്കുന്നു എന്നു പറഞ്ഞാൽ വസ്തുതവച്ച് അംഗീകരിക്കുന്നതായി മനസ്സിലാക്കാൻ കഴിയുകയില്ല. ബഹുമാനപ്പെട്ട ബാലകൃഷ്ണപിള്ള സാറിനെ ഞാൻ നിയമം പഠിപ്പിക്കേണ്ട കാര്യമില്ല. പക്ഷേ വസ്തുതകളാണ് ഈ സഭയുടെ മുമ്പിലുള്ളത്. വസ്തുതകൾ അനുസരിച്ച് പ്രതിപക്ഷ നേതാവിനെ അംഗീകരിക്കുന്നതായി ഇവിടെ കാണാൻ കഴിയുകയില്ല.

ശ്രീ. ടി. എം. ജേക്കബ് : സർ, ഈ സഭയിലെ നടപടിക്രമങ്ങൾ അങ്ങയ്ക്കും എനിക്കും നന്നായിട്ട് അറിയാം. ഈ സഭയുടെ നടപടിക്രമങ്ങൾ ലംഘിച്ചുകൊണ്ട് പോകാൻ ആഗ്രഹിക്കുന്നില്ല. സഭാദ്ധ്യക്ഷൻ എന്ന നിലയിൽ അങ്ങയുടെ റൂളിംഗിനെ മാനിക്കുകയാണ്. ഈ സഭയിൽ പഴയ സംഭവങ്ങൾ വിസ്മരിക്കരുതല്ലോ. ഇതിനുമുമ്പും കേരള നിയമസഭയിൽ പ്രതിപക്ഷത്ത് ഒരു ബ്ലോക്കായിരുന്ന ആളുകളുണ്ട്. ഒറ്റയ്ക്ക് പ്രതിപക്ഷമായിരുന്ന ആളുകളുണ്ട്. അവർ ഇറങ്ങിപ്പോകുമ്പോൾ പങ്കെടുക്കാതിരുന്ന പ്രതിപക്ഷമുണ്ട്. ഇതൊക്കെ ഈ സഭയുടെ കഴിഞ്ഞകാല ചരിത്രം പരിശോധിച്ചാൽ കാണാൻകഴിയും. പിന്നെ ഞങ്ങൾ ഇടതുപക്ഷജനാധിപത്യ മുന്നണിയുടെ ഘടകകക്ഷിയല്ല. ഞങ്ങൾ ഐക്യജനാധിപത്യമുന്നണിയുടെ നിഷേധാത്മകമായ നിലപാടിൽ പ്രതിഷേധിച്ച് ആ മുന്നണിവിട്ട് പ്രതിപക്ഷത്തേയ്ക്ക് മാറിയവരാണ്. അങ്ങേയ്ക്ക് എഴുതിത്തന്നിട്ട് പ്രതിപക്ഷത്തിരിക്കുന്ന കക്ഷികളാണ്. ഞങ്ങൾക്ക് ഞങ്ങളുടെ അഭിപ്രായം പറയാൻ

LIBRARY ARCHIVES Kerala Legislative Assembly

അവകാശമുണ്ട്. ഞാൻ ഇന്നലെ അമന്റുമെന്റ് കൊടുത്തതാണ്. മുപ്പത്തിയഞ്ചാമത്തെ നമ്പറായിട്ട് പ്രിന്റ് ചെയ്ത് ബുള്ളറ്റിൻ സർക്കുലേറ്റ് ചെയ്തതിനകത്ത് എന്റെ പേരുണ്ട്. എന്റെ ആ റൈറ്റ് കിട്ടണമെന്നേ ഞാൻ പറഞ്ഞുള്ളൂ. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പറയുന്നതുപോലെ അവർ ഇറങ്ങി പോയാൽ കൂടെ ഇറങ്ങിപ്പോകണമെന്നില്ല. ചിലപ്പോൾ ഞങ്ങൾ പോയെന്നുവരും, ചിലപ്പോൾ പോയില്ലെന്നും വരും. അതൊക്കെ അറിഞ്ഞുകൊണ്ടുവേണം പാർലമെന്ററി അഫയേഴ്സ് മിനിസ്റ്റർ സംസാരിക്കാൻ. സഭാ നേതാവ്, പ്രതിപക്ഷ നേതാവ് ഇവരൊക്കെ സഭയുടെ അവിഭാജ്യഘടകങ്ങളാണ്. അവരെയൊക്കെ സഭ അംഗീകരിച്ചിരിക്കുന്നതാണ്. ആർക്ക് ആരെ അംഗീകരിച്ചില്ലെന്നു പറയാൻ പറ്റുമോ; പറ്റില്ലല്ലോ. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഇവിടെ പറഞ്ഞിട്ട് പോയത് എന്താണ്? ഞങ്ങൾ ഇടതുപക്ഷജനാധിപത്യ മുന്നണിയിലെ പ്രതിപക്ഷാംഗങ്ങൾ ഇറങ്ങിപ്പോകുന്നു എന്നാണ് പറഞ്ഞത്. ഞങ്ങൾ അതിൽ അംഗങ്ങളല്ല. ..... (ബഹളം) .....

മി. സ്പീക്കർ : ദയവ് ചെയ്ത് ഒരു കാര്യം, ഇതിനെ സംബന്ധിച്ച് ആവശ്യത്തിലധികം സംസാരങ്ങളായി. ലെജിസ്ലേഷൻ നടക്കണം. ഇന്ന് ഏതാണ്ട് കൃത്യസമയത്ത് കാര്യങ്ങൾ അവതരിപ്പിക്കണം. ദയവ് ചെയ്ത് എല്ലാവരും സഹകരിക്കുക. ശ്രീ. ടി. എം. ജേക്കബ് ഇന്ന് കോവളം കൊട്ടാരം (വീണ്ടെടുക്കൽ വഴി ഏറ്റെടുക്കൽ) ബില്ലിനെക്കുറിച്ച് സംസാരിക്കട്ടെ.

ശ്രീ. ടി. എം. ജേക്കബ് : അത് നിയമസഭയിൽ വേണ്ടതല്ലേ? നിയമനിർമ്മാണ നടപടിയിൽ ഇപ്പോൾ പറഞ്ഞു. ഇപ്പോൾ ഇവിടെയിരുന്നു ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞു, ഓർഡിനൻസ് നിരാകരിക്കാനുള്ള പ്രമേയം കൊടുക്കാൻ പ്രതിപക്ഷത്തിനെ സാധിക്കുകയുള്ളൂ.

മി. സ്പീക്കർ : അങ്ങ് സംസാരിക്കൂ.

ശ്രീ. ടി. എം. ജേക്കബ് : അത് എന്താണ് അവർ മനസ്സിലാക്കാത്തത്?

മി. സ്പീക്കർ : വ്യക്തിപരമാവാതെ അങ്ങ് സംസാരിക്കുക.

ശ്രീ. ടി. എം. ജേക്കബ് : അങ്ങനെ പറഞ്ഞു. അങ്ങനെ പറയാൻ പാടില്ലല്ലോ? അങ്ങനെയാണെങ്കിൽ ഇത് പൊതുജനാഭിപ്രായം ആരായാൻ പ്രമേയം അവതരിപ്പിക്കുന്നുണ്ട്. ഇതിവിടെ ചർച്ചയ്ക്ക് വന്നിട്ടല്ലേ അവതരിപ്പിക്കുന്നത്? നമുക്ക് എല്ലാവർക്കും അതറിയാമല്ലോ?

മി. സ്പീക്കർ : അങ്ങയ്ക്ക് സംസാരിക്കാൻ അവസരം തന്നു. അങ്ങ് സംസാരിക്കുന്നെങ്കിൽ സംസാരിക്കുക.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എം. ജേക്കബ് : സർ, ഞാൻ സംസാരിക്കുകയാണ്. അതിനിടയ്ക്ക് കയറി ഇങ്ങനെ ഇടപെടരുത്.

മി. സ്പീക്കർ : അതൊക്കെ സ്വയം ഓരോരുത്തർ ചിന്തിക്കേണ്ടതാണ്.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ – ശ്രീ. പി. ജെ. ജോയി]

ശ്രീ. ടി. എം. ജേക്കബ് : സർ, ഇന്നിവിടെ കൊണ്ടുവന്നിരിക്കുന്ന ഓർഡിനൻസിന് പകരമുള്ള കോവളം കൊട്ടാരം (വീണ്ടെടുക്കൽ വഴി ഏറ്റെടുക്കൽ) ബില്ലിനോട് ഞങ്ങൾക്ക് വിയോജിപ്പില്ല. ഈ കോവളം കൊട്ടാരത്തെ സംബന്ധിച്ച് സംസ്ഥാനത്ത് ഉയർന്നുവന്ന തർക്കത്തിന് പരിഹാരമുണ്ടാക്കാനുള്ള ശ്രമത്തിലാണ് നമ്മൾ പങ്കാളികളായിരിക്കുന്നത്. മന്ത്രി സംസാരിച്ചപ്പോൾ ഞാൻ ഒരു ചോദ്യം ചോദിച്ചു. ഇതു സംബന്ധിച്ച് ഇറക്കിയിരിക്കുന്ന ഈ ഓർഡിനൻസിനെ ചോദ്യം ചെയ്തുകൊണ്ട് കോടതിയിൽ വന്നിരിക്കുന്ന പരാതി അല്ലെങ്കിൽ പെറ്റീഷൻ അതിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന്. കോടതിയുടെ പരിഗണനയിൽ ഇരിക്കുകയാണെന്നു പറഞ്ഞു. ഓർഡിനൻസ് അന്നത്തെ പ്രത്യേക സാഹചര്യത്തിൽ ഇറക്കേണ്ടിവന്നു. അതിന് പകരം നമ്മൾ അത് നിയമമാക്കി മാറ്റുകയാണ്. സഭയിൽ ബില്ലുകൊണ്ടുവന്നു. ഇനി അത് ആക്ടാകാൻ പോവുകയാണ്. അങ്ങനെ ആക്ടാകുമ്പോൾ കോടതിയുടെ പരിഗണനയിലിരിക്കുന്ന കേസിന് സഹായകരമായ നിലയിൽ നമ്മൾ ഉദ്ദേശിക്കുന്ന ഉദ്ദേശ്യ ലക്ഷ്യത്തിലേയ്ക്ക് എത്തിച്ചേരാൻ പര്യാപ്തമായ നിലയിൽ ഈ നിയമത്തിന് ചില മാറ്റങ്ങൾ അനിവാര്യമായിട്ടുണ്ട്. കോവളം കൊട്ടാരം എന്നു പറയുന്നത് ചരിത്ര രേഖകളിൽ ഹാൽസിയോൺ കൊട്ടാരമാണ്. ഗ്രീക്ക് ഭാഷയിൽ ഹാൽസിയോൺ നീലപൊൻമാനിനെപ്പോലെ മനോഹരമായ ഒരു പക്ഷിയാണ്. ഉത്തരായന കാലത്ത് കടലിൽ ഒഴുകി നടക്കുന്ന ഒരു കൂട്ടിൽ മുട്ടയിടുന്ന പക്ഷിക്ക് തിരമാലകളെ വശീകരിച്ച് കടലിനെ ശാന്തമാക്കാൻ കഴിവുണ്ടെന്നാണ് വിശ്വാസം. സ്വസ്ഥവും ശാന്തമായതും എന്ന അർത്ഥത്തിലാണ് 1931-ൽ തിരുവിതാംകൂർ റീജന്റ് റാണിയായിരുന്ന സേതുലക്ഷ്മിഭായി നിർമ്മിച്ച കോവളം കൊട്ടാരത്തിന് ആ പേർ കിട്ടിയത്. ചരിത്രപരമായിട്ടുള്ള ഒരു വലിയ പ്രസക്തി അതിനകത്തുണ്ട്. 2002 ജൂലൈയിൽ നടന്ന ഒരു കൈമാറ്റമാണ്. ഈ ഹാൽസിയോൺ കൊട്ടാരത്തെ ഇന്നത്തെ ഈ സ്ഥിതിയിൽ കൊണ്ടുചെന്നു എത്തിച്ചത്. സംസ്ഥാന ഗവൺമെന്റിന്റെ കൈവശമിരുന്ന ഭൂമിയാണ്. ഇതു സംബന്ധമായിട്ടുള്ള പ്രാരംഭ രേഖകൾ ക്യാബിനറ്റിൽ വന്ന അവസരത്തിൽ കാണാനിടയായ ആളാണ് ഞാൻ. അന്ന് പ്രാരംഭ രേഖകളിൽത്തന്നെ ഗവൺമെന്റിന് ചില വീഴ്ചകൾ പറ്റിയെന്നു അവിടെ ചൂണ്ടിക്കാണിക്കപ്പെട്ടു. അത് വീണ്ടും പരിശോധനാവിധേയമാക്കണമെന്നു പറഞ്ഞു. 2002 ജൂലൈ മാസത്തിൽ കേന്ദ്ര ഗവൺമെന്റ് ശ്രീ. അരുൺഷൂറിയുടെ ഓഹരി വിറ്റഴിക്കൽ പ്രക്രിയയിൽ വളരെ ചുളുവിലയ്ക്ക് ഇത് വേറൊരു ബിസിനസ് ഗ്രൂപ്പിന്,

LIBRARY ARCHIVES Kerala Legislative Assembly

എംഫാർ ഗ്രൂപ്പിന് ഈ കോവളം കൊട്ടാരം അടക്കമുള്ള ഹോട്ടൽ സമുച്ചയം കൈമാറി. ഐ.ടി.ഡി.സി.-ക്കാണ് ആദ്യം സംസ്ഥാന ഗവൺമെന്റ് കൊടുത്തത്. ഐ.ടി.ഡി.സി. എന്നു പറയുന്നത് കേന്ദ്ര ഗവൺമെന്റിന്റെ ഒരു സ്ഥാപന മാണ്. ഐ.ടി.ഡി.സി.-ക്ക് ധാരാളം ഹോട്ടലുകൾ ഇന്ത്യയുടെ പല ഭാഗത്തായിട്ടുണ്ട്. അതിൽ കേരളത്തിൽ ഉണ്ടായിരുന്ന ഐ.ടി.ഡി.സി. ഹോട്ടൽ ഏറ്റവും മനോഹരമായ സ്ഥലത്താണ് സ്ഥിതി ചെയ്യുന്നത്. അന്ന് ഐ.ടി.ഡി.സി. ഹോട്ടൽ സ്ഥാപിക്കപ്പെട്ട അവസരത്തിലാണ് ഈ ഹാൽസിയോൺ കൊട്ടാരം ഗവൺമെന്റ് അറിഞ്ഞ് അതിന്റെ ഒരു ഭാഗമാക്കിക്കൊടുത്തത്. അത് യഥാർത്ഥത്തിൽ വിറ്റഴിക്കുകയോ അല്ലെങ്കിൽ ഔദ്യോഗിക തലത്തിൽ നമ്മുടെ പൂർണ്ണമായിട്ടുള്ള അവകാശം അവർക്ക് വിട്ടുകൊടുക്കുകയോ ചെയ്തിട്ടില്ല എന്ന് ഗവൺമെന്റിന്റെ ഫയലുകൾ പരിശോധിച്ചാൽ നമുക്ക് മനസ്സിലാക്കാൻ കഴിയും. അതിനുശേഷം ഗവൺമെന്റ് മാറി ബി.ജെ.പി. ഗവൺമെന്റ് കേന്ദ്രത്തിൽ വന്നപ്പോൾ അവർ ഈ പൊതുമേഖലാസ്ഥാപനങ്ങൾ വിറ്റഴിക്കാനുള്ള നിലപാട് സ്വീകരിച്ചു. ആ നിലപാടിന്റെ ഭാഗമായിട്ടാണ് ഈ കോവളം കൊട്ടാരം കൂടി, ഐ.ടി.ഡി.സി. ഹോട്ടൽ വാങ്ങിയ എംഫാർ ഗ്രൂപ്പിന് കൈമാറിയത്. അന്നുതന്നെ ഇതേക്കുറിച്ചുള്ള ആക്ഷേപങ്ങൾ വന്നിരുന്നു. എനിക്കത് വ്യക്തമായിട്ട് അറിയാം. കൊട്ടാരം സംസ്ഥാന ഗവൺമെന്റിന്റെ ഗസ്റ്റ് ഹൗസായിട്ട് നമ്മൾ ഉപയോഗിച്ചിട്ടുണ്ട്. 1980-82 കാലയളവിൽ അന്ന് മന്ത്രിയായിരുന്ന ഞാനുൾപ്പെടെയുള്ള ആളുകൾ അതിനകത്തു പോയി അവിടെയിരുന്നു ഫയലുകൾ നോക്കിയത് ഞാൻ ഓർക്കുന്നു. അത് ഇവിടെ ഇരിക്കുന്ന പലർക്കും അറിയാം. നമ്മുടെ കൈവശം ഒരു ഗസ്റ്റ് ഹൗസായിട്ട് ഇരുന്നതാണ് നമ്മൾ വില്ക്കാതെ ഐ.ടി.ഡി.സി.-ക്ക് കൊടുത്തത്. ഐ.ടി.ഡി.സി.-ക്ക് കൊടുക്കുമ്പോൾ ഉണ്ടായിരുന്ന സദുദ്ദേശം മറികടന്നാണ് അത് നേരെ എംഫാർ ഗ്രൂപ്പിന് വിറ്റഴിച്ചത്. ബോംബെയിലെ സെൻട്രൂർ ഹോട്ടൽ ആദ്യം വാങ്ങിയ ആളുകൾ തിരിച്ച് വിറ്റപ്പോൾ, വാങ്ങിച്ച് ഒരു മാസം കഴിഞ്ഞ് മറിച്ചു വിറ്റയാളിന് മുപ്പത്തിയഞ്ചു കോടി രൂപയാണ് ലാഭം കിട്ടിയത്. ഇപ്പോൾ ഞാൻ മനസ്സിലാക്കുന്നിടത്തോളം ഈ ഹോട്ടൽ കേസ് നില്ക്കുകയല്ലേ? എംഫാർ ഗ്രൂപ്പ് അതിപ്പോൾ ലീലാ കൃഷ്ണൻനായർക്ക് കൊടുക്കുവാനുള്ള കരാറിലേക്ക് എത്തിയിരിക്കുകയാണ്. ആ ഹോട്ടൽ വീണ്ടും കൈമാറ്റം ചെയ്യപ്പെടാൻ പോകുന്നു. ഹോട്ടൽ വില്ക്കട്ടെ, അതു നമുക്ക് പ്രശ്നമില്ല.

ശ്രീ. എം. വി. ജയരാജൻ: അങ്ങ് പറഞ്ഞതുപോലെ 400 കോടി രൂപ വിലവരുന്നതാണ് ഈ ഹോട്ടൽ സമുച്ചയവും അതിന്റെ സ്ഥലവും, കൊട്ടാരം ഉൾപ്പെടെ. അതാണ് 43 കോടി രൂപ ലാഭത്തിനു വിറ്റത്. യഥാർത്ഥത്തിൽ കൈക്കൂലി വാങ്ങിയവരുടെ ഗണത്തിൽപ്പെടുത്താവുന്ന ശ്രീ. ഒ. രാജഗോപാൽ, ശ്രീ. വി. എസ്. ശിവകുമാർ, ശ്രീ. അരുൺ ഷൂരി എന്നിവരുടെയെല്ലാം പേരുകൾ

LIBRARY ARCHIVES Kerala Legislative Assembly

പരസ്യമായി പുറത്തു വന്നിട്ടുണ്ട്; അന്വേഷണം നടക്കുകയാണ്. അതാണ് ഇപ്പോൾ ലീലാ കൃഷ്ണൻനായർക്ക് 124 കോടി രൂപയ്ക്ക് വില്ക്കുന്നതെന്ന് മനസ്സിലായോ? അത് അങ്ങേയ്ക്ക് അറിയാമോ? അങ്ങനെ വന്നാലും ഇതിനകത്ത് ലാഭം കിട്ടുകയാണ്.

ശ്രീ. ടി. എം. ജേക്കബ്: ഞാൻ പറഞ്ഞല്ലോ? ഇനി ഇപ്പോൾ എത്ര കോട് രൂപയ്ക്കാണ് അവരുടെ ട്രാൻസാക്ഷൻ എന്ന് എനിക്ക് അറിഞ്ഞുകൂടാ. ഇതിനകത്ത് ആരൊക്കെ എന്തൊക്കെ ചെയ്തുവെന്നും വ്യക്തമായി എന്റെ കയ്യിൽ തെളിവുകളില്ല. ശ്രീ. ജയരാജനു കിട്ടിയ അറിവിന്റെ അടിസ്ഥാനത്തിലായിരിക്കും അദ്ദേഹം ഈ പരാമർശം ഇവിടെ നടത്തിയത്.

ശ്രീ. എം. എം. ഹസ്സൻ: എംഫാർ, മുഹമ്മദ് അലി എന്ന വ്യക്തി ഇതു വാങ്ങിയ കാലത്ത് അന്ന് സി.ഐ.ടി.യു. പോലെയുള്ള ചില ട്രേഡ് യൂണിയനുകൾ ഇതിനെതിരായി പ്രതിഷേധം പ്രകടിപ്പിക്കുകയുണ്ടായി. മാർക്സിസ്റ്റു പാർട്ടിയുടെ തിരുവനന്തപുരം ജില്ലാ കമ്മിറ്റി വമ്പിച്ച ഒരു തുക അദ്ദേഹത്തോട് സംഭാവന ചോദിച്ചത് കൊടുക്കാത്തതിന്റെ പേരിലാണ് പ്രതിപക്ഷ നേതാവ് അച്ചുതാനന്ദൻ അവിടെ പോയി ബഹളമുണ്ടാക്കിയത് എന്ന ഒരു ആക്ഷേപം ഉണ്ടായിരുന്നു. അത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. ടി. എം. ജേക്കബ്: നമുക്ക് ഈ ബില്ലിന്റെ നല്ല സ്പിരിറ്റിലേയ്ക്കുള്ള ചർച്ചയിൽ പോകാം. അതല്ലേ നല്ലത് ?

മി. ചെയർമാൻ: അദ്ദേഹം വഴങ്ങുകയാണെങ്കിൽ ചോദ്യം ചോദിക്കാം.

ശ്രീ. ടി. എം. ജേക്കബ്: ഇനി വേണ്ട. ചോദ്യങ്ങളൊന്നും നല്ല ദിശയിലേയ്ക്കല്ല പോകുന്നത്. ഇവിടെ എന്താണെങ്കിലും ഒരു കാര്യം വളരെ വ്യക്തമാണല്ലോ? കോവളം ഹോട്ടൽ ഇരിക്കുന്ന സ്ഥലം എത്ര മനോഹരമാണ്. അങ്ങനെയുള്ള ഒരു സ്ഥാപനം നമ്മുടെ കൈയിൽനിന്ന് വിട്ടു പോയി. ഇതിനിടയിൽ കെ.ടി.ഡി.സി.യുടെ പുതിയ ചെയർമാൻ, അദ്ദേഹം പറഞ്ഞു, ഞങ്ങൾ ഈ കൊട്ടാരം അല്ലെങ്കിൽ ഹോട്ടൽ വാങ്ങാൻ പോകുകയാണെന്ന്. മന്ത്രി അത് നിഷേധിച്ച ഒരു പ്രസ്താവന പിറ്റേ ദിവസം ഇറക്കിയതായിട്ട് ഞാൻ പത്രത്തിൽ വായിച്ചു. എടുക്കുമെങ്കിൽ കെ.ടി.ഡി.സി. അത് എടുക്കുക. വളരെ നല്ല കാര്യമാണ്. നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം കെ.ടി.ഡി.സി.ക്ക് വേറെ ഒരു ഹോട്ടൽ കോവളത്തുണ്ട്. എങ്കിലും ഈ ഹോട്ടൽ നല്ല നിലയിൽ ഡെവലപ് ചെയ്ത് എടുക്കുകയും നന്നായി നടത്തുകയും ചെയ്താൽ നല്ലതാണ്. ഇപ്പോൾ മസ്കറ്റ് ഹോട്ടൽ കെ.ടി.ഡി.സി. നടത്തുകയാണ്. പുതിയ ബിൽഡിംഗും അതിന്റെ പുതിയ

LIBRARY ARCHIVES Kerala Legislative Assembly

സൗകര്യങ്ങളും വളരെയേറെ ആളുകളെ ആകർഷിക്കുന്നുണ്ട്. പറമ്പിക്കുളം ആളിയാർ പ്രോജക്ടിന്റെ ആദ്യത്തെ ചർച്ച ട്രിവാൻഡ്രത്തുവച്ച് നടന്നത് മസ്കറ്റ് ഹോട്ടലിൽ ആണ്. അന്ന് തമിഴ്നാട്ടിൽനിന്നും വന്ന മന്ത്രിമാരും ചീഫ് സെക്രട്ടറി അടക്കമുള്ള ആളുകളും ഇത്രയും മനോഹരമായ ഒരു സ്ഥാപനം ഒരു ഗവൺമെന്റ് നടത്തുന്നു എന്നു കേട്ടാൽ അതിശയിച്ചു പോകുമെന്നാണ് എന്നോടു പറഞ്ഞത്.

ഊർജ്ജ വകുപ്പുമന്ത്രി *(ശ്രീ. ആര്യാടൻ മുഹമ്മദ്)*: കൽക്കട്ട പോലെ ഇന്ത്യയിലെ ഒരു ഒന്നാംകിട പട്ടണത്തിൽപ്പോലും ഗവൺമെന്റിന്റെ ആഭിമുഖ്യത്തിലുള്ള ഗ്രേറ്റ് ഈസ്റ്റേൺ ഹോട്ടൽ ലാഭകരമായി നടത്താൻ കഴിയില്ല എന്നു ബോദ്ധ്യംവന്ന് ബുദ്ധദേവ ഭട്ടാചാര്യയുടെ ഗവൺമെന്റ് അത് സഹകാര്യ മേഖലയ്ക്ക് കൈമാറുന്ന ഈ സന്ദർഭത്തിൽ ഇത് കെ.ടി.ഡി.സി.ക്ക് ലാഭകരമായി നടത്താൻ കഴിയുമെന്ന് അങ്ങ് വിശ്വസിക്കുന്നുണ്ടോ?

ശ്രീ. ടി. എം. ജേക്കബ്: ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദ് കുറച്ചു കാര്യം മറച്ചുവച്ചു. ഈ ഗ്രേറ്റ് ഈസ്റ്റേൺ ഹോട്ടൽ അവിടെ ചെല്ലുന്ന അതിഥികൾക്ക്, ഗസ്റ്റായി ചെല്ലുന്നവർക്ക് താമസിക്കുവാനുള്ള ഗസ്റ്റ് ഹൗസായിട്ടു കൂടി ഉപയോഗിച്ചിട്ടുണ്ട്. ഞാൻ മന്ത്രി എന്നുള്ള നിലയിൽ പല പ്രാവശ്യം കൽക്കട്ടയിൽ പോയിട്ടുണ്ട്. ഞാൻ ചെന്ന സന്ദർഭത്തിലെല്ലാം എന്നെ ഗ്രേറ്റ് ഈസ്റ്റേൺ ഹോട്ടലിലാണ് താമസിപ്പിച്ചത്. ഗവൺമെന്റ് ഗസ്റ്റ് ഹൗസിന്റെ രൂപത്തിലാണ് നമുക്കു ഫെസിലിറ്റീസ് തരുന്നത്. ആ ഹോട്ടലിലാണ് എന്നെ കൊണ്ടുപോയി താമസിപ്പിച്ചത്.

ഊർജ്ജ വകുപ്പുമന്ത്രി *(ശ്രീ. ആര്യാടൻ മുഹമ്മദ്)*: ഇവിടെ ഈ ഗസ്റ്റ് ഹൗസ് വരുന്നതിനു മുമ്പ് ഏത് ഗസ്റ്റുകൾ വന്നാലും മസ്കറ്റ് ഹോട്ടലിൽ താമസിപ്പിക്കാറുണ്ടായിരുന്നു. അത് സ്റ്റേറ്റ് ഗവൺമെന്റ് പേ ചെയ്തുകൊണ്ടാണ് അങ്ങനെ ചെയ്തിരുന്നത്. അതുപോലെയാണ് അവിടെ അങ്ങനെ കൊണ്ടുപോയി താമസിപ്പിച്ചത്. ഞാൻ ആ ഹോട്ടലിൽ താമസിച്ചിട്ടുണ്ട്. ഞാൻ മന്ത്രിയായിട്ടല്ല താമസിച്ചത്. ശ്രീമാൻ എ. കെ. ആന്റണിയും ഞാനും ഒന്നിച്ച് താമസിച്ചിട്ടുണ്ട്. ഞങ്ങൾ ബില്ലും കൊടുത്തിട്ടുണ്ട്. അത് ഹോട്ടലാണ്.

ശ്രീ. ടി. എം. ജേക്കബ്: ഗ്രേറ്റ് ഈസ്റ്റേൺ ഹോട്ടൽ ഇരിക്കുന്നത് കൽക്കട്ട പട്ടണത്തിന്റെ നടുക്കാണ്. ഭംഗിയായിട്ട് ഒരു ഹോട്ടൽ നടത്തിക്കൊണ്ടു പോകണമെങ്കിൽ അതിനു ലാഭം വേണമല്ലോ? അതിന്റെ മെയിന്റനൻസും കാര്യങ്ങളും നടത്തണം. പ്രോപ്പറായിട്ട് ഒരു ഫൈവ് സ്റ്റാർ ഹോട്ടൽ നടത്തണമെങ്കിൽ അതിനു കുറച്ചു ചെലവുകളുണ്ട്. ആ ഹോട്ടലിൽ ഉണ്ടാകുന്ന എക്സ്പെൻസ് മീറ്റ് ചെയ്യാൻ

LIBRARY ARCHIVES Kerala Legislative Assembly

കഴിയത്തക്ക രൂപത്തിൽ റെന്റും, റെന്റു മാത്രം വാങ്ങിയാൽ പോരാ സർവ്വീസും നന്നാകണം. ഹോട്ടലിൽ പൈസ മുടക്കി താമസിക്കുന്നവന് നല്ല സർവ്വീസ് കിട്ടിയില്ലെങ്കിൽ ആരെങ്കിലും ആ ഹോട്ടലിൽ പോകുമോ? വേറെ ഹോട്ടൽ തേടിപ്പോകും.

ഊർജ്ജ വകുപ്പുമന്ത്രി *(ശ്രീ. ആര്യാടൻ മുഹമ്മദ്)*: അതിന്റെ പേരു തന്നെ ഗ്രേറ്റ് ഈസ്റ്റേൺ ഹോട്ടൽ എന്നാണ്. അങ്ങ് അല്ലാതെ വേറെയാരും ഇങ്ങനെയൊരു വാദം പറയുകയില്ല.

ശ്രീ. ടി. എം. ജേക്കബ്: ഇല്ല, മിസ്റ്റർ ആര്യാടൻ മുഹമ്മദ്. ഞാൻ പറയട്ടെ, ഗ്രേറ്റ് ഈസ്റ്റേൺ കമ്പനി അവിടെ കളക്ടറേറ്റിൽ ബിസിനസ് സാമ്രാജ്യം സ്ഥാപിച്ച കാലം മുതലുള്ള ഒരു ബന്ധം അവിടെയുണ്ട്. അതുകൊണ്ടാണല്ലോ അവിടുത്തെ സെക്രട്ടേറിയറ്റിന് റൈറ്റേഴ്സ് ബിൽഡിംഗ് എന്ന് ഇപ്പോഴും പേരു കിടക്കുന്നത്. ഗവൺമെന്റ് സെക്രട്ടേറിയറ്റ് എന്നല്ല പറയുന്നത്. റൈറ്റേഴ്സ് ബിൽഡിംഗ് എന്നാണ് പറയുന്നത്. റൈറ്റേഴ്സ് ബിൽഡിംഗ് എന്നുവച്ചാൽ എന്താണ്? ബ്രിട്ടീഷുകാരന്റെ കാലത്ത് ഗുമസ്തന്മാർ ഇരുന്നു എഴുതിയിരുന്ന സ്ഥലം. അതുകൊണ്ടാണ് റൈറ്റേഴ്സ് ബിൽഡിംഗ് എന്ന് ഇപ്പോഴും അതിനെ പറയുന്നത്. സെക്രട്ടേറിയറ്റ് എന്നല്ല ഇപ്പോഴും പറയുന്നത്. കളക്ടറേറ്റിന് ചരിത്രപരമായ ഒരു പാരമ്പര്യമുണ്ട്. ഞാൻ പറഞ്ഞുവന്നത് കെ.ടി.ഡി.സി.ക്ക് ഏറ്റെടുത്ത് നടത്താൻ കഴിയുമെങ്കിൽ, നിങ്ങൾ ആലോചിച്ചോ; നിങ്ങളുടെ ഇഷ്ടം. ഞാൻ പറയുന്നു നിങ്ങൾതന്നെ നിയമിച്ചതാണെങ്കിലും ശ്രീ. പന്തളം സുധാകരൻ ആദ്യം ചെയർമാനായിരുന്നില്ല. എന്നാലും അദ്ദേഹത്തിന് ആ സൗഭാഗ്യം കിട്ടി. അദ്ദേഹം കെ.ടി.ഡി.സി. ചെയർമാനായി. ആ കെ.ടി.ഡി.സി. ചെയർമാൻ പത്രക്കാരെ വിളിച്ചുകൂട്ടി നടത്തിയ പത്രസമ്മേളനത്തിലാണ് ഇതു പറഞ്ഞത്. ഇത് ഞങ്ങൾ ഏറ്റെടുക്കുവാൻ പോകുകയാണ്. അപ്പോൾ ഗവൺമെന്റ് നിയമിച്ച ഒരു നോൺ ഒഫീഷ്യൽ ചെയർമാൻ ഇങ്ങനെ പറയുമ്പോൾ അതിനു അതിന്റേതായിട്ടുള്ള ഒരു വാലിഡിറ്റി ഉണ്ടെന്നാണ് ഞാൻ കരുതുന്നത്. എന്താണെങ്കിലും ആ കാര്യത്തെക്കുറിച്ച് ഗവൺമെന്റ് പരിശോധിക്കുക. ഞാൻ അത് വിടുകയാണ്. ഈ കോവളം കൊട്ടാരം ഒരു കാരണവശാലും നമ്മുടെ കയ്യിൽനിന്നും വിട്ടു പോകുവാൻ ഇടവരരുത്. ഇപ്പോൾ ഗവൺമെന്റ് കൊണ്ടുവന്നിരിക്കുന്ന നടപടിക്രമങ്ങൾവച്ചു നോക്കുമ്പോൾ ഈ നിയമത്തിൽ ചില പ്രശ്നങ്ങളൊക്കെയുണ്ട്. ഞാൻ ഇതിന്റെ റൂൾസ് ബഹുമാനപ്പെട്ട മന്ത്രിയോടു ചോദിച്ചു. ഇപ്പോഴാണ് അത് കിട്ടിയത്. ഞാൻ വേറെ രൂപത്തിലൊക്കെ അന്വേഷിച്ചിട്ടും കിട്ടിയില്ല. നിയമസഭയിൽ സബ്ജക്ട് കമ്മിറ്റിക്കുവേണ്ടി ഇവിടെ വന്നിട്ടുമില്ല. എന്തായാലും അതിന്റെ റൂൾസ് പുറത്തു വന്നിട്ടുണ്ട്. വളരെ സംക്ഷിപ്തമായിട്ടാണ് അതിൽ കാര്യങ്ങൾ പ്രതിപാദിച്ചിട്ടുള്ളത്. ഞാൻ അത് ഇപ്പോൾ പെട്ടന്ന് ഓടിച്ചു നോക്കിയതാണ്.

LIBRARY ARCHIVES Kerala Legislative Assembly

വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി *(ശ്രീ. കെ. സി. വേണുഗോപാൽ)* : ജൂൺ 29-നാണ് റൂൾസ് വന്നിരിക്കുന്നത്. അതുകൊണ്ടാണ് നിയമസഭയിൽ വരാത്തത്. അങ്ങോയ്ക്ക് കിട്ടിയില്ല എന്നു പറഞ്ഞതുകൊണ്ടാണ്.

ശ്രീ. ടി. എം. ജേക്കബ് : അത് കുഴപ്പമില്ല. റൂൾസ് ഇറങ്ങിക്കഴിഞ്ഞാൽ പെട്ടെന്ന് നിയമസഭയ്ക്ക് കൊടുക്കാം. താമസിച്ചും കൊടുക്കാം. രണ്ടും കുഴപ്പമില്ല. നേരത്തേ കൊടുത്താൽ സബ്ജക്ട് കമ്മിറ്റിക്കകത്ത് ഒന്നു പരിശോധിക്കാം. അതെല്ലാം ഗവൺമെന്റിനു ചെയ്യാം. ഞാൻ ആ തർക്കത്തിലേയ്ക്ക് കടന്നില്ലല്ലോ? ഞാൻ തർക്കമായി പറയാത്ത കാര്യത്തിന് ശ്രീ. വേണുഗോപാൽ എന്തിനാണ് തർക്കമുണ്ടാക്കുന്നത്? നേരത്തേ ഒന്നു കൊടുത്തേയ്ക്കാമെങ്കിൽ അത്രയും നല്ലത്. സബ്ജക്ട് കമ്മിറ്റിക്ക് തന്നാൽ അവിടെവച്ച് നമുക്ക് ആക്ട് പോലെതന്നെ റൂൾസും പരിശോധിക്കാം. പരിശോധിക്കുമ്പോൾ അവിടെ വരുന്ന കാര്യങ്ങൾ ഉൾക്കൊള്ളാൻ കഴിയുമല്ലോ? ഇതിനാണല്ലോ സബ്ജക്ട് കമ്മിറ്റി സ്ക്രൂട്ടിനി നടത്തണമെന്ന് നിയമസഭാ റൂൾസിൽ എഴുതിവച്ചിരിക്കുന്നത്. ഇതിനകത്ത് നിയമം പരിശോധിക്കുമ്പോൾ കാണാൻ കഴിയുന്ന സംഗതികൾ, ബില്ലും വളരെ താമസിച്ചാണ് പബ്ലിഷ് ചെയ്തത്. ആദ്യം പബ്ലിഷ് ചെയ്ത ബില്ലിന്റെകൂടെ ഇതില്ലായിരുന്നു. പീഠിക്കയിൽത്തന്നെ കോവളം കൊട്ടാരം ഏറ്റെടുക്കേണ്ടതിന്റെ ആവശ്യകതയെ സംബന്ധിച്ചാണ് ഗവൺമെന്റ് പറയുന്നത്. അതിൽ ചില കാര്യങ്ങൾ ഞാനിവിടെ സൂചിപ്പിക്കുകയും ചെയ്തു. ഓർഡിനൻസ് പുറപ്പെടുവിച്ചതു കഴിഞ്ഞ മേയ് മാസം 9-ാം തീയതിയായിരുന്നു. അതനുസരിച്ച് പ്രാബല്യത്തിൽ വന്നിരിക്കുന്ന നിയമമനുസരിച്ച് ഇതിനകത്ത് കോവളം കൊട്ടാരം എടുക്കുന്നതിനെ സംബന്ധിച്ചാണ് മൂന്നാമത്തെ ക്ലോസ്സിൽ പറയുന്നത്. അതിന്റെ താഴെ നാലാമത്തെ ക്ലോസ്സിൽ പറയുന്നത് നിക്ഷിപ്തമാക്കലിന്റെ പൊതുവായ ഫലം. അതിൽ പറയുന്നത് തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിലോ അല്ലെങ്കിൽ ഏതെങ്കിലും കോടതിയുടെ വിധി ന്യായത്തിലോ, ഡിക്രിയിലോ, ഉത്തരവിലോ അല്ലെങ്കിൽ പ്രകടമായതോ വ്യംഗമായതോ ആയ ഏതെങ്കിലും കരാറിലോ മറ്റ് ഏർപ്പാടുകളിലോ ഈ ആക്ടിന്റെ പ്രാരംഭത്തിനു തൊട്ടുമുമ്പ് ചരിത്ര സങ്കേതമായ കോവളം കൊട്ടാരം സംബന്ധിച്ച് എന്തുതന്നെ അടങ്ങിയിരുന്നാലും അവയെല്ലാം അപ്രകാരമുള്ള പ്രാരംഭം മുതൽ അവസാനിച്ചതായി കരുതപ്പെടേണ്ടതാണ്. രണ്ടാമത്തെ സബ്ക്ലോസ്സിൽ പറയുന്നത് ഈ ആക്ടിന്റെ പ്രാബല്യത്തിന് തൊട്ടുമുമ്പ് സർക്കാരിന്റെ അനുവാദത്തോടെയുള്ള കൈവശാവകാശത്തോടെ ചരിത്ര സങ്കേതമായ കോവളം കൊട്ടാരത്തിന്റെ ചുമതലയും അതിന്റെ കാര്യങ്ങൾ നിയന്ത്രിച്ചിരുന്നവരുമായ എല്ലാ വ്യക്തികളും അങ്ങനെയുള്ള പ്രാബല്യം മുതൽ അവരുടെ നിയന്ത്രണത്തിന്റെ ചുമതല ഒഴിഞ്ഞതായി കരുതപ്പെടേണ്ടതാണ്. ഇതുസംബന്ധിച്ച് കുറച്ചുകൂടി വ്യക്തത അതിൽ

LIBRARY ARCHIVES Kerala Legislative Assembly

നമുക്ക് ആവശ്യമായിട്ടുണ്ട്. കാരണം ഇത് 1970-ൽ സർക്കാർ കൈവശം വിട്ടുകൊടുത്ത തീയതി മുതൽ എറ്റെടുത്ത തീയതി വരെയുള്ള ദേഹണ്ഡം ഇതെല്ലാം അതിൽ വരും. സഹകാര്യ ഹോട്ടൽ ഉടമയ്ക്ക് വിട്ടുകൊടുത്ത തീയതിയായ 2002 ജൂലൈ വരെയുള്ളതായ എന്ന് കൃത്യമായി പറയുന്നതായിരിക്കും നല്ലത്. സിംഗിൾ പർപ്പസേ ഇതിൽ ഉള്ളൂ. കോവളം കൊട്ടാരം എന്താണെന്ന് ഡെഫനിഷൻ ക്ലോസ്സിൽ പറയുന്നുണ്ട്. അതിൽ പറയുന്നത് ഇന്ന വില്ലേജിൽ ഇന്ന സർവ്വെയിൽപെടുന്ന ഇത്ര സെന്റ് ഭൂമി എന്നാണ്. അത് മുഴുവൻ ഞാൻ വായിക്കാം. കോവളം കൊട്ടാരം എന്നാൽ തിരുവനന്തപുരം ജില്ലയിൽ നെയ്യാറ്റിൻകര താലൂക്കിൽ വിഴിഞ്ഞം വില്ലേജിൽ സർവ്വെ നമ്പർ 7/1-ലെ ഭൂമിയിൽ തിരുവിതാംകൂർ റീജന്റ് മഹാറാണി സേതു ലക്ഷ്മീഭായി പണികഴിപ്പിച്ച ഹാൽസിയോൺ കാസിൽ എന്നപേരിൽ അറിയപ്പെടുന്ന കോവളം കൊട്ടാരവും അതിന് ചുറ്റുമുള്ള കെട്ടിടങ്ങളും 4.13.30 ഹെക്ടർ അളവുള്ള ഭൂമിയും ആകുന്നു. സ്പെസിഫിക്കായി പറഞ്ഞിട്ടുണ്ട്. അപ്പോൾ ഇതിനകത്ത് ഡേറ്റ് കൂടി പറയുന്നതായിരിക്കും നിയമപരമായി നമുക്ക് കുറച്ചുകൂടി നല്ലത്. അഞ്ചാമത്തേതിൽ ദേഹണ്ഡങ്ങൾക്ക് നഷ്ട പരിഹാരം നൽകുന്നതിന് പാലിക്കേണ്ട തത്വങ്ങൾ, അതുപോലെ നഷ്ടപരിഹാരം നൽകാൻ വേണ്ടി അസ്സസ്മെന്റ് നടത്താൻ ചുമതലപ്പെടുത്തുന്ന ഒരു ആൾ കമ്മീഷണർ. അത് ക്ലോസ്സ് 6-ലാണ് പറയുന്നത്. കളക്ടറുടെ റാങ്കിൽ കുറയാത്ത ആൾ എന്നാണ് പറയുന്നത്. കളക്ടറുടെ റാങ്ക് എന്നുപറയുന്നത് ഡെപ്യൂട്ടി സെക്രട്ടറിയുടെ റാങ്കാണ്. ഡെപ്യൂട്ടി സെക്രട്ടറിയുടെ റാങ്കിൽ വരുന്ന ഒരാളെ കളക്ടറായി വയ്ക്കാം. അതുകൊണ്ട് ഇതിൽ മറ്റ് വിഷയങ്ങൾ ഉൾപ്പെടുത്തുന്നതുകൊണ്ട് കുറച്ചുകൂടി സീനിയറായ ഒരു വ്യക്തിയെ ഗവൺമെന്റ് കമ്മീഷണറായി വയ്ക്കുന്നതാണ് നല്ലതെന്നാണ് എന്റെ അഭിപ്രായം. ഡെപ്യൂട്ടി സെക്രട്ടറി എന്നുള്ളത് വിട്ടിട്ട് ഒന്നുകിൽ ഗവൺമെന്റ് സെക്രട്ടറി തലത്തിൽ കുറച്ച് സീനിയറായിട്ടുള്ള ഒരു ഐ.എ.എസ്. ഓഫീസർ; ഗവൺമെന്റ് ഇപ്പോൾ ആരെയാണ് വച്ചിട്ടുള്ളതെന്ന് എനിക്ക് അറിയില്ല. ഇവിടെ പറയുന്നത് കമ്മീഷണർ എന്നുള്ളത് അഞ്ചാം വകുപ്പ് പ്രകാരം നഷ്ടപരിഹാരം നൽകേണ്ട ആവശ്യത്തിലേക്കായി ജില്ലാ കളക്ടറുടെ പദവിയിൽ കുറയാത്ത എന്നുള്ളതിന് പകരം ഗവൺമെന്റ് സെക്രട്ടറി പദവിയിൽ കുറയാത്ത എന്നുപറയുന്നതായിരിക്കും നല്ലത്. ഒരു വ്യക്തത വരുത്താട്ടെ. സബ്ജക്ട് കമ്മിറ്റിയിൽ ഇത് ആലോചിച്ചാൽ തരക്കേടില്ല. അതിനുശേഷം ഇതിൽ പറയുന്നത് ഈ വകുപ്പ് പ്രകാരം നിയമിച്ചിട്ടുള്ള കമ്മീഷണറേയും ഈ ആക്ട് പ്രകാരം കമ്മീഷണർക്ക് നൽകപ്പെട്ടിട്ടുള്ള അധികാരം വിനിയോഗിക്കുന്നതിന് കമ്മീഷണറെ സഹായിക്കുന്നതിനായി ഉചിതമെന്ന് കരുതുന്ന അങ്ങനെയുള്ള മറ്റ് ആളുകളേയും സർക്കാരിന് നിയമിക്കാവുന്നതാണ്. അതിനെക്കുറിച്ച് റൂൾസിലും ഒന്നും പറയുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ നോക്കി. കോമ്പൻസേഷനെ സംബന്ധിച്ച് നാലിൽ പറയുന്നത് The payment of compensation for improvements. The Commissioner shall observe the following principles in the payment of compensation for any improvements made to the historic site of Kovalam Palace and for the value of any interest, which may have accrued in favour of any person as specified in Section 5 of the Ordinance (a) in respect of any improvement made to the building or the land, the value for such improvement shall be at the rate prevalent at that time ..... അതിൽ മാർക്കറ്റ് വാല്യൂ എന്നുള്ളതിലേക്ക് വരരുത്. അത് കുറച്ചുകൂടി ക്ലിയർ ചെയ്യണം. ഗവൺമെന്റ് നിശ്ചയിക്കുന്ന ഒരു വിലയുണ്ട്. അഞ്ചിൽ പറയുന്നത് അതിനുള്ള റൂൾസാണ്. നഷ്ടപരിഹാരം നൽകുന്നതിന് പാലിക്കേണ്ട തത്വങ്ങൾ: കെട്ടിടത്തിനോ ഭൂമിക്കോ നടത്തിയിട്ടുള്ള ഏതെങ്കിലും ഇമ്പ്രൂവ്മെന്റ് സംബന്ധിച്ച് അതിന്റെ മൂല്യം ആ കാലഘട്ടത്തിൽ നിലവിലുള്ള നിരക്കിലായിരിക്കുന്നതാണ്. എന്നുവച്ചാൽ ഏത് കാലം? ആ കാലം. റിട്രോസ്പെക്ടീവായും പ്രോസ്പെക്ടീവായും റൂൾസ് ഉണ്ടാക്കാമെന്ന് ഇതിൽ പറയുന്നുണ്ട്. ആ കാലം എന്നുപറയുമ്പോൾ രണ്ട് ഉണ്ടല്ലോ; നിശ്ചയിക്കപ്പെട്ടിരിക്കുന്ന ഒരു വിലയുണ്ട്, മാർക്കറ്റ് വിലയുണ്ട്. ഒരിക്കലും ആളുകൾക്ക് മാർക്കറ്റ് വില എന്നുള്ള നിലയിലേക്ക് പോകാനുള്ള അവസരം കിട്ടരുത്. അതുകൊണ്ട് അത് കൃത്യമായി തന്നെ റൂൾസിൽ പറയണം. . ആക്ടിൽ ഇങ്ങനെ കിടന്നാലും മതി. പക്ഷേ റൂൾസിൽ അത് കുറച്ചുകൂടി വ്യക്തമാക്കണമെന്നുള്ളതാണ് എന്റെ അഭിപ്രായം. കെട്ടിടത്തിന്റെ വില പരമാവധി 50 ശതമാനം എന്നതിന് വിധേയമായി വർഷംതോറും 5 ശതമാനം നിരക്കിൽ വിലയിടിവ് കണക്കാക്കാവുന്നതാണ്. ഇവിടെ പറയുന്നത് depreciation at the rate of five per cent per annum subject to a maximum of fifty per cent towards cost of building; അപ്പോൾ 15 ശതമാനം കുറച്ച് ഡിപ്രീസിയേഷൻ എന്നുപറയാൻ പറ്റില്ല. ആക്ടിൽ പറഞ്ഞിരിക്കുന്നത് ഉചിതമായി എന്നു കരുതുന്ന കെട്ടിടത്തിന്റെ വില കണക്കാക്കുന്നതിൽ, വില പരമാവധി 50 ശതമാനം എന്നതിന് തുല്യമായി വർഷംതോറും 5 ശതമാനം നിരക്കിൽ എന്നുപറഞ്ഞിട്ട് ഇവിടെ പറയുന്നു Depreciation at the rate of five per cent per annum subject to a maximum of fifty per cent towards cost of building. അത് വേണ്ട. 5% p.a. മാക്സിമം പറയേണ്ട. മിനിമം പറഞ്ഞാൽ അവർ സഹിക്കും. മാക്സിമം പറഞ്ഞാൽ പിന്നെ നിങ്ങൾക്ക് പുറത്തുപോകാൻ പറ്റില്ല. അതുകൊണ്ട് ആക്ടിൽ പറഞ്ഞിരിക്കുന്നതാണ് നല്ലത്. റൂൾസിൽ വന്നപ്പോൾ അതിന് കുറച്ച് മാറ്റം വന്നിട്ടുണ്ട്. റൂൾസിൽ അതൊന്ന് പരിഹരിക്കണം. അതുപോലെ തന്നെ കോമ്പൻസേഷനെ സംബന്ധിച്ചിടത്തോളം ഇപ്പോൾ നമുക്കറിയാം കോവളം കൊട്ടാരത്തിൽ കുറച്ചൊക്കെ മോഡിഫിക്കേഷൻസ് വരുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഡോ. എ. നീലലോഹിതദാസൻ നാടാർ : സർ, ഒരു മോഡിഫിക്കേഷനും വരുത്തിയിട്ടില്ല. ഹോട്ടൽ ഗ്രൂപ്പ് വാങ്ങിയശേഷം അവിടെ ഒരു മോഡിഫിക്കേഷനും വരുത്തിയിട്ടില്ല. പിന്നെ കേന്ദ്രഗവൺമെന്റിന്റെയും ഐ.ടി.ഡി.സി.യുടെയും കാവത്ത് എന്തെങ്കിലും വരുത്തിയിട്ടുണ്ടോ എന്നുള്ളത് സംബന്ധിച്ച് ഒരു രേഖയും ഇല്ല. കോമ്പൻസേഷന്റെ പ്രശ്നമേ ഉദിക്കുന്നില്ല. ആവശ്യമില്ലാത്ത ഒരു കാര്യത്തിനുവേണ്ടി വകുപ്പ് കൊണ്ടുവരികയാണ്. അതിനെ മുഖവിലയ്ക്കെടുത്തുകൊണ്ട് ശ്രീ. ടി. എം. ജേക്കബ് സംസാരിക്കരുത്.

ശ്രീ. ടി. എം. ജേക്കബ് : അതിൽ ഗവൺമെന്റ് കൊണ്ടുവന്നതിനെ ഞാൻ അംഗീകരിക്കുകയാണ്. നമ്മൾ അത് ഏറ്റെടുക്കാൻ പോകുന്നു, അപ്പോൾ നിയമം നിർമ്മിക്കുമ്പോൾ കോമ്പൻസേഷൻ എന്നുള്ള ഒരു പ്രൊവിഷൻ വച്ചില്ലെങ്കിൽ കോടതി സ്വാഭാവികമായും പറയും ഇത് സാമാന്യമായ നീതിക്ക് നിരക്കാത്തതാണെന്ന്. കോമ്പൻസേഷന് പ്രൊവിഷൻ വയ്ക്കണം. പക്ഷേ ആ കോമ്പൻസേഷൻ ഗവൺമെന്റിന്റെ പണം തട്ടിക്കൊണ്ടുപോകാനുള്ള ഏർപ്പാട് ആകരുത്. അത്രയേയുള്ളൂ. ഈ ഉദ്ദേശത്തോടുകൂടി മാക്സിമം എന്നുള്ള ലിമിറ്റ് റൂൾസിൽ പാടില്ല എന്നുപറയാൻ കാരണം .....

ശ്രീ. എം. വി. ജയരാജൻ : ബഹുമാനപ്പെട്ട ജേക്കബ്, രണ്ട് കാര്യങ്ങളാണ് ഇതിലുള്ളത്. ഒന്ന് മുൻകാല പ്രാബല്യത്തോടുകൂടി 2002 ജൂലൈയിൽ കേന്ദ്രഗവൺമെന്റിൽ നിന്ന് വിലയ്ക്ക് വാങ്ങിയിട്ടുള്ള എംഫാർ ഗ്രൂപ്പിന് 1970 മുതൽ തന്നെ കണക്കാക്കി കൂട്ടി വാങ്ങാവുന്ന ഒരു അപകടം ഇതിലുണ്ട്. രണ്ടാമത്തേത് അങ്ങ് സൂചിപ്പിച്ച മാക്സിമം ലിമിറ്റാണ്. അതുപോലെ തന്നെ ഗൗരവമായ മറ്റൊരു കാര്യമാണ് ഐ.ടി.ഡി.സി-ൽ നിന്ന് വിലയ്ക്കു വാങ്ങിയ ശേഷം എംഫാർ ഗ്രൂപ്പ് അവിടെ ഒന്നും ചെയ്തിട്ടില്ല എന്നുള്ളത്. അതുമാത്രമല്ല 2004 സെപ്റ്റംബർ മാസം എക്സിക്യൂട്ടീവ് ഉത്തരവ് വഴി ഏറ്റെടുത്തതിനുശേഷം അവിടെയുള്ള കുറെ ഫർണിച്ചറുകളും വിലപിടിപ്പുള്ള, ചരിത്ര മൂല്യങ്ങൾ കാത്തുസൂക്ഷിക്കാവുന്ന ഒരുപാട് സാധനങ്ങളും അവിടെ നിന്ന് കടത്തിക്കൊണ്ടു പോവുകയാണ് ചെയ്തത്. അതുകൊണ്ട് ഉടമയെ സഹായിക്കുന്ന വിധത്തിലുള്ള നഷ്ടപരിഹാര വ്യവസ്ഥ പാടില്ല എന്നല്ലേ? നഷ്ടപരിഹാര വ്യവസ്ഥ ഉടമയ്ക്ക് അനുകൂലമാകുന്ന വിധത്തിൽ നിന്ന് മാറ്റണം. അതിൽ ഭേദഗതി വേണം.

ശ്രീ. ടി. എം. ജേക്കബ് : ഞാൻ അതാണ് ആദ്യം പറഞ്ഞത്. അത് സബ്ജക്ട് കമ്മിറ്റിയുടെ മുമ്പിൽ പരിശോധിക്കുക. ഇതിൽ ശ്രീ. നീലൻ പറഞ്ഞതിനോട് യോജിപ്പ് പ്രകടിപ്പിച്ചാൽപ്പോലും നിയമപരമായി കോടതിയിൽ ഉയരാവുന്ന ഒരു പോരായ്മയുണ്ട്. ആർക്കും നീതി നിഷേധിക്കാൻ പറ്റില്ല. നമ്മുടെ സംസ്ഥാനത്തിന് പറ്റിയ

LIBRARY ARCHIVES Kerala Legislative Assembly

ഒരു വീഴ്ച ഇതിലുണ്ട്. ഇത് ഐ.ടി.ഡി.സി-ക്ക് കൈമാറേണ്ട ഒരു കാര്യവും ഉണ്ടായിരുന്നില്ല. പക്ഷേ നമ്മൾ അശോകാ ഗ്രൂപ്പിന് അത് കൈമാറിപ്പോയി. അവരുടെ കയ്യിൽ ഇത് വന്നു. സദുദ്ദേശമായിരുന്നു അപ്പോൾ ഗവൺമെന്റിനുണ്ടായിരുന്നത് എന്നു കരുതാം. ഞാൻ ഇന്നലെ ഇത് സ്പ്ലിറ്റപ്പായിട്ട് പറഞ്ഞല്ലോ? ഐ.ടി.ഡി.സി. എന്നുപറയുന്നത് കേന്ദ്ര ഗവൺമെന്റിന്റെ സ്ഥാപനമാണ്. അശോക് ഗ്രൂപ്പ് ഹോട്ടൽസ് എന്നുപറയുന്നത് ഐ.ടി.ഡി.സി. യുടെ ഗ്രൂപ്പിൽപ്പെടുന്നതാണ്. അത് ജോയിന്റ് വെഞ്ചറാണ്. ഞാൻ നിയമത്തിനപ്പുറത്തൊന്നും പറഞ്ഞില്ല.

11.30 A.M.] ഇതിനകത്തുള്ള പൊതുവികാരം ഭരണപക്ഷമോ പ്രതിപക്ഷമോ എന്നുള്ള വ്യത്യാസം ഇല്ല. കോവളം കൊട്ടാരം ഗവൺമെന്റിന്റെ കൈയിൽ നിൽക്കണമെന്നുള്ളതാണ് എല്ലാവരുടേയും ആഗ്രഹം. അത് പൊളിച്ച് മാറ്റാൻ പാടില്ല. അതുകൊണ്ടാണ് ഞാൻ പറഞ്ഞുവന്നത് കമ്മീഷണർ എന്നു പറയുന്ന വ്യക്തി, ക്ലെയിം കൊടുക്കാനുള്ള അവകാശവാദം ഉന്നയിക്കാൻ ഇതിന് ബന്ധപ്പെട്ട ആളുകൾക്ക്, ആരെങ്കിലുമാകട്ടെ ഇതുമായി ബന്ധപ്പെട്ട് ആർക്ക് വേണമെങ്കിലും ക്ലെയിം കമ്മീഷൻ മുൻപാകെ ഉന്നയിക്കാനുള്ള അവകാശം കൊടുക്കുന്നുണ്ട്. അവകാശം ഉന്നയിക്കേണ്ടതിനുള്ള application for claiming compensation അതിവിടെ പ്രസിദ്ധീകരിച്ച റൂൾസിനകത്ത് കൃത്യമായി പറഞ്ഞിട്ടുണ്ട്. അതിനകത്ത് details of documents, nature of facilities rendered by the Kerala Government, details of the claimed land, building, improvements ഇതെല്ലാം പറയുന്നുണ്ട്. ഇതെല്ലാം പരിശോധിക്കേണ്ടത് ആരാണ്? കോമ്പൻസേഷൻ ആവശ്യപ്പെട്ടുകൊണ്ട് സമർപ്പിക്കുമ്പോൾ ഇത് പരിശോധിക്കേണ്ടത് കമ്മീഷണറാണ്. ഈ നിയമത്തിന്റെ പ്രധാന ഭാഗം കൈകാര്യം ചെയ്യുന്ന എക്സിക്യൂട്ടീവ് അധികാരം നമ്മൾ നിക്ഷിപ്തമാക്കിക്കൊടുക്കുന്ന ആൾ കമ്മീഷണർ ആയതുകൊണ്ട് ഒരു സീനിയർ പേഴ്സൺ ആയിരിക്കണം. അതിനു അനുബന്ധമായിത്തന്നെ ഞാൻ വേറൊരു കാര്യം കൂടി പറയട്ടെ ക്ലോസ് 8-നകത്ത് അവകാശ വാദങ്ങൾ ഉന്നയിക്കുന്നവരുടെ അപ്പീലിനുള്ള പ്രൊവിഷൻ വേണം. 7-ാം വകുപ്പിൽ കമ്മീഷൻ എടുത്ത തീരുമാനത്തിൻമേൽ അപ്പീൽ കൊടുത്തിരിക്കുന്നത് ആർക്കാണ്? പ്രിൻസിപ്പൽ ജില്ലാ കോടതി മുൻപാകെ അപ്പീൽ സമർപ്പിക്കുക; അതു വേണ്ട. ഇത് ഗവൺമെന്റ് ഒരു കമ്മീഷണറെ നിയമിക്കുകയാണ്. ഈ കമ്മീഷണറുടെ തീരുമാനത്തിൻമേൽ അപ്പീലെന്തെങ്കിലുമുണ്ടെങ്കിൽ ഗവൺമെന്റിൽത്തന്നെ ഒരു മുതിർന്ന ഉദ്യോഗസ്ഥന് ലഭിക്കണം. നിങ്ങൾ പല നിയമങ്ങൾ പരിശോധിച്ചു നോക്കൂ. ഞാൻ ഈ നിയമസഭയിൽ കൊണ്ടുവന്ന് പൈലറ്റ് ചെയ്ത നിയമമുണ്ട്. അതിനകത്തൊന്നും അപ്പീൽ പ്രൊവിഷൻ പ്രിൻസിപ്പൽ ജില്ലാ കോടതിക്ക് കൊടുത്തിട്ടില്ല. വളരെ റെയറായിട്ട് എവിടെയെങ്കിലുമുണ്ടെന്ന് ലാ ഡിപ്പാർട്ടുമെന്റ് ചൂണ്ടിക്കാണിക്കും. നമ്മളെടുക്കുന്ന അപ്പീൽ തീരുമാനത്തിൻമേൽ അവർക്ക്

LIBRARY ARCHIVES Kerala Legislative Assembly

പരാതി ഉണ്ടെങ്കിൽ സ്വാഭാവികമായിട്ടും സിവിൽ കോടതിയിൽ പോകാം. സിവിൽ കോടതിയിൽ പോകുന്നതിനുള്ള റൈറ്റൊന്നും നമുക്ക് ചോദ്യം ചെയ്യാൻ അവകാശമില്ല. ഏത് നിയമം ഉണ്ടാക്കിയാലും നമ്മൾ ഡയറക്ടായിട്ട് കമ്മീഷണറുടെ തീരുമാനത്തിൻമേൽ അപ്പീൽ ബോധിപ്പിക്കാൻ ഇവിടെ പറഞ്ഞിരിക്കുന്നത് പ്രിൻസിപ്പൽ ജില്ലാ കോടതിക്കാണ്. ഒരുപാട് ഇല്ലല്ലോ? കേരളം മുഴുവനുമുള്ള ആപ്ലിക്കേഷൻസ് കുമിഞ്ഞു കൂടുമെന്ന് പറയാൻ സാധ്യമല്ലല്ലോ? ഒന്നുകിൽ അഡീഷണൽ ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തുക, അല്ലെങ്കിൽ ചീഫ് സെക്രട്ടറി തന്നെ ആയാലെന്താണ് ? കേരളത്തിൽ ഏറ്റവും വിവാദമുണ്ടായ ഒരുപാട് പ്രക്ഷോഭങ്ങൾ നടന്ന, ലാത്തിച്ചാർജ്ജ് നടന്ന സംഭവമാണല്ലോ ? എല്ലാ രാഷ്ട്രീയ പാർട്ടികളും മാറി മാറി ഇവിടെ സമരം നടത്തി. ഇതിനുവേണ്ടി ഒരുപാട് പൊരുതി. ഇത്രയും പ്രശ്നങ്ങൾ സങ്കീർണ്ണമായി വന്ന ഒരു സ്ഥാപനത്തിന് വേണ്ടി മാത്രമായി ഒരു ബിൽ വന്നപ്പോൾ അത് ഈ സംസ്ഥാനത്തെ ഏറ്റവും വലിയ ചീഫ് എക്സിക്യൂട്ടീവായിട്ടുള്ള ചീഫ് സെക്രട്ടറിയെത്തന്നെ ചുമതലപ്പെടുത്തുക. ഞങ്ങൾ പ്രോപ്പറായിട്ടുള്ള അറ്റൻഷൻ മുഴുവൻ ഇതിനകത്ത് കൊടുത്തിട്ടുണ്ടെന്ന് നമുക്ക് കോടതിയിൽ പറയാമല്ലോ; അതിന്റെയടിസ്ഥാനത്തിലാണ് ഞാൻ ഇത് പറയുന്നത്. നമുക്ക് കോടതിക്കു മുൻപാകെ ഒന്നുകൂടി കൺവിൻസിങ്ങായിട്ട് പറയാൻ സാധിക്കും. ഒരു ജൂനിയർ ഓഫീസർ പറയുന്നതും ഒരു സീനിയർ ഓഫീസർ പറയുന്നതും തമ്മിൽ വ്യത്യാസമുണ്ടെന്ന് കോടതി ഡെഫിനിറ്റായിട്ട് പറയും. സാധാരണഗതിയിൽ ഒരു സ്പീക്കിംഗ് ഓർഡറിനെതിരായിട്ട് കോടതി പറയില്ല. അതുകൊണ്ട് ഇത് സബ്ജക്ട് കമ്മിറ്റിയിൽ പ്രത്യേകമായി പരിശോധിക്കണമെന്ന് ആവശ്യപ്പെടുകയാണ്. അതുപോലെതന്നെ ഇതിനകത്ത് കടന്നുകൂടിയിരിക്കുന്ന പ്രശ്നങ്ങൾ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അത് പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കണം. ബാക്കി അംഗങ്ങൾക്ക് സംസാരിക്കാനുള്ള അവസരം വേണമെന്നുള്ളതുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്. ഈ നിയമം സദുദ്ദേശപരമായി കൊണ്ടുവന്നതാണെന്നുള്ളതിൽ തർക്കമില്ല. പക്ഷെ ഇതിൽനിന്നും മുതലെടുപ്പ് നടത്താൻ എം-ഫാർ ഗ്രൂപ്പിനോ അല്ലെങ്കിൽ അതുമായി ബന്ധപ്പെട്ടിരിക്കുന്ന ആർക്കെങ്കിലുമോ അവസരം കൊടുക്കരുത്.

ശ്രീ. എം. വി. ജയരാജൻ : അങ്ങ് ഒരു കാര്യം പറയാതിരുന്നതെന്താണെന്നാണ് എന്റെ സംശയം. എം-ഫാർ ഗ്രൂപ്പിന്റെ പ്രധാനപ്പെട്ട ഒരു ഓഫർ, നിയമപരമായി ഉന്നയിച്ച വാദം ഇത് വിലയ്ക്കെടുത്തുവെന്നാണ്. വിലയ്ക്ക് വാങ്ങിയിട്ടുള്ള സ്വത്ത്, അതിന്റെ സെയിൽ ഡീഡ് ക്യാൻസൽ ചെയ്യാതെ നമ്മൾ നിയമനിർമ്മാണം നടത്തിയാൽ ട്രാൻസ്ഫർ ഓഫ് പ്രോപ്പർട്ടി ആക്ട് പ്രകാരം നമ്മൾ ഇതിന്റെ വ്യവസ്ഥാപിതമായ നിയമനിർമ്മാണം നടത്തിയാൽ ശരിയാകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ടൂറിസം മേഖലയിലുള്ള ചില ഉദ്യോഗസ്ഥൻമാർ പറഞ്ഞതുകൂടി ഞാൻ കോട്ട് ചെയ്യുകയാണ്. സംസ്ഥാന ഗവൺമെന്റിന്റെ ടൈറ്റിലിനു മേലെ എനിക്ക് യാതൊരു ഡിസ്പ്യൂട്ടും ഇല്ല. അവരുടെ വാദം ഇതാകുന്ന പക്ഷത്തിൽ സെയിൽ ഡീഡ് ക്യാൻസൽ ചെയ്ത് നിയമനിർമ്മാണം നടത്തുമോ? ഇപ്പോൾ ഇവിടെ ഉദ്യോഗസ്ഥൻ പറഞ്ഞത് ഇൻഡ്യാ ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷൻ കേരള ഗവൺമെന്റിൽനിന്നും വിലയ്ക്ക് വാങ്ങിയെന്നാണ്. അത് ശരിയാണോ? അതാണെങ്കിൽ ഇത്തരം ഒരു നിയമനിർമ്മാണത്തിന് ഇത്രമാത്രം പ്രസക്തിയുണ്ടോ? അങ്ങ് ഒന്ന് വ്യക്തമാക്കുമോ?

ശ്രീ. ടി. എം. ജേക്കബ്: ശ്രീ. എം. വി. ജയരാജൻ പറഞ്ഞത് അതിന്റെ വേറൊരു ഭാഗമാണ്. അത് പരിശോധനാ വിഷയമാക്കണം. അത് ഞാൻ ഡിസ്പ്യൂട്ട് ചെയ്യുന്നില്ല. സെയിൽ ഡീഡ് റദ്ദാക്കാതെ ഇങ്ങനെ ഏറ്റെടുക്കാനുള്ള നടപടിയിലേക്ക് പോയാൽ നിയമപരമായ സാധുതയുണ്ടോ? ഇല്ലയോ? അതൊരു ഇഷ്യൂവാണ്. ഇതിനകത്ത് എവിടെ ഇൻകോർപ്പറേറ്റ് ചെയ്യാൻ സാധിക്കും? നിയമത്തിനകത്ത് പറയുന്നില്ല. ഇത് പരിശോധിക്കണം. ഇതിനകത്ത് ടൂറിസം വികസനത്തിനുവേണ്ടി സംസ്ഥാന സർക്കാർ കൊട്ടാരവും ഭൂമിയും അന്ന് വിറ്റയ്ക്ക് വാങ്ങിയതാണ്? അതാണ് ഐ.ടി.ഡി.സി-ക്ക് കൈമാറിയത്. നഷ്ടത്തിന്റെ പേരിൽ ഒരു സ്വകാര്യ ഹോട്ടൽ ഉടമയ്ക്ക്, ഞാൻ ആദ്യം പറഞ്ഞല്ലോ അരുൺ ഷൂരിയുടെ കാലത്ത് എൻ.ഡി.എ. സർക്കാർ ഐ.ടി.ഡി.സി ഹോട്ടൽ, അശോക് ബീച്ച് റിസോർട്ട് ഇവ വിറ്റ അവസരത്തിൽ സംസ്ഥാന സർക്കാരിന്റെ വകയായിരുന്നതും കൈവശാവകാശം മാത്രം നൽകിയിരുന്നതുമായ കോവളം കൊട്ടാരവും ഭൂമിയും കൂടി കൈമാറി. വളരെ സ്പെസിഫിക്കായിട്ട് അങ്ങ് നോക്കേണ്ട കാര്യമാണ്. ഇടപാടിന് നിയമപരമായ പ്രാബല്യം ഉണ്ടായിരുന്നോയെന്ന് ആരും പരിശോധിച്ചിട്ടില്ല. അന്നത്തെ ടൂറിസം സെക്രട്ടറിയുടേയും ടൂറിസം ഡയറക്ടറുടേയും ഒക്കെ റിപ്പോർട്ട് പരിശോധിച്ചാൽ ഇതിന്റെ സർവ്വേ നമ്പർ അടക്കം അന്ന് ആ ഏറ്റെടുക്കൽ സർക്കുലേറ്റ് ചെയ്തപ്പോൾ ഇക്കാര്യമൊന്നും പരിശോധനാ വിധേയമാക്കിയതായി കണ്ടില്ല. നിയമപരമായ പ്രാബല്യം ഉണ്ടോയെന്ന് നോക്കിയിരുന്നില്ലേ? ഈ കൊട്ടാരം ഐ.ടി.ഡി.സി.-ക്ക് കൈമാറിയപ്പോൾ തന്നെ അതിനുള്ള ടേംസ് ഓഫ് റഫറൻസ് പിന്നീട് തീരുമാനിക്കാമെന്നാണ് പറഞ്ഞിരുന്നത്. പക്ഷെ ഇതു സംബന്ധിച്ച് ഒരു തീരുമാനവും നമ്മൾ ഇതുവരെ എടുത്തിട്ടില്ല. അത് ബാക്ക്ലോഗായിട്ട് ഇവിടെ കിടക്കുകയാണ്. നമ്മുടെ ഗസ്റ്റ് ഹൗസ് ഇരിക്കുന്നതിന്റെയടുത്തുതന്നെ ഒരു പോസ്റ്റോഫീസ് ഇരിക്കുന്നുണ്ട്. എം-ഹാർകാർ പറഞ്ഞതെന്താണ്? കോവളം ബീച്ച് റിസോർട്ട് ഹോട്ടലിലേക്ക് കയറുന്ന ആ വഴി നമ്മൾ കയറി വരുമ്പോൾ ഇടത്തേക്ക് തിരിയുന്നയിടത്താണ് ഗസ്റ്റ് ഹൗസ്. അതിന് അവർ പെർമിഷൻ കൊടുക്കാമെന്നാണ്

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞത്. നമ്മുടെ കെ.ടി.ഡി.സി. ഹോട്ടൽ അതിനപ്പുറത്താണ്. നമ്മുടെ ഗസ്റ്റ് ഹൗസും, അവിടെ സർക്കാരിന്റേതായിട്ടുള്ള ഭൂമിയിലിരിക്കുന്ന ഈ പോസ്റ്റോഫീസു മടക്കമുള്ള കാര്യങ്ങളിൽ എംഫാർ ഗ്രൂപ്പ് അവകാശവാദം ഉന്നയിച്ചിട്ടുണ്ട്. അതൊന്നും കൈവശപ്പെടുത്തിക്കൊണ്ട് പോകാൻ സാധ്യമല്ല. നമ്മൾ മനോഹരമായിട്ടുണ്ടാക്കിയിരിക്കുന്ന ഗസ്റ്റ് ഹൗസാണ്. ഹോട്ടലിന്റെ കാര്യം സെപ്പറേറ്റ് ചെയ്തിച്ച് ബാക്കിയുള്ള എല്ലാ സ്വത്തും ഭൂമിയും എല്ലാ കാര്യങ്ങളും നമ്മുടെ കൈയിൽ തന്നെ നിൽക്കുന്നു എന്ന നിലയിൽ അവ്യക്തത നിൽക്കുന്നുവെങ്കിൽ അതുകൂടി പരിഹരിച്ചുകൊണ്ടുവരിക. നിയമനിർമ്മാണം സമ്പൂർണ്ണമാക്കിയാൽ നമുക്ക് ഇതിന്റെ പ്രയോജനം കിട്ടും. ആ നിലയിൽ സബ്ജക്ട് കമ്മിറ്റിയിൽ ആവശ്യമായ ഭേദഗതികളോടുകൂടി ഇത് ഈ സഭയിൽ കൊണ്ടുവരണം. ശ്രീ. വേണുഗോപാൽ ഇന്നലെ സഭയിൽ ഒരു കാര്യം പറഞ്ഞു. സഭയിലെ ബിസിനസ്സ് തീരുമാനിക്കുന്നത് ഗവൺമെന്റാണ്. ഏഴ് ഓർഡിനൻസ് ഈ സംസ്ഥാനത്തുണ്ട്. ഞാൻ ഈ സഭയിൽ ഇരുന്ന് കാര്യങ്ങൾ മനസ്സിലാക്കിയ വ്യക്തിയെന്ന നിലയിൽ ആദ്യം ഗവൺമെന്റ് കൊണ്ടുവരുന്ന ബിസിനസ് ഓർഡിനൻസ് റീപ്ലേസിംഗ് ബില്ലാണ്. പക്ഷെ ഇന്നലെ നിയമസഭയിൽ തന്നിരിക്കുന്ന ബുള്ളറ്റിനിൽ 212-ാമതായി പബ്ളിഷ് ചെയ്ത വനേതര പ്രദേശങ്ങളിൽ വൃക്ഷം വളർത്തൽ പ്രോൽസാഹന ബിൽ സഭയിൽ കൊണ്ടുവന്ന് അവതരിപ്പിച്ചു. ഇന്നലെ ഈ സഭയിൽ ആദ്യം അവതരിപ്പിക്കേണ്ടിയിരുന്ന ബിൽ ശ്രീ. വേണുഗോപാൽ ഇപ്പോൾ പൈലറ്റ് ചെയ്യുന്ന ഈ ബില്ലാണ്. നിയമമന്ത്രിയുടെ പേരിൽ അത് ചട്ട വിരുദ്ധമായാണ് ചെയ്തിരിക്കുന്നത്. അപ്പോൾ അദ്ദേഹത്തിന്റെ പേരിൽ ഈ ബിൽ വന്നാൽ ഓർഡിനൻസിന് മുകളിൽ പ്രാബല്യം കിട്ടുമോ? കിട്ടില്ല. എന്തുകൊണ്ട് ഓർഡിനൻസ് പുറപ്പെടുവിച്ചു എന്നു പറഞ്ഞു. ഇവിടെ ചില മുതിർന്ന മന്ത്രിമാർ ശ്രദ്ധിക്കേണ്ട കാര്യമാണ്. ഈ സഭയിൽ ചെയ്യേണ്ട ചില കാര്യങ്ങളുണ്ട്. ഓർഡിനൻസ് റീപ്ളേസിംഗ് ബിൽ ആദ്യം കൊണ്ടുവരേണ്ടതിനു പകരം സർക്കുലേഷനിൽ ഏറ്റവും താഴെ കിടന്ന 212-ാമത് ബിൽ ഇന്നലെ ഒന്നാമത്തെ ബില്ലാക്കി സഭയിൽ കൊണ്ടുവന്നു. സഭ ഓർഡിനൻസ് റീപ്ളേസിംഗ് ബില്ലിന് പ്രാധാന്യം കൊടുക്കണം. അതാണ് ഞാൻ പറയുന്നത്. ശ്രീ. വേണുഗോപാൽ കൊണ്ടുവന്നിരിക്കുന്ന ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയച്ച് എത്രയും പെട്ടെന്ന് ഇവിടെകൊണ്ടുവന്ന് പാസ്സാക്കി നമ്മുടെ നിയമസഭയുടെ പൊതുവായ തീരുമാനം ഇതാണെന്ന് കോടതിയെ അറിയിക്കണം. സർക്കാർ നിരുത്തരവാദമായി പെരുമാറി. അതാണ് ഞാൻ ഈ പ്രമേയം അവതരിപ്പിക്കാൻ കാരണം.

ശ്രീ. രാജു എബ്രഹാം : സർ, ഇത് സത്യത്തിൽ പ്രതിപക്ഷ-ഭരണപക്ഷ വ്യത്യാസമില്ലാതെ യോജിച്ച് പാസ്സാക്കേണ്ട ഒരു നിയമമായിരുന്നു. പക്ഷെ ഇത് അവതരിപ്പിച്ചതിലുള്ള ഉദ്ദേശ ശുദ്ധിയെ നമുക്ക് സംശയകരമായി

LIBRARY ARCHIVES Kerala Legislative Assembly

നോക്കേണ്ടതുള്ളതുകൊണ്ടാണ് നിരാകരണ പ്രമേയത്തിലേക്ക് പോയത്. കോവളം കൊട്ടാരത്തിന്റെ വിൽപ്പന നമ്മുടെ രാജ്യത്താകെ ഇന്ന് ചർച്ചാ വിഷയമാണ്. ഇപ്പോൾ സെന്റൂർ ഹോട്ടൽ വിൽപ്പനയുടേയും അതുപോലെ നമ്മുടെ രാജ്യത്ത് നടന്നിട്ടുള്ള മറ്റ് വിൽപ്പനകളുടേയും പട്ടികയിലാണ് കോവളം കൊട്ടാരത്തിന്റെ കച്ചവടവും വരുന്നത്. 400 കോടി രൂപ വിലവരുന്ന കൊട്ടാരവും അനുബന്ധ സ്ഥലങ്ങളും 44 കോടി രൂപയ്ക്കാണ് വിൽപ്പന നടത്തിയത്. അതുകൊണ്ടുതന്നെ സ്വാഭാവികമായും ഇതിൽ ഒട്ടേറെ കക്ഷികളുണ്ട്. ഇതിൽ രാഷ്ട്രീയ നേതാക്കന്മാരുണ്ട്, ഉദ്യോഗസ്ഥന്മാരുണ്ട്. സ്വാഭാവികമായും അങ്ങനെയുള്ള എല്ലാ വൻ തിമിംഗലങ്ങളും ഈ കച്ചവടത്തിൽ അണിനിരന്നിരിക്കുന്ന സാഹചര്യത്തിൽ ഇവിടെ സംസ്ഥാനത്തിന്റെ താൽപര്യം സംരക്ഷിക്കുന്നതിനുവേണ്ടി നിയമം കൊണ്ടു വരുമ്പോൾ അത് കുറ്റമറ്റതായിരിക്കണം.

ശ്രീ. പി. സി. ജോർജ് : അതിൽ മന്ത്രിമാരുണ്ടോ?

ശ്രീ. രാജു എബ്രഹാം : അതിൽ ഒട്ടേറെ കഥകളും ഒട്ടേറെ വാർത്തകളും വന്നുകൊണ്ടിരിക്കുന്ന സന്ദർഭമാണ്. അതിൽ മന്ത്രിമാരുണ്ട്, ഉദ്യോഗസ്ഥരുണ്ട്, മുൻ മന്ത്രിമാരുണ്ട്. കോവളം കൊട്ടാരവും അനുബന്ധ പ്രദേശങ്ങളും ഉൾപ്പെടുന്ന ഗവൺമെന്റ് സ്ഥാപനങ്ങളും ബീച്ചുകളും എല്ലാംകൂടി 65 ഏക്കറോളം ഭൂമി ഏറ്റെടുക്കാനുള്ള സമഗ്ര നിയമമാണ് സത്യത്തിൽ ഇവിടെ കൊണ്ടുവരേണ്ടത്. അതിന് പകരമായി ഒരു ചെറിയ സ്ഥലം മാത്രം ഏറ്റെടുക്കുന്ന ഒരു നിയമം കൊണ്ടുവരുന്നു. അതിന് മുമ്പുള്ള അനുഭവം എന്നു പറയുന്നത് നാല് ഹെക്ടർ ഒരു എക്സിക്യൂട്ടീവ് ഉത്തരവ് വഴി കോവളം കൊട്ടാരം ഏറ്റെടുക്കാനുള്ള നടപടി കോടതി ഇടപെട്ട് റദ്ദാക്കി. ഇവിടെ ബഹുമാനപ്പെട്ട മെമ്പർ ടി. എം. ജേക്കബ് ഇത് ഉന്നയിച്ചപ്പോൾ ഒട്ടേറെ പഴുതുകൾ ഇവിടെ സൂചിപ്പിച്ചു. ശ്രീ. ജയരാജൻ ഇവിടെ സൂചിപ്പിച്ച പ്രധാനപ്പെട്ട ഒരു കാര്യം സെയിൽ ഡീഡ് ഉണ്ടെങ്കിൽ അത് റദ്ദാക്കാനുള്ള വകുപ്പില്ലെങ്കിൽ സ്വാഭാവികമായും ട്രാൻസ്ഫർ ഓഫ് പ്രോപ്പർട്ടി ആക്ട് പ്രകാരം ഈ നിയമം തന്നെ ഇല്ലാതാകും എന്നുള്ളതാണ്. വളരെ പ്രധാനപ്പെട്ട ഒരു പോയിന്റാണ് അദ്ദേഹം ഉന്നയിച്ചത്. അത് സംബന്ധിച്ച് നിയമത്തിൽ യാതൊരു വകുപ്പും ചേർത്തിട്ടില്ല. ഏതെങ്കിലും നിയമം ഉണ്ടാക്കുമ്പോൾ അതിൽ പഴുതുകളുണ്ടാക്കി നിയമം ഉണ്ടാക്കുക എന്നുള്ളതാണ് ഈ ഗവൺമെന്റിന്റെ നയം. സ്വാശ്രയ ബിൽ കൊണ്ടുവന്നപ്പോൾ അതിൽ ഞങ്ങൾ ചൂണ്ടിക്കാണിച്ചിട്ടുള്ള കാര്യങ്ങളൊക്കെ ഉപേക്ഷിച്ചതിന്റെ ഫലമായി ഇപ്പോൾ സംഭവിച്ചിരിക്കുന്നത് കേരളത്തിൽ പണമുള്ള ആളുകൾക്ക് മാത്രമേ സ്വാശ്രയ കോളേജുകളിൽ പഠിക്കാൻ കഴിയൂ എന്ന അവസ്ഥയാണ്. പാവപ്പെട്ടവരുടെ വിദ്യാഭ്യാസം നിഷേധിക്കപ്പെട്ടു. അതിന് തമിഴ്നാടിനേയോ, കർണ്ണാടകയേയോ ആന്ധ്രാപ്രദേശിനേയോ കുറ്റം പറഞ്ഞിട്ട്

LIBRARY ARCHIVES Kerala Legislative Assembly

കാര്യമില്ല. നമ്മൾ ഒരു നിയമം കൊണ്ടുവരുമ്പോൾ ആ നിയമം കുറ്റമറ്റ രൂപത്തിൽ കൊണ്ടുവരാൻ കഴിയണം. ഇപ്പോൾ കേരളത്തിൽ നടന്നുകൊണ്ടിരിക്കുന്നത്, നിയമം ഉണ്ടെങ്കിൽപ്പോലും നിയമത്തെ കാറ്റിൽ പറപ്പിക്കുന്ന അനുഭവങ്ങളാണ്. സ്വാശ്രയകോളേജുകളുടെ കാര്യത്തിൽ സുപ്രീം കോടതി പറഞ്ഞത് എൻട്രൻസ് കമ്മീഷണർ നടത്തുന്ന ലിസ്റ്റിൽ നിന്ന് എടുക്കണം. അല്ലെങ്കിൽ കോടതി ചുമതലപ്പെടുത്തുന്ന സീനിയറായിട്ടുള്ള ഒരു ജഡ്ജിയുടെ മേൽനോട്ടത്തിലുള്ള കൺസോർഷ്യം എൻട്രൻസ് ടെസ്റ്റ് നടത്തണം എന്നുള്ളതാണ്. പക്ഷേ അറവ് കച്ചവടക്കാരായ സ്വാശ്രയ മുതലാളിമാരാണ് ടെസ്റ്റ് നടത്തിയത്. ഗവൺമെന്റ് ഇടപെട്ടില്ല. അതുകൊണ്ടാണ് സുപ്രീംകോടതി ഇടപെട്ടത്. അപ്പോൾ കോടികൾ കിട്ടാൻ കച്ചവടം നടത്തി. സാമോവികമായും ഇതിൽ പഴുതുകൾ കണ്ടെത്തി ഇത് ദുർബലപ്പെടുത്താൻ ശ്രമം നടത്തും. കാരണം 400 കോടി രൂപയുടെ സാധനങ്ങൾ 44 കോടി രൂപയ്ക്കാണ് വാങ്ങിയിരിക്കുന്നത്. ഈ നിയമത്തിൽ ഉന്നയിക്കപ്പെട്ട പ്രശ്നം 1970 മുതലുള്ള നഷ്ടപരിഹാരം കൊടുക്കണം. 2002-ലെ കാര്യമല്ലേ?

ശ്രീ. എം. വി. ജയരാജൻ : നിയമത്തിലുള്ള പഴുത് ഹോട്ടലുടമയ്ക്ക് അനുകൂലമായ കാര്യം ചൂണ്ടിക്കാണിച്ചത് ശരിയാണ്. 2004 സെപ്റ്റംബർ 25-ന് ഒരു എക്സിക്യൂട്ടീവ് ഉത്തരവു വഴി കൊട്ടാരം ഏറ്റെടുക്കാൻ ഗവൺമെന്റ് നടപടി സ്വീകരിച്ചു. അത് ഹൈക്കോടതി റദ്ദാക്കിയതാണ്. ആ സമയത്ത് ഹൈക്കോടതി പറഞ്ഞത് സർക്കാർ നിയമം കയ്യിലെടുത്ത് ബലം പ്രയോഗിച്ച് കൊട്ടാരവും ഭൂമിയും ഏറ്റെടുത്ത നടപടി സ്വേച്ഛാപരവും ജനാധിപത്യ വിരുദ്ധവും നിയമവാഴ്ചയുടെ അടിസ്ഥാന തത്വത്തിന് വിരുദ്ധവുമാണെന്നാണ്. എന്നിട്ട് കോടതി പറഞ്ഞത് നിയമപരമായ മാർഗ്ഗത്തിലൂടെ വേണം കൊട്ടാരം ഏറ്റെടുക്കാൻ എന്നാണ്. ഇപ്പോൾ കൊണ്ടുവന്ന പഴുതുകളുള്ള ബിൽ തന്നെ നിയമപരമായ മാർഗ്ഗത്തിലൂടെയല്ല എന്ന കാര്യം അങ്ങേയ്ക്ക് അറിയാമോ?

ശ്രീ. രാജു എബ്രഹാം : ബഹുമാനപ്പെട്ട ഹൈക്കോടതി തന്നെ ഗവൺമെന്റിനെ ഉപദേശിച്ചിരിക്കുകയാണ്. കാര്യങ്ങളൊക്കെ പഠിച്ച് നിയമമനുസരിച്ച് നടപ്പിലാക്കാൻ കോടതി പറഞ്ഞിട്ടും ഒട്ടേറെ പഴുതുകൾ ഇട്ടിരിക്കുകയാണ്.

ശ്രീ. പി. സി. ജോർജ് : ഇവിടെ കോടതി ഗവൺമെന്റിനെ ഉപദേശിച്ചു എന്നു പറഞ്ഞു. ഗവൺമെന്റിൽ കുറെ തിമിംഗലങ്ങൾ ഉണ്ടെന്നു പറഞ്ഞതുപോലെ കോടതിക്കകത്തും തിമിംഗലങ്ങളുണ്ട്. അതുകൂടി ആലോചിക്കേണ്ട കാര്യമാണ്.

ശ്രീ. രാജു എബ്രഹാം : അതല്ലേ പത്ര വാർത്തകൾ കണ്ട് പാവപ്പെട്ട പിള്ളാരുടെ തല അടിച്ചു കീറാൻ കോടതി പറഞ്ഞത്. ഒട്ടേറെ സംഭവങ്ങൾ ഇവിടെ നിലനിൽക്കുന്നുണ്ട്. അങ്ങനെയുള്ള സമ്മിശ്ര സംഭവങ്ങളാണെങ്കിൽപ്പോലും കോടതി

LIBRARY ARCHIVES Kerala Legislative Assembly

ഈ കാര്യങ്ങൾ പറഞ്ഞപ്പോൾ ഒന്ന് പരിഗണിക്കാൻപോലും തയ്യാറായോ? കോവളം കൊട്ടാരത്തെ സംബന്ധിച്ചിടത്തോളം തിരുവനന്തപുരത്തെ ജനങ്ങൾക്ക്, കേരളത്തിലെ ജനങ്ങൾക്ക് വൈകാരികമായി ബന്ധമുള്ള സ്ഥാപനമാണ്. കാരണം ഇതിൽ ചരിത്രങ്ങളുണ്ട്. ഒരു നൂറ്റാണ്ട് മുമ്പ് ഈ കടൽത്തീരം ശ്രീമൂലം തിരുനാളിന്റെ കാലം മുതൽ രാജകുടുംബത്തിന്റെ വിശ്രമ സങ്കേതമായിരുന്നു. 1930-ൽ ബെൽജിയം-ഇറ്റാലിയൻ വാസ്തുശില്പ കലകൾ കൂട്ടിയിണക്കിക്കൊണ്ടാണ് ഹാൽസിയോൺ കൊട്ടാരം നിർമ്മിച്ചത്. അതിന്റെ നിർമ്മാണത്തോടെയാണ് സ്വദേശികളും വിദേശികളുമായിട്ടുള്ള ടൂറിസ്റ്റുകളുടെ പ്രധാനപ്പെട്ട ആകർഷണ കേന്ദ്രമായി കോവളം മാറിയത്. 1960-ൽ കോവളം കൊട്ടാരത്തിന്റെ ഉടമസ്ഥാവകാശികളായിട്ടുള്ള സേതുലക്ഷ്മി തമ്പുരാട്ടിയും അവരുടെ ഭർത്താവ് രവിവർമ്മ വലിയകോയിത്തമ്പുരാനും തങ്ങളുടെ അവകാശത്തിലുള്ള കൊട്ടാരവും നൂറ് ഏക്കറോളം വരുന്ന അനുബന്ധ പ്രദേശങ്ങളും കേരള സർക്കാരിന് കൈമാറി. വെള്ളായണി കൊട്ടാരം, ഇപ്പോഴത്തെ കാർഷിക കോളേജ്, പൂരപ്പുര സെറ്റിൽമെന്റ് കൊട്ടാരം, ശ്രീ ചിത്രാ സയൻസ് ആന്റ് ടെക്നോളജി സെന്റർ ഇതെല്ലാം ഈ രൂപത്തിലാണ് കൈമാറിയത്. അക്കാലത്തെ റവന്യൂ റിക്കാർഡുകൾ പരിശോധിച്ചാൽ ഇത് വ്യക്തമാകും. പക്ഷേ കേന്ദ്ര ടൂറിസം വകുപ്പിന് ഇത് കൊടുക്കുമ്പോൾ ടൈറ്റിൽ ഡീഡ് കൊടുത്തിട്ടില്ല. അങ്ങനെയുള്ള ഒരു പ്രശ്നം അതോടൊപ്പം തന്നെ നിൽക്കുകയാണ്. അതുമായി ബന്ധപ്പെട്ടാണ് ഇത്തരം പഴുതുകൾക്കൊക്കെ അവസരമുണ്ടാക്കാൻ കഴിയുന്ന രൂപത്തിൽ 1970 മുതലുള്ള നഷ്ട പരിഹാരം കൊടുക്കാം എന്നുള്ള ഒരു വകുപ്പ് ഇവിടെ ക്ലോസ് 5 ആയി കൊണ്ടുവന്നിരിക്കുന്നത്. അപ്പോൾ സ്വാഭാവികമായും 2002-ൽ കയറിയിട്ടുള്ള എം-ഫാർ ഗ്രൂപ്പ് 1970 മുതൽ 2002 വരെ ഐ.ടി.ഡി.സി.-ക്കാരോ കെ.ടി.ഡി.സി.-ക്കാരോ ഇതിൽ നടത്തിയിട്ടുള്ള നിർമ്മാണ പ്രവർത്തനങ്ങളൊക്കെ തങ്ങൾ നടത്തിയ നിർമ്മാണ പ്രവർത്തനങ്ങളാണെന്ന് അവകാശപ്പെട്ടുവന്ന് കണക്ക് കൊടുത്താൽ കേരള ഗവൺമെന്റ് ഈ നഷ്ടപരിഹാരം എം-ഫാർ ഗ്രൂപ്പിന് കൈമാറാൻ പോകുകയാണ്. ഇത്രയും കച്ചവടം നടത്തിയാൽ പോരെ? ഇനിയും കച്ചവടം നടത്തുന്നതിന് നമ്മൾ കൂട്ടുനിൽക്കേണ്ട ആവശ്യമുണ്ടോ? 2002-മുതലുള്ള കോമ്പൻസേഷൻ കൊടുക്കാനുള്ള നിയമമാണ് ഇവിടെ കൊണ്ടുവരുന്നതെങ്കിൽ ആ നിയമത്തിന്റെ ഉദ്ദേശശുദ്ധിയെ നമുക്കംഗീകരിക്കാം. പക്ഷേ 1970 മുതൽ 2002 വരെയുള്ള കാലഘട്ടത്തിൽ അവിടെ കേന്ദ്ര സംസ്ഥാന ഗവണ്മെന്റുകൾ നടത്തിയിട്ടുള്ള നിർമ്മാണ പ്രവർത്തനങ്ങളുടെ മുഴുവൻ ബിൽ എം-ഫാർ ഗ്രൂപ്പ് എടുത്ത് എഴുതിക്കൊണ്ടിരിക്കുകയാണ്. അപ്പോൾ അതിഗുരുതരവും, സങ്കീർണ്ണവുമായിട്ടുള്ള മറ്റൊരു അഴിമതിക്കുകൂടി ഇടയാക്കുന്ന രൂപത്തിൽ കാര്യങ്ങൾ എത്തുന്നു എന്നുള്ളതുകൊണ്ടാണ് ഇത് വളരെ ഗൗരവമായി പരിശോധിക്കുന്നതിന് ഈ നിയമനിർമ്മാണസഭയുടെ ശ്രദ്ധയിലേക്ക് ഞങ്ങളിത് കൊണ്ടുവരുന്നത്. കാരണം

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ മുമ്പേ സൂചിപ്പിച്ച പോലെ സെന്റൂർ ഹോട്ടലിന്റെ കച്ചവടത്തിൽ കേന്ദ്ര ഗവണ്മെന്റ് ഇപ്പോൾ അന്വേഷണം പ്രഖ്യാപിച്ചിരിക്കുകയാണ്. ഞങ്ങൾ ആവശ്യപ്പെടുന്നു, കോവളം കൊട്ടാരത്തിന്റെ കച്ചവടത്തിലും അന്വേഷണം നടത്തണം. നടത്തുകയാണെങ്കിൽ ഇതിന്റെ ചിത്രം മാറും. സെന്റൂർ ഹോട്ടൽ കച്ചവടത്തിൽ 141 കോടി രൂപയുടെ അഴിമതി നടന്നിട്ടുണ്ടെന്ന് കേന്ദ്രമന്ത്രി തന്നെ ഇവിടെ പറഞ്ഞിരിക്കുകയാണ്. ഇത് ഏറ്റെടുത്തിരിക്കുന്ന ശ്രീ. അരുൺ ഷൂരി തന്റെ പുസ്തകത്തിൽ പറഞ്ഞിരിക്കുന്നത് As far as palace and land surrounding the same, there is no record of transfer of land and payment from the State Government to ITDC. എന്നുവച്ചാൽ ഇതിനകത്ത് യാതൊരു രേഖകളും, title deed കൊടുത്തിട്ടില്ല. കച്ചവടത്തിന്റെ ആശാനായ ശ്രീ. അരുൺ ഷൂരി തന്റെ പുസ്തകത്തിൽ ഇക്കാര്യങ്ങൾ വളരെ വ്യക്തമായി സൂചിപ്പിച്ചിട്ടുണ്ട്.

ശ്രീ. എം. വി. ജയരാജൻ : ബഹുമാനപ്പെട്ട രാജു എബ്രഹാം പറയുന്ന കൂട്ടത്തിൽ വളരെ പ്രധാനപ്പെട്ട കാര്യം വിട്ടുപോയി. സി.എ.ജി. റിപ്പോർട്ടിൽ പറഞ്ഞിരിക്കുകയാണ്, സെന്റൂർ ഹോട്ടലിന്റെ വിൽപ്പനയിൽ 141 കോടി രൂപയുടെ ക്രമക്കേട് നടന്നിട്ടുണ്ടെന്ന്. അത്തരത്തിലുള്ള ഹോട്ടൽ സമുച്ചയങ്ങളുടെ വിൽപ്പനയാണ് കേന്ദ്ര ഗവൺമെന്റ് അന്ന് നടത്തിയത്. അക്കൂട്ടത്തിലുള്ളതാണ് ഈ കോവളം കൊട്ടാരം വിൽപ്പന. അങ്ങനെ വരുമ്പോൾ കോവളം കൊട്ടാരത്തിന്റെ വിൽപ്പനയിലും ക്രമവിരുദ്ധമായ നടപടികൾ നടന്നിട്ടുണ്ട് എന്നുള്ളത് യാഥാർത്ഥ്യമല്ലേ?

ശ്രീ. രാജു എബ്രഹാം : അത് തീർച്ചയാണ്. അതുകൊണ്ട് സെന്റൂർ ഹോട്ടലിന്റെ ഇടപാടിൽ മാത്രമല്ല അന്വേഷണം നടത്തേണ്ടത്. ഇവിടെ കോവളം കച്ചവടത്തിൽ അടിയന്തിരമായി കേന്ദ്ര ഗവൺമെന്റ് ഇടപെടണം. അതിനുള്ള ഒരു സമ്മർദ്ദം കൂടി കേരള ഗവൺമെന്റ് കേന്ദ്രത്തിൽ ചെലുത്തണം. 9-ാം ഷെഡ്യൂളിൽപ്പെടുത്തി അംഗീകരിപ്പിക്കാൻ യോജിച്ചുപോകണം എന്ന അഭിപ്രായം ഉരുത്തിരിഞ്ഞിരിക്കുന്നത് പോലെത്തന്നെ കോവളം കൊട്ടാരത്തിന്റെ വിൽപ്പനയിൽ കേന്ദ്രം ഇടപെടണമെന്ന അഭിപ്രായം പറയാനുള്ള നട്ടെല്ല് കേരള സർക്കാർ കാണിക്കണം. നമ്മുടെ പൊതുപ്രവർത്തകരെന്നായ ടൂറിസം മന്ത്രി അതിന് മുൻകയ്യെടുക്കണം. അദ്ദേഹം ഇക്കാര്യത്തിൽ ഒരു മാതൃകയായിട്ട് മാറണം. കേന്ദ്ര ഗവൺമെന്റിനെ അത്തരത്തിലുള്ള ഗൗരവം അറിയിക്കണം. കാരണം സി.എ.ജി. പോലും ഇത്തരം കാര്യങ്ങൾ വളരെ ഗുരുതരമായി ചൂണ്ടിക്കാട്ടിയിരിക്കുകയാണ്. അതോടൊപ്പം തന്നെ കേന്ദ്ര ഗവൺമെന്റ് മുമ്പാകെ കഴിഞ്ഞ ഗവൺമെന്റിന്റെ, എൻ.ഡി.എ. ഗവൺമെന്റിന്റെ കച്ചവടത്തിന്റെ വിശദാംശങ്ങളൊക്കെ ബാൽക്കോ കച്ചവടം ഉൾപ്പെടെ ചർച്ചയിൽ വന്നിരിക്കുകയാണ്; Modern bread കമ്പനിയുടെ കച്ചവടം ഉൾപ്പെടെ. 1000 കോടി രൂപയുടെ Modern bread

LIBRARY ARCHIVES Kerala Legislative Assembly

കമ്പനി 101 കോടിക്കാണ് അവിടെ കച്ചവടം നടന്നത്. ഇതൊക്കെകൊണ്ടാണ് രാഷ്ട്രീയക്കാരൊക്കെ കുഴപ്പക്കാരെന്ന് നമ്മുടെ നാട്ടിൽ കവലകളിൽ ആൾക്കാർ പറയുന്നത് ഒരു ഉദാഹരണമാണിത്. രാഷ്ട്ര നിർമ്മാണത്തിനുവേണ്ടി രാഷ്ട്രീയ പ്രവർത്തനത്തിൽ അർപ്പിത ബോധത്തോടുകൂടി പ്രവർത്തിക്കുന്ന നമ്മളെപ്പോലുള്ള ആളുകളെ ഈ കണ്ണോടുകൂടിയാണ് ആളുകൾ കാണുന്നത്. അതുകൊണ്ട് ആ കളങ്കം നമുക്കുണ്ടാകാൻ പാടില്ല. രാഷ്ട്രീയത്തിലെ പുഴുകുത്തുകളെ നമുക്കു തിരിച്ചറിയാൻ കഴിയണം. അങ്ങനെ ആവണമെങ്കിൽ ഇക്കാര്യത്തിൽ സുതാര്യത ഉണ്ടാകണം. അങ്ങനെ ഉണ്ടാകണമെങ്കിൽ ഈ ദുർബലങ്ങളായിട്ടുള്ള നിയമങ്ങളൊക്കെ മാറ്റിക്കൊണ്ട് കോവളം കൊട്ടാരം, സംസ്ഥാന ഗവണ്മെന്റിന്റെ ഗസ്റ്റ് ഹൗസ്, പോസ്റ്റ് ഓഫീസ് കെട്ടിടം, ആദ്യത്തെ പോലീസ് സ്റ്റേഷൻ, പുരാതനമായ പള്ളിയും, ക്ഷേത്രവും, ഹൗവ്വ-കോവളം ബീച്ചുകൾ, കോവളം മുനമ്പ് ഇവയെല്ലാം അവിടെ ഏറ്റെടുക്കണം. ഇല്ലെങ്കിൽ പഴുതുകളുപയോഗിക്കും. ഇപ്പോൾ എന്താണ് എം-ഹാർ ഗ്രൂപ്പ് കാട്ടിയത്? അവിടെ സർക്കാർ റോഡിൽ മുളകെട്ടി ടോൾ പിരിച്ചു. ആരെയെങ്കിലും ഒഴിവാക്കിയോ? PWD toll gate-ൽ എം.എൽ.എ. മാർക്കും മന്ത്രിമാർക്കും ഒഴിവുണ്ട്. എം-ഹാർ ഗ്രൂപ്പിന്റെ toll gate-ൽ ഏതെങ്കിലും എം.എൽ.എ. യ്ക്കോ, മന്ത്രിമാർക്കോ, ഉദ്യോഗസ്ഥന്മാർക്കോ ആർക്കെങ്കിലും ഒഴിവുണ്ടോ? ഒഴിവില്ല. അവിടെ നമ്മൾ പോയാലും ഇത് കൊടുത്ത് പോകേണ്ടി വരും. പാലക്കാട് ഒരു toll gate വച്ച സംഭവം കേരള നിയമസഭയിൽ എത്രയോ പ്രക്ഷുബ്ധമായ കോളിളക്കം ഉണ്ടാക്കിയതാണ്. അപ്പോൾ ഗുരുതരമായ അവസ്ഥയിലേക്ക് കാര്യങ്ങൾ വരികയാണ്. അത്തരം അനുഭവം എന്നു പറയുന്നത് നമ്മെ സംബന്ധിച്ചിടത്തോളം അംഗീകരിക്കാൻ കഴിയുന്ന ഒരു കാര്യമല്ല. എന്നാൽ സമുദ്രാ ഹോട്ടലിന്റെ പ്രശ്നം അവിടെയുണ്ട്. അപ്പോൾ ഈ പ്രശ്നങ്ങൾ എല്ലാം വളരെ ഉന്നതമായിട്ടുള്ളതാണ്. 2003 ഏപ്രിൽ മാസം ഡൽഹിയിലെ അശോകാ ഹോട്ടലിൽ വച്ച് നടന്ന ചർച്ചയിൽ വന്നിച്ച ഒരു ഗൂഢാലോചനയുടെ ചിത്രം ഉണ്ട്. അശോകാ ഹോട്ടലിൽ കേരളത്തിലെ ഒരു സംഘം ഉദ്യോഗസ്ഥന്മാർ പങ്കെടുത്തതിന്റെ മറവിലാണ് സുതാര്യമായിട്ടുള്ള മറ്റ് ചില ഏർപ്പാടുകൾ കൂടി വന്നിരിക്കുന്നത്. അപ്പോൾ അവിടെ ആരൊക്കെയാണ് ഉറപ്പു കൊടുത്തിട്ടുള്ളത്? ടൂറിസം വകുപ്പിനെ ആരൊക്കെയാണ് പ്രതിനിധീകരിച്ചിരിക്കുന്നത്? അത്തരം കാര്യങ്ങൾ അറിയാൻ കേരളത്തിലെ ജനങ്ങൾക്ക് താൽപ്പര്യമുണ്ട്. അതൊക്കെ അറിയണമെന്നുള്ളതാണ് ഇവിടത്തെ പ്രധാനപ്പെട്ട പ്രശ്നങ്ങളിൽ മറ്റൊരു കാര്യം. അതുകൊണ്ട് ജനതാൽപ്പര്യം മുന്നിൽ കണ്ടുകൊണ്ട്, തിരുവനന്തപുരത്തെ സംബന്ധിച്ചിടത്തോളം ഈ ജില്ലയെ പ്രതിനിധീകരിക്കുന്ന ആളുകൾപോലും ഈ ജില്ലയ്ക്കുവേണ്ടി ശബ്ദമുയർത്താത്ത ഒരു സാഹചര്യത്തിൽ തിരുവനന്തപുരം ജില്ലയെ അവഗണിക്കുന്നു എന്നുപറഞ്ഞ് വലിയ ബഹളവും കോളിളക്കവും കേരളത്തിൽ നിറഞ്ഞു നിൽക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

തിരുവനന്തപുരത്തിനു വേണ്ടി സംസാരിക്കാൻ ഇന്ന് ആളില്ലാതെ അത് വെറും പ്രത്യാപനങ്ങളിൽ മാത്രം ഒതുങ്ങിനിൽക്കുന്നു. തിരുവനന്തപുരത്തിന്റെ വികസനം 2 പാറത്തിലും 2 റോഡിലും മാത്രം ഒതുങ്ങിനിൽക്കുന്നു. തിരുവനന്തപുരത്തു വരേണ്ട സ്ഥാപനങ്ങൾ, വൻകിടസമുച്ചയങ്ങൾ, അതുപോലെ തൊഴിൽ കൊടുക്കാൻ കഴിയുന്ന നടപടികൾ, വികസന പ്രവർത്തനങ്ങൾ ഇതെല്ലാം തിരുവനന്തപുരത്തിന് അന്യമാകുന്നു എന്നുള്ള വലിയ പരാതി ഉയർന്നു നിൽക്കുന്ന സന്ദർഭമാണിത്; റിഴിഞ്ഞം തുറമുഖം അടക്കം. ഞാൻ സൂചിപ്പിച്ചത് അങ്ങനെ വൈകാരികമായിട്ട് ഇവിടത്തെ ജനങ്ങൾക്ക് എല്ലാം നഷ്ടപ്പെട്ടു കൊണ്ടിരിക്കുന്ന സന്ദർഭത്തിലാണ് ഈ കോവളം കൊട്ടാരം കൂടി നഷ്ടമാകുന്ന അവസ്ഥ വന്നിരിക്കുന്നത് എന്നു സൂചിപ്പിക്കുമ്പോഴാണ് ഇത് എത്രയോ ഭയാനകമായ പ്രശ്നം ആണെന്നുള്ള കാര്യം ഇവിടെ ചൂണ്ടിക്കാട്ടുന്നത്. അതുകൊണ്ടാണ് ഞാൻ മുമ്പേ സൂചിപ്പിച്ചത്, Land Conservation ആക്ടിലെ സെക്ഷൻ 5 പ്രകാരം ഭൂമിയും, കൊട്ടാരവും സർക്കാർ ഏറ്റെടുക്കേണ്ടതായിരുന്നു. പക്ഷേ അത് ചെയ്തില്ല. അതുണ്ടാകണം.. അപ്പോൾ അത്തരം പഴുതുകൾ നമ്മൾ ഒഴിവാക്കണം. ഗവണ്മെന്റിന്റെ അനുമതിയില്ലാതെ സർക്കാർ ഭൂമി കൈവശം വച്ചുകൂടാ. അതുകൊണ്ട് ഈ അനാപത്തുകൾ ഒഴിവാക്കണം. ഇതുസംബന്ധിച്ചുള്ള മറ്റ് പ്രശ്നങ്ങൾ, ഇവിടെ ഉന്നയിച്ചതുപോലെ ഹർണിച്ചറുകൾ കടത്തിക്കൊണ്ടു പോകുന്നതിന് സൗകര്യം ഒരുക്കിയിട്ടുള്ള നടപടിയെ സംബന്ധിച്ചിടത്തോളം നമ്മൾ ആലോചിക്കേണ്ടതാണ്. ഇതിനകത്ത് ഏതെങ്കിലും രാഷ്ട്രീയ ഉറപ്പുകൾ ഉണ്ടായിരുന്നോ എന്നുള്ള കാര്യം നമുക്ക് അറിയണം. 2004 സെപ്റ്റംബറിൽ സർക്കാരിന് പറ്റിയ അബദ്ധം ഇനി ആവർത്തിക്കാൻ പാടില്ല. കോവളം കൊട്ടാരവും, ഹോട്ടലും മാത്രം ഏറ്റെടുത്ത നടപടി അവസാനിപ്പിച്ചുകൊണ്ട് 65 ഏക്കർ ഭൂമിയും ഏറ്റെടുക്കാനുള്ള നടപടി ഉണ്ടാകണം. ഞാൻ മുമ്പേ സൂചിപ്പിച്ച സ്ഥാപനങ്ങൾ ഇതിനകത്തുണ്ടാകണം. അത്തരത്തിൽ രാജ്യത്തിന്റെ ആഭ്യന്തര സുരക്ഷയെ പോലും വെല്ലുവിളിക്കുന്ന രൂപത്തിലേക്ക് ഇതു കൈമറിഞ്ഞു പോകാനുള്ള യാതൊരു സംഭവവും ഉണ്ടാകാൻ പാടില്ല.

ശ്രീ. എം. വി. ജയരാജൻ : കോവളത്തും അതിന്റെ ചുറ്റുപാടുമായി 65 ഏക്കർ ഭൂമിയുണ്ട്. അതിൽപ്പെടുന്നതാണ് ഗസ്റ്റ് ഹൗസ്, പോസ്റ്റ് ഓഫീസ് അതുപോലെതന്നെ കെ.റ്റി.ഡി.സി.-യുടെ ഹോട്ടൽ, ഇപ്പോൾ വിൽപ്പന നടത്തിയ ഐ.റ്റി.ഡി.സി.-യുടെ ഹോട്ടൽ മുതലായവയെല്ലാം. ആദ്യത്തെ പോലീസ് സ്റ്റേഷൻ അവിടെയാണ്. ഒരു പള്ളിയും ക്ഷേത്രവും സ്കൂളും ഉണ്ട്. ഹവ്വാ ബീച്ച്, കോവളം ബീച്ച് എന്നിവയൊക്കെ ഈ അറുപത്തഞ്ചേക്കറിൽപ്പെടുന്നതാണ്. ഈ 65 ഏക്കർ ഭൂമിയും ഇപ്പോൾ എം-ഹാർ ഗ്രൂപ്പ് കയ്യടക്കിയിരിക്കുകയാണ്. ഈ 11 ഏക്കർ മാത്രം ഏറ്റെടുക്കുന്ന നിയമം കൊണ്ടുവന്നാൽ ബാക്കിയുള്ളത് എം-ഹാറിന്റെ കയ്യിൽ അകപ്പെടില്ലേയെന്ന ആശങ്ക ജനങ്ങൾക്കുണ്ട്. അങ്ങയുടെ അഭിപ്രായം എന്താണ്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. രാജു എബ്രഹാം : സർക്കാർ തന്നെ ബാക്കി സ്ഥലം മുഴുവൻ എംഹാർ ഗ്രൂപ്പിന് കൊടുക്കുകയാണ്. 4 ഏക്കർ എടുക്കുകയാണ്. അതാണ് പോരായ്മ.

ശ്രീ. എ. എൻ. രാജൻ ബാബു : പതിനൊന്നേക്കർ മാത്രം നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരികയും ബാക്കിയുള്ളത് എം–ഹാർ കയ്യടക്കുമോയെന്ന ആശങ്കയുണ്ടെന്നുമാണ് പറഞ്ഞിരിക്കുന്നത്. എനിക്ക് തോന്നുന്നു ശ്രീ. ജയരാജന് ഇതിന്റെ ഹിസ്റ്ററി അറിയാത്തതുകൊണ്ടാണെന്നാണ്. ഗവൺമെന്റിൽ വെസ്റ്റ് ചെയ്തിട്ടുള്ള ഏരിയ എന്നുമാത്രമേയുള്ളു. ബാക്കിയുള്ള സ്ഥലം വാൻഡ് അക്വിസിഷൻ ആക്റ്റ് അനുസരിച്ച് ഒരു കമ്പനിക്ക് അക്വയർ ചെയ്ത് കൊടുത്തിട്ടുള്ളതല്ലാതെ അത് ഗവൺമെന്റ് സ്ഥലം അല്ലായെന്ന് അങ്ങയ്ക്കറിയാമോ?

ശ്രീ. രാജു എബ്രഹാം : ഏതു ഭൂമിയും ഇൻഡ്യാ മഹാരാജ്യത്ത് ഗവൺമെന്റിന് ഏറ്റെടുക്കാനുള്ള നിയമവും വ്യവസ്ഥയും ഇൻഡ്യയിലുണ്ട്.

ശ്രീ. ടി. കെ. ദേവകുമാർ : എന്റെ കൈയിൽ ഒരു രേഖയുണ്ട്. ആ രേഖ ഒരു റീ–സർവേ റിപ്പോർട്ടാണ്. ആ രേഖ പഠിച്ചിട്ട് ഒരു ഘടകകക്ഷിയുടെ നേതാവെന്ന നിലയിൽ സഭയിൽ പരാമർശിക്കണം ബാക്കി എന്റെ പ്രസംഗത്തിൽ പറയാം.

മി. ചെയർമാൻ : ബില്ലിന്റെ കാര്യത്തിൽ ഇടപെടുന്നത് ശരിയല്ലെങ്കിലും ഇത് ക്രമം വിട്ടുപോകുന്നു. Please conclude, don't yield like this.

ശ്രീ. എം. വി. ജയരാജൻ : അതിൽ പ്രസക്തമായ പ്രശ്നം 2002 ഏപ്രിൽ മാസത്തിൽ നെയ്യാറ്റിൻകര താലൂക്ക് തഹസീൽദാർ നമ്പർ ജി 4 10806/2002–ൽ നൽകിയ സർട്ടിഫിക്കറ്റ് നോക്കിയാൽ നമ്മുടെ രാജൻ ബാബു ചില ഉദ്യോഗസ്ഥ പ്രമാണിമാർക്ക് വേണ്ടി ഒരു പാറവക്കീൽപോലെ എന്ന് ഞാൻ പറഞ്ഞാൽ അങ്ങ് തെറ്റിദ്ധരിക്കരുത്. അദ്ദേഹം പറഞ്ഞ വാദം ശരിയല്ലയെന്ന് പറയാനാണ് ഇത്രയും പറഞ്ഞത്.

മി. ചെയർമാൻ : ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയട്ടെ.

ശ്രീ. എം. വി. ജയരാജൻ : ഇപ്പോൾ കോവളം ഗസ്റ്റ് ഹൗസും പോസ്റ്റ് ഓഫീസും ക്ഷേത്രവും പള്ളിയും അതുപോലെതന്നെ ഹവ്വാ ബീച്ചും കോവളം ബീച്ചും ഉൾപ്പെടെയുള്ള സ്ഥലം ഏതെങ്കിലും ഒരു സ്വകാര്യ വ്യക്തിക്ക് വാൻഡ് അക്വിസിഷൻ നടപടികൾ മുഖേന ഏറ്റെടുക്കാൻ കഴിയുന്നുണ്ടെങ്കിൽ അതിന് പൂർണ്ണ ഉത്തരവാദി കേരള ഗവൺമെന്റ് ആയിരിക്കും. കേരള ഗവൺമെന്റിന്റെ കീഴിലുള്ള ഉദ്യോഗസ്ഥൻമാരായിരിക്കും. നിയമപരമായ യാതൊരു പിൻബലവുമില്ലാതെ ഭൂമി വിട്ടുകൊടുക്കാൻ കഴിയുന്ന രീതിയിലുള്ളതാണ് ഈ നിയമ നിർമ്മാണം. അത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (*ശ്രീ. കെ. സി. വേണുഗോപാൽ*): കോവളം ഗസ്റ്റ് ഹൗസിന്റെയും കെ.റ്റി.ഡി.സി.-യുടേയും കാര്യത്തിൽ ആരും ക്കളെയിം ചെയ്യുന്നില്ല.

മി. ചെയർമാൻ: മന്ത്രി വിശദമായി മറുപടി പറയും.

ശ്രീ. എം. വി. ജയരാജൻ: ബഹുമാനപ്പെട്ട മന്ത്രി കോവളം ഗസ്റ്റ് ഹൗസും അതുൾപ്പെടുന്ന സ്ഥലവുമൊന്നും ആരും കൈവശപ്പെടുത്താൻ നോക്കുന്നില്ലായെങ്കിൽ പിന്നെയെന്തിനാണ് ടോൾ ബൂത്ത് വച്ചത്? പിന്നെ പി.ഡബ്ല്യു.ഡി. റോഡിൽ അവരെങ്ങനെ അധികാരത്തോടുകൂടി ടോൾ ബൂത്ത് ഉണ്ടാക്കി?

ശ്രീ. കെ. സി. വേണുഗോപാൽ: പിറ്റേ ദിവസം തന്നെ ആ ടോൾ ബൂത്ത് അവിടെനിന്നുമാറ്റി.

ശ്രീ. ടി. കെ. ദേവകുമാർ: ജി. 4-10806/2002, താലൂക്ക് ഓഫീസ് നെയ്യാറ്റിൻകര, തീയതി 18-4-2002 ഇത് കോവളത്തെ സ്ഥലത്തിന്റെയാണ്. Certified on enquiry through the Village Officer, Vizhinjam—തണ്ടപ്പേര് നമ്പർ 17653, ഇതിൽ എത്ര ഭൂമിയുണ്ടെന്നത് സംബന്ധിച്ച് കൊടുത്തിരിക്കുന്ന സർട്ടിഫിക്കറ്റാണ്. ഈ തീയതിക്ക് ഒരു പ്രത്യേകതയുണ്ട്. ഈ തീയതി കഴിഞ്ഞ് രണ്ടുദിവസം കഴിഞ്ഞ് അവിടെ ഒരു പണി നടന്നു. ഇത് പരിശോധിച്ചിട്ട് പറഞ്ഞാൽ മറ്റേ വാക്ക് പിൻവലിക്കാം.

മി. ചെയർമാൻ: Please put your question.

ശ്രീ. രാജു എബ്രഹാം: അതുകൊണ്ട് ഇതിനെ സംബന്ധിക്കുന്ന എല്ലാ പഴുതുകളും അവസാനിക്കുന്നില്ല. ഇവിടെ ബി.ജെ.പിയും മുസ്ലീം ലീഗും കൈകോർത്ത പ്രത്യേക അവസ്ഥ ഉണ്ടായി. താമരയും കോവണിയും ഒരേ തോണിയിൽ സഞ്ചരിച്ച അവസ്ഥയാണ്. ഈ കച്ചവടത്തിൽ രാഷ്ട്രീയമായിട്ടുള്ള പ്രധാന പ്രശ്നം കൈപ്പത്തികൂടി ഇതിലുണ്ടോ എന്നുള്ളതാണ്. അതുകൊണ്ടാണ് ഞങ്ങൾ സൂചിപ്പിച്ചത് ഭരണപക്ഷവും പ്രതിപക്ഷവും ഒരുമിച്ചുകൊണ്ട് ഏകകണ്ഠമായി ഈ ബിൽ പാസാക്കാൻ കഴിയുന്ന രീതിയിൽ നിയമനിർമ്മാണം ഉണ്ടാകണം. സബ്ജക്ട് കമ്മിറ്റിയിൽ പോയി മടങ്ങിവരുമ്പോൾ ഇപ്പോൾ ഉന്നയിക്കപ്പെട്ടിട്ടുള്ള പ്രശ്നങ്ങളിലും ഇനിയും ഉന്നയിക്കാൻ പോകുന്ന പ്രശ്നങ്ങളിലും ആ പഴുതുകൾ എല്ലാം അടച്ചുകൊണ്ട് കുറ്റമറ്റരീതിയിലുള്ള ഒരു ബില്ലായി അവതരിപ്പിച്ചെങ്കിൽ മാത്രമേ ചരിത്രപരമായി മലയാളികൾക്ക് അഭിമാനിക്കാൻ കഴിയുന്ന തരത്തിൽ ചരിത്രത്തിൽ സ്ഥാനം പിടിച്ചിരിക്കുന്നവയെപ്പറ്റി അഭിമാനപൂർവ്വം നമ്മുടെ അടുത്ത തലമുറയ്ക്ക് പറഞ്ഞുകൊടുക്കുവാനും കോവളത്തെയും അനുബന്ധസ്ഥാപനങ്ങളെയും രക്ഷപ്പെടുത്താനും നമുക്ക് കഴിയുകയുള്ളൂ എന്ന പൂർണ്ണ ധാരണ അധികാരത്തിലിരിക്കുന്ന ഗവൺമെന്റിനും ബഹുമാനപ്പെട്ട മന്ത്രിക്കും ഉണ്ടാവണം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എൻ. പ്രതാപൻ : സർ, 2005-ലെ കോവളം കൊട്ടാരം (വീണ്ടെടുക്കൽ വഴി ഏറ്റെടുക്കൽ) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 30-9-2005 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. 12.00 NOON] വളരെ പ്രധാനപ്പെട്ട ഒരു ബില്ലാണ് കോവളം കൊട്ടാരം ഏറ്റെടുക്കൽ ബിൽ. അതിന് ഇത്ര രാഷ്ട്രീയ നിറം കൊടുക്കേണ്ട കാര്യമില്ല. സമൂഹമദ്ധ്യത്തിൽ വളരെയേറെ ചർച്ച ചെയ്യപ്പെട്ട കാര്യം, ഈ കാര്യത്തിൽ ഇത്രയും സത്യസന്ധമായും നിഷ്പക്ഷമായും ഗവൺമെന്റും വകുപ്പുമന്ത്രിയും കാണിച്ച താത്പര്യം അഭിനന്ദനാർഹമാണ്. വളരെ വിശാലമായ താത്പര്യത്തോടു കൂടിയാണ് ഇത് ഏറ്റെടുക്കാൻ ബിൽ കൊണ്ടുവന്നത്. ബഹുമാനപ്പെട്ട ടി. എം. ജേക്കബ് വളരെ ഗൗരവത്തോടെയാണ് ഇതിനെ സമീപിച്ചത്. ബഹുമാനപ്പെട്ട രാജു എബ്രഹാമും മറ്റും ഇതിനിടയിൽ നടത്തിയ ചോദ്യവും ഇതിന് രാഷ്ട്രീയ നിറം നൽകാൻവേണ്ടിയുള്ള ശ്രമമായിരുന്നു. രാഷ്ട്രീയമില്ലാതെതന്നെ ഐകകണ്ഠ്യേന പാസ്സാക്കേണ്ട ഒരു ബില്ലാണിതെന്ന് ശ്രീ. ദേവകുമാർ ഉൾപ്പെടെയുള്ളവർ മനസ്സിലാക്കണം. ഇതിൽ സംസാരിച്ചവർ വേറെ ആർക്കെങ്കിലും വേണ്ടി വാദിക്കുന്നതുപോലെയാകരുത്. കോവളം കൊട്ടാരത്തെപ്പറ്റി ഒരു ഹിസ്റ്ററി പ്രതിപാദിക്കപ്പെട്ടു. എല്ലാ മാധ്യമങ്ങളിലും വന്നതാണ്. 2002 ജൂലൈയിലാണ് കൊട്ടാരം കൈമാറിയത്. അന്നത്തെ എൻ.ഡി.എ. ഗവൺമെന്റാണ് ഈ കൊട്ടാരം കൈമാറുന്നതിനുവേണ്ടിയുള്ള കച്ചവടം നടത്തിയതെന്ന കാര്യം നമുക്കറിയാം. ഇവിടെ വളരെ വികാരപരമായി ശ്രീ. രാജുവൊക്കെ സംസാരിച്ചല്ലോ. 2002 ജൂലൈയിൽ കൈമാറിയ കൊട്ടാരത്തിൽ ഒരു കൊല്ലം കഴിയുന്നതുവരെ അപ്പുറത്തിരിക്കുന്ന ശ്രീ. രാജുവിന്റെ പാർട്ടിയിൽ ഉൾപ്പെടെയുള്ള ആളുകളാരും ഈ കാര്യത്തിൽ ഒരു ഇടപെടലോ കോവളം കൊട്ടാരം തിരിച്ചെടുക്കണമെന്നാവശ്യപ്പെട്ട് പ്രക്ഷോഭമോ സമരങ്ങളോ നടത്തിയിരുന്നില്ല. ഒരു പത്രവാർത്തപോലും കൊടുത്തിരുന്നില്ല എന്നുള്ളത് മനസ്സിലാക്കണം.

ശ്രീ. എം. എം. ഹസ്സൻ : അപ്പുറത്തുള്ള മെമ്പർമാരുടെ ബില്ലിലെ ചർച്ചയിൽ ഗൾഫാർ മുഹമ്മദാലിക്ക്, ഈ സ്ഥാപനത്തിന്റെ ഉടമസ്ഥനുവേണ്ടി ഈ ഗവൺമെന്റും, മുസ്ലീംലീഗിന്റെ പേരൊക്കെ പറഞ്ഞല്ലോ ഇവരൊക്കെ അവിഹിതമായി പലതും ചെയ്തുകൊടുത്തുവെന്നുള്ള മട്ടിലാണല്ലോ സംസാരിച്ചത്. എന്നാൽ ഗൾഫാർ മുഹമ്മദാലിക്ക് കേരളത്തിൽ ആദ്യമായിട്ട് ഒരു ഇൻവെസ്റ്റുമെന്റ് ഉണ്ടായത് മരടിലെ International Convention Centre ആണ്. ആ സെന്റർ തുടങ്ങാൻ പ്രേരിപ്പിച്ചത് മുൻ മുഖ്യമന്ത്രി യശ്ശഃശരീരനായ ഇ. കെ. നായനാരാണ്. ഗൾഫാർ മുഹമ്മദാലിയുടെ കേരളത്തിലെ ഏറ്റവുമടുത്ത സുഹൃത്തുക്കളിൽ ഒരാൾ സി.പി.എം.-ന്റെ സംസ്ഥാന ജനറൽ സെക്രട്ടറി ശ്രീ. പിണറായി വിജയനാണ്. ആ സാഹചര്യത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

അദ്ദേഹത്തിന്റെ പേരിൽ ഇങ്ങനെ ഏതെങ്കിലും രാഷ്ട്രീയ പക്ഷപാതിത്വം ആരോപിക്കുന്നത് ശരിയാണെന്ന് അങ്ങേയ്ക്ക് തോന്നുന്നുണ്ടോ?

ശ്രീ. ടി. എൻ. പ്രതാപൻ: ബഹുമാന്യനായ മുൻ മന്ത്രി ശ്രീ. എം. എം. ഹസ്സൻ പറഞ്ഞത് വളരെ വാസ്തവമാണ്. ഇ. കെ. നായനാരുടെ ഒരു ഗൾഫ് ഡയറി കേരളശബ്ദം പ്രസിദ്ധീകരിക്കുകയുണ്ടായി. അദ്ദേഹം ●സ്ക്കറ്റിൽ ഉൾപ്പെടെ പോയപ്പോഴുണ്ടായ അനുഭവമായിട്ടാണ് കേരളശബ്ദം ആ ഗൾഫ് ഡയറി പ്രസിദ്ധീകരിച്ചത്. ആ ലക്കത്തിലെ മഹാഭൂരിപക്ഷം വരുന്ന പേജുകളും ഗൾഫാർ മുഹമ്മദാലിയെക്കുറിച്ച് വാനോളം പുകഴ്ത്താൻ ഉപയോഗിച്ചിരിക്കുകയാണ്. ഗൾഫാർ മുഹമ്മദാലിയുടെ സംഭാവനകളും വിദേശ സംഭാവനകളും അതുവഴി ഇന്ത്യയുടേയും കേരളത്തിന്റേയും അഭിമാനമാണെന്നൊക്കെ പറഞ്ഞ ബഹുമാന്യനായ മുൻ മുഖ്യമന്ത്രി ഇ. കെ. നായനാർ എഴുതിയ ലേഖനം വായിച്ചാൽ നമ്മളെല്ലാവരും അത്ഭുതപ്പെട്ടുപോകും. അപ്പോൾ ഗൾഫാർ മുഹമ്മദാലിക്ക് വേറെ രീതിയിലുള്ള മുഖമായ നൽകി രാഷ്ട്രീയവൽക്കരിച്ച് ഇതിനെ ചെറുതാക്കാൻ ശ്രമിക്കുന്നത് അങ്ങേയറ്റം ഖേദകരമാണ്. അതുകൊണ്ട് ഇതിന്റെ ഒരു ചരിത്ര പശ്ചാത്തലംകൂടി വ്യക്തമായി മനസ്സിലാക്കുന്നത് നല്ലതാണെന്നാണ് എന്റെ വിനയപൂർവ്വമായ അഭ്യർത്ഥന. ബഹുമാനപ്പെട്ട എം. എം. ഹസ്സൻ ഇവിടെ പറഞ്ഞത് നൂറു ശതമാനം ശരിയാണ്. ഗൾഫാർ മുഹമ്മദാലിയെ ഏറ്റവുമധികം പ്രോത്സാഹിപ്പിച്ചിട്ടുള്ളത് മരിച്ചുപോയ സഖാവ് ഇ. കെ. നായനാരുൾപ്പെടെയുള്ള ആളുകളാണെന്നുള്ളത് പച്ചയായ സത്യമാണ്. അന്ന് വായിച്ചറിയണമെങ്കിൽ കേരള ശബ്ദം, അത് ബുക്കായി പ്രസിദ്ധീകരിച്ചു എന്നാണ് മനസ്സിലാക്കുന്നത്, ഇ. കെ. നായനാരുടെ ഗൾഫ് ഡയറി ഒന്ന് വായിക്കേണ്ടതാണെന്ന് പ്രത്യേകിച്ചും അപ്പുറത്തുള്ള ആളുകളെ ഓർമ്മപ്പെടുത്തുകയാണ്. ഇപ്പോൾ ഈ കൊട്ടാരം ഏറ്റെടുത്തുകൊണ്ടുള്ള ഓർഡിനൻസിനുപകരമായിട്ടാണ് ഈ ബിൽ ഇവിടെ കൊണ്ടുവരുന്നത്. ചരിത്രസ്മാരകമായ ഈ കൊട്ടാരവും 4.13 ഹെക്ടർ കടലോരഭൂമിയും സംസ്ഥാന സർക്കാർ ഏറ്റെടുത്ത് സംരക്ഷിക്കണമെന്നുള്ളത് ദേശാഭിമാനികളായ മുഴുവൻ ആളുകളുടേയും വികാരമാണ്. മാതൃഭൂമിയിൽ ഇതുമായി ബന്ധപ്പെട്ട് ആദ്യ വാർത്ത വരുന്നതുവരെ ഇവിടെ ആരും ഇതിനെപ്പറ്റി ഒന്നും പ്രതികരിച്ചിരുന്നില്ല. മാതൃഭൂമിയാണ് ഈ വാർത്ത ആദ്യമായി കൊണ്ടുവരുന്നത്. അതുവരെ ഒരു പ്രതികരണവുമുണ്ടായിരുന്നില്ല. അതിനെപ്പറ്റി ഉപശാലകളിൽ വേറെയും പല വാർത്തകളുമുണ്ട്. ഞങ്ങളാരും ഇവിടെ ഉന്നയിക്കുന്നില്ല. മാർക്സിസ്റ്റ് പാർട്ടിയുടെ ജില്ലാ സെക്രട്ടറി ഒരുകോടി രൂപ ആവശ്യപ്പെട്ടിരുന്നുവെന്നും 10 ലക്ഷമോ 15 ലക്ഷമോ കൊടുക്കാമെന്ന് പറഞ്ഞുവെന്നും അതുപോരാ എന്ന് പറഞ്ഞുവെന്നും വേറെ ചില മുൻ മന്ത്രിമാർ ജോലി ആവശ്യപ്പെട്ടുവെന്നും അതുകൊടുക്കാൻ പറ്റില്ലെന്ന്

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞുവെന്നും അതിന്റെ പേരിലാണ് പിന്നീട് സമരമായി മാറി പ്രക്ഷോഭ മുണ്ടായതെന്നുമൊക്കെയാണ് ഉപശാലാ വാർത്തകൾ. അത് ഞങ്ങളാരും ഉന്നയിക്കുന്നില്ല. ഞങ്ങളാരും ഈ ആരോപണം പറയുന്നില്ല എന്നകാര്യം പ്രത്യേകം എടുത്തുപറയുന്നു. ഇതെല്ലാം ഉപശാലകളിൽ നടക്കുന്ന ചർച്ചകളും അരമനവാർത്തകളുമാണെന്ന കാര്യം സഭയുടെ ശ്രദ്ധയിൽപ്പെടുത്താൻവേണ്ടി പറയുകയാണ്. നമുക്ക് നമ്മുടെ പാരമ്പര്യ സ്വത്ത് .....

ശ്രീ. സാജുപോൾ : സർ, ബഹുമാനപ്പെട്ട ടി. എൻ. പ്രതാപൻ ഇറിടെ ഒരുകോടി രൂപയുടെ കണക്കാണ് പറഞ്ഞത്. കോൺഗ്രസ്സിന്റെതന്നെ ഇന്നലെ രാജിവച്ചുപോയെങ്കിലും ആ പാർലമെന്ററി പാർട്ടിയിൽ അംഗങ്ങളായിരുന്ന രണ്ടുപേർ 1500 കോടി രൂപയുടെ അഴിമതി ആരോപണം പരസ്യമായി ഉന്നയിച്ചു. അതിനെപ്പറ്റി ശ്രീ. ടി. എൻ. പ്രതാപന് എന്തെങ്കിലും പറയാനുണ്ടോ?

ശ്രീ. ടി. എൻ. പ്രതാപൻ : ഈ അഴിമതി ആരോപണം പറഞ്ഞ ആളുകളെ കുറിച്ച് നിങ്ങൾ മുമ്പ് പൈപ്പ് കുംഭകോണം പറഞ്ഞു നടന്നിരുന്നതാണ്. അതുകൊണ്ട് ആ പറയുന്നതിൽ എത്രത്തോളം വാസ്തവമുണ്ടെന്നുള്ളത് കേരളത്തിലെ ജനങ്ങൾക്കും രാഷ്ട്രീയ പ്രവർത്തകർക്കും വളരെയേറെ അറിയുന്നതാണ്. ദയവുചെയ്ത് ശ്രീ. സാജുപോളിനെപ്പോലെയുള്ള ആളുകൾ അതൊന്നും പറയരുത്. ഞാനിവിടെ ആരോപണം ഉന്നയിച്ചിട്ടില്ല. ഞാൻ പറയുന്നത് ഉപശാലാ വാർത്തകളാണ്. അത് ശരിയാണെന്നും ഞാൻ പറഞ്ഞിട്ടില്ല. കാരണം ആ ഉപശാലാ വാർത്തകൾ ശരിയാണെന്ന് ആളുകൾക്കിടയിൽ പരാമർശ വിധേയമാക്കാനുള്ള കാരണമായി 2002 ജൂലൈയിൽ നടന്ന കാര്യത്തെക്കുറിച്ച് എന്തുകൊണ്ട് സി.പി.എം.ന്റെ ജില്ലാ സെക്രട്ടറി ഉൾപ്പെടെയുള്ള ആളുകൾ ഒന്നിൽച്ചിലാനം കൊല്ലം മിണ്ടാതിരുന്നു എന്നുള്ളത് ആളുകൾ ചോദിക്കുന്ന ന്യായമായ സംശയമാണെന്നു മാത്രമേ പറഞ്ഞുള്ളൂ.

ശ്രീ. കെ. വി. കുഞ്ഞിരാമൻ : അങ്ങ് ഉപശാലാ വാർത്തകൾക്ക് തീരെ ഒരു പരിഗണന കൊടുക്കുന്നില്ല എന്നുള്ള നിലയിലാണല്ലോ സംസാരിക്കുന്നത്. മാർക്സിസ്റ്റു പാർട്ടി ഗൾഫാർ മുഹമ്മദാലിയോട് ഒരു കോടി രൂപ ചോദിച്ചതു കൊണ്ടാണ്, അത് കൊടുക്കാത്തതുകൊണ്ടാണ്, ആ കൊതിക്കെറുവിന്റെ ഭാഗമായിട്ടാണ് ഇപ്പോൾ ഇങ്ങനെയൊരു നിലപാടെടുക്കുന്നതെന്നുപറഞ്ഞു. ഇതേ നിയമസഭയിൽ അംഗമായിട്ടുള്ള ശ്രീ. ടി. എം. ജേക്കബ് 1050 കോടി രൂപയുടെ ആരോപണം മുഖ്യമന്ത്രിക്കെതിരായി 11 ഇനങ്ങളിൽ അക്കമിട്ട് നിരത്തി പത്രസമ്മേളനം നടത്തി. അതിനോടൊന്ന് പ്രതികരിക്കാൻപോലും മുഖ്യമന്ത്രി ഉൾപ്പെടെയുള്ള ആളുകൾ തയ്യാറായിട്ടില്ലല്ലോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എൻ. പ്രതാപൻ : ബഹുമാന്യനായ ടി. എം. ജേക്കബ് യു.ഡി.എഫ്. മന്ത്രിയായിരുന്ന സന്ദർഭത്തിൽ അപ്പുറത്തിരുന്നുകൊണ്ട് നിങ്ങൾ എത്രയോ ആരോപണങ്ങൾ പ്രഗത്ഭനായ ആ നല്ല പാർലമെന്റേറിയനെക്കുറിച്ച് ഉന്നയിച്ചു. അതൊന്നും വാസ്തവമായിരുന്നില്ല. നിങ്ങൾ ശ്രീ. ടി. എം. ജേക്കബിനെക്കുറിച്ച് അപ്പുറത്തിരുന്നുകൊണ്ട് പലപ്പോഴും പത്രങ്ങളിലും സഭയിലും പറഞ്ഞ ആരോപണങ്ങളൊന്നും കഴമ്പുള്ളതായിരുന്നില്ല. അതൊക്കെ രാഷ്ട്രീയം മാറുമ്പോഴും ചേരി മാറുമ്പോഴും അപ്പുറത്തും ഇപ്പുറത്തും ഇരിക്കുമ്പോഴും പലതും പറയും. അത് ആ ഗൗരവത്തിൽ മാത്രമേ കാണേണ്ടതുള്ളൂ.

ശ്രീ. ടി. എം. ജേക്കബ് : ശ്രീ. ടി. എൻ. പ്രതാപൻ എന്തറിഞ്ഞിട്ടാണ് പറയുന്നത്? കഴിഞ്ഞ നിയമസഭയിൽ ഭരണകക്ഷിയായിരുന്ന ആളാണ് ഞാൻ. അവർ അങ്ങനെ എഴുതിക്കൊടുത്ത് ഒരു ആരോപണവും എന്റെ പേരിൽ കൊണ്ടുവന്നിട്ടില്ല. ഇല്ലാത്ത കാര്യം പറയരുത്.

ശ്രീ. ടി. എൻ. പ്രതാപൻ : സഭയിൽ മാത്രമല്ല എത്രയോ തവണ ബഹുമാനപ്പെട്ട ടി. എം. ജേക്കബ് തന്നെ ഇ. കെ. നായനാർക്കെതിരെ ആരോപണങ്ങളുന്നയിച്ചിട്ടുണ്ട് ? നമ്മൾ അതൊക്കെ രാഷ്ട്രീയമായ രീതിയിൽ കണ്ടാൽ മതി.

മി. ചെയർമാൻ : You come to the bill.

ശ്രീ. ടി. എം. ജേക്കബ് : സർ, ഞാൻ ഇ. കെ. നായനാർക്കെതിരെ ശക്തമായ വിമർശനം നടത്തിയിട്ടുണ്ട്. പക്ഷേ അദ്ദേഹത്തിനെതിരെ അഴിമതി ആരോപണം ഞാൻ ഈ സഭയിൽ ഉന്നയിച്ചിട്ടില്ല. ഞാൻ ഇവിടെ ഇരുന്നുകൊണ്ട് അന്നത്തെ ഭരണകക്ഷിയിലെ ചിലയാളുകൾക്കെതിരെ ആരോപണം ഉന്നയിച്ചിട്ടുണ്ട്. ഇ. കെ. നായനാർക്കെതിരെയല്ല.

ശ്രീ. ടി. എൻ. പ്രതാപൻ : സർ, ഇ. കെ. നായനാരുടെ മകനും മരുമകനുമെതിരെയാണ് ഉന്നയിച്ചത്. ഇ. കെ. നായനാർക്കെതിരെ നേരിട്ട് പറയണമോ? ഇ. കെ. നായനാരുടെ മകനും മരുമകനും എതിരെ പറയുക എന്നുപറഞ്ഞാൽ ഇ. കെ. നായനാർക്ക് എതിരെ പറയുന്നതിന് തുല്യമല്ലേ? മകനും മരുമകനും സഭയിൽ ഇല്ലല്ലോ.

മി. ചെയർമാൻ : അങ്ങ് വഴങ്ങരുത്, സമയമില്ല.

ശ്രീ. സാജുപോൾ : ബഹുമാന്യനായ ടി. എൻ. പ്രതാപൻ ഇവിടെ ഏറ്റവും ഗംഭീരമായി കുറേ കാര്യങ്ങൾ അവതരിപ്പിക്കുന്നുണ്ട്. ഒറ്റ ചോദ്യമേ എനിക്ക്

LIBRARY ARCHIVES Kerala Legislative Assembly

ചോദിക്കാനുള്ളൂ, അദ്ദേഹത്തിന്റെ രാഷ്ട്രീയ ഗുരുവായ ശ്രീ. വി. എം. സുധീരൻ, കേരളത്തിന്റെ ഇപ്പോഴത്തെ വ്യവസായ വകുപ്പുമന്ത്രി കരിമണൽ ലോബിയുടെ വിനീത വിധേയനാണെന്നും ആശ്രിതവത്സലനാണെന്നും പറഞ്ഞുകൊണ്ട് രൂക്ഷമായ ആരോപണം ഈ ഗവൺമെന്റിനെതിരെ ഉന്നയിച്ചിട്ടുണ്ട്. അതുസംബന്ധിച്ച് ശ്രീ. ടി. എൻ. പ്രതാപന്റെ പ്രതികരണമെന്താണ്?

ശ്രീ. ടി. എൻ. പ്രതാപൻ: സർ, കരിമണൽ ഖനനം നടത്തുന്നതു സംബന്ധിച്ച് നൂറുശതമാനവും ഞാൻ വ്യക്തിപരമായി എതിരാണ്. ശാസ്ത്രീയമായി പഠിച്ചുതന്നെവേണം കരിമണൽ ഖനനം നടത്തേണ്ടത്. അവിടെയുള്ള പരിസ്ഥിതി പ്രശ്നങ്ങൾ, അവിടെ താമസിക്കുന്ന ആളുകളുടെ ജീവിത പ്രയാസങ്ങൾ, അത് നടത്തിയാലുണ്ടാകുന്ന ആ ഭൂപ്രകൃതിയുടെ നഷ്ടം ഇതൊക്കെ വളരെ ഗുരുതരമായ കാര്യമാണ്. അതുകൊണ്ട് കേരളത്തിൽ ഇപ്പോൾ പറയപ്പെടുന്ന സ്ഥലങ്ങളിൽ കേന്ദ്ര അനുമതി ലഭിച്ചിട്ടുണ്ടെങ്കിൽപ്പോലും കരിമണൽ ഖനനം നടത്തുന്നത് ശരിയല്ല, അത് മാറ്റിവയ്ക്കണം, പുനഃപരിശോധിക്കണമെന്നുതന്നെയാണ് എന്റെ വ്യക്തിപരമായ അഭിപ്രായം. ബഹുമാന്യനായ മുഖ്യമന്ത്രിയും ഈ കാര്യത്തിൽ ആലോചന നടത്തിമാത്രമേ തീരുമാനമെടുക്കൂ എന്ന് പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് ശ്രീ. സാജുപോൾ അത് ഇതിലേക്ക് വലിച്ചിഴയ്ക്കേണ്ട കാര്യമില്ല. വളരെ പ്രാധാന്യമുള്ള ഒരു ബില്ലാണിത്. ഈ ബിൽ കൊണ്ടു വന്ന ഗവൺമെന്റിനെ ഞാൻ അഭിനന്ദിക്കുകയാണ്. അപ്പുറത്തും ഇപ്പുറത്തും ഇരുന്ന എല്ലാവരും എൻ.ഡി.എ. ഗവൺമെന്റിന് എതിരായിട്ടാണല്ലോ നിന്നിരുന്നത്. ഐ.റ്റി.ഡി.സി. യുടെ കോവളം അശോകാ ബീച്ച് റിസോർട്ട് നഷ്ടത്തിലാണെന്നു പറഞ്ഞാണ് 43.68 കോടി രൂപയ്ക്ക് ഒരു സ്വകാര്യ കമ്പനിക്ക് ഇതു വിറ്റത്. ഹോട്ടലിന്റെ സ്ഥലത്തിനു തന്നെ ഇതിലും എത്രയോ മടങ്ങ് വില വരും എന്ന് അന്നു തന്നെ ചൂണ്ടിക്കാണിക്കപ്പെട്ടിരുന്നു. അവിടത്തെ ഭൂമിയുടെ വില ഒരു സെന്റിന് ഒരു ലക്ഷം രൂപയിൽ കൂടുതൽ വരും എന്നാണ് കണക്കാക്കിയത്. നിലവിലുള്ള വില നിലവാരം അനുസരിച്ചല്ല വില നിശ്ചയിച്ചതെന്നുള്ള അഭിപ്രായം പലരും അന്നേ പ്രകടിപ്പിക്കുകയുണ്ടായി. ഈ ഇടപാടിൽ ഒട്ടേറെ ദുരൂഹതയുണ്ടെന്നാണ് സംശയിക്കപ്പെടുന്നത്. എൻ.ഡി.എ. ഗവൺമെന്റിലെ പല ആളുകളും ഇക്കാര്യത്തിൽ അവിഹിതമായി ഇടപെട്ടു എന്നുള്ളത് ശ്രദ്ധേയമാണ്. അതുകൊണ്ടാണല്ലോ ഈ ബില്ലിൽ ഒരേ മനസ്സുണ്ടാകാൻ ഇടയായത്. എൻ.ഡി.എ. ഗവൺമെന്റിലെ പല ആളുകളും അവിഹിതമായി ഇടപെട്ടതിന്റെ പേരിൽ തന്നെയാണ് ഏകദേശം ഒരു ലക്ഷം രൂപയോളം സെന്റിനു വില വരുന്ന ഈ സ്ഥാപനം ഇങ്ങനെ പോകാനിടയായത് എന്നത് പച്ചയായ സത്യമാണ്. നിയമങ്ങളും നടപടിക്രമങ്ങളും കാറ്റിൽ പറത്തി എന്നുള്ളത് വ്യക്തമായി തെളിഞ്ഞ ഒരു സംഭവമാണ്. കോവളത്തെ അശോകാ ബീച്ച് റിസോർട്ട് വാങ്ങിയ സ്വകാര്യ ഹോട്ടൽ

LIBRARY ARCHIVES Kerala Legislative Assembly

ഉടമയും കേന്ദ്ര വിനോദ സഞ്ചാര വകുപ്പിന്റെ ജോയിന്റ് സെക്രട്ടറിയും കേരളാ ടൂറിസം സെക്രട്ടറിയും 2003 മാർച്ച് മാസം 27-ന് സംയുക്ത യോഗം ചേർന്നിരുന്നു. കോവളം കൊട്ടാരം സ്വകാര്യ സ്ഥാപനത്തിന് കൈമാറണമെന്നും പകരം കെ.ടി.ഡി.സി.യുടെ ചില ആസ്തികളിന്മേലുള്ള അവകാശവാദം സ്വകാര്യ സ്ഥാപനങ്ങൾ ഉപേക്ഷിക്കണമെന്നും ആ യോഗത്തിൽ നിർദ്ദേശം ഉയർന്നു. ഇത്തരം ഒരു നടപടിക്ക് സംസ്ഥാന സർക്കാരിന്റെ അംഗീകാരം വേണമെന്ന് സംസ്ഥാന ടൂറിസം സെക്രട്ടറി ചൂണ്ടിക്കാണിച്ചു. ശ്രീ. എ. കെ. ആന്റണിയുടെ നേതൃത്വത്തിലുള്ള മന്ത്രിസഭ അതംഗീകരിച്ചില്ല. ഈ നിർദ്ദേശം നടപ്പിലാക്കാൻ സമ്മതിച്ചില്ല. എന്നിട്ടുപോലും കോവളം കൊട്ടാരം വിൽക്കപ്പെടുകയാണ്, ആ ഭൂമി കൈമാറ്റം ചെയ്യപ്പെടുകയാണുണ്ടായത്. ശ്രീ. രാജു എബ്രഹാം പറഞ്ഞതുപോലെ ഈ സാഹചര്യത്തെ സംബന്ധിച്ച് അന്വേഷിക്കേണ്ടതാണ്. മന്ത്രിസഭ അനുവാദം നൽകാതിരുന്ന ഒരു കാര്യം, മന്ത്രിസഭ കൈമാറരുതെന്ന് പറഞ്ഞ ഒരു കാര്യം എങ്ങനെ കൈമാറ്റം ചെയ്യപ്പെട്ടു എന്നുള്ളതിനെ സംബന്ധിച്ച് അന്വേഷണം വേണം. കേരളത്തിന്റെ പൈതൃക സ്വത്താണ് കോവളം കൊട്ടാരം. ചരിത്രപ്രാധാന്യമുള്ള ഇത്തരം കൊട്ടാരങ്ങൾ മന്ത്രിസഭയുടെ അംഗീകാരം പോലുമില്ലാതെ സ്വകാര്യ കമ്പനിക്ക് കൈമാറിയത് എങ്ങനെ എന്ന് മനസ്സിലാകുന്നില്ല. അതു മനസ്സിലാക്കാനുള്ള അവകാശം ജനങ്ങൾക്കുണ്ട്. അതന്വേഷിച്ചേ പറ്റൂ. ഒരു സ്വകാര്യ വ്യക്തി കൊട്ടാരം കയ്യടക്കി എന്നുള്ളതു തന്നെയാണ് ഇവിടത്തെ മുഖ്യമായ പ്രശ്നം. സംസ്ഥാന സർക്കാരിനെപ്പോലും അവഗണിച്ചുകൊണ്ട് എതാനും ഉദ്യോഗസ്ഥർ ചേർന്ന് അനധികൃതമായി ഒരു ഇടപാട് എങ്ങനെ ഒപ്പിച്ചു എന്നുള്ളതു കൂടി ഗൗരവമായി കാണണം. അല്ലെങ്കിൽ ഈ കൊട്ടാരം പോകുന്ന പ്രശ്നം നമുക്ക് ഉണ്ടാകുമായിരുന്നില്ല. ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രിയായിരുന്ന കാബിനറ്റ് ഇതംഗീകരിക്കാതെ വിട്ട ഒരു കാര്യമാണ്. ഇത്തരം ഇടപാട് നടത്തിയ ഉദ്യോഗസ്ഥർക്ക് ജനാധിപത്യത്തിന്റെ അടിവേരറുക്കുവാൻ വലിയ പ്രയാസം ഉണ്ടാവില്ല. അതുകൊണ്ട് ആ കാര്യം കൂടി ഈ ചർച്ചാവേളയിൽ പൂർണ്ണമായും അന്വേഷണ വിധേയമാക്കേണ്ടതാണ്.

ശ്രീ. മത്തായി ചാക്കോ : ബഹുമാനപ്പെട്ട മുൻ മുഖ്യമന്ത്രി എ.കെ. ആന്റണി ഉൾപ്പെടെയുള്ള കാബിനറ്റ് അംഗീകരിക്കാതെയിരുന്ന ഒരു കാര്യം അദ്ദേഹത്തിന്റെ ഭരണ സമയത്തോ അതിനുശേഷമോ ഉദ്യോഗസ്ഥർ നടത്തി എന്നു പറഞ്ഞു കഴിഞ്ഞാൽ, ഇവിടെ ഉദ്യോഗസ്ഥ ഭരണമാണ് നടക്കുന്നതെന്നും മന്ത്രിമാർ ഇതൊന്നും അറിയുന്നില്ല എന്നുമാണോ അങ്ങ് ഉദ്ദേശിക്കുന്നത്?

ശ്രീ. ടി. എൻ. പ്രതാപൻ : കാബിനറ്റ് അതു കൊടുക്കണ്ട എന്നു തീരുമാനിച്ചു. പിന്നെ എങ്ങനെയാണ് പോയതെന്നറിയില്ല. അതുകൊണ്ടാണല്ലോ ആ കാബിനറ്റു തന്നെ തീരുമാനിച്ചത് അതു കൈമാറാൻ പാടില്ലെന്ന്. അന്നത്തെ കാബിനറ്റിന്റെ

LIBRARY ARCHIVES Kerala Legislative Assembly

തുടർച്ചയാണ് ഇപ്പോഴത്തെ ശ്രീ. ഉമ്മൻചാണ്ടി ഗവൺമെന്റിന്റെ നേതൃത്വത്തിലുള്ള കൃാബിനറ്റ്. അങ്ങനെയാണ് ഭരണ പ്രതിപക്ഷ വ്യത്യാസമില്ലാതെ ഗൗരവപൂർവ്വം അന്വേഷണം നടത്തേണ്ട ഒരു വിഷയമാണിതെന്ന് തീരുമാനിച്ചത്. കൃാബിനറ്റ് ചെയ്യരുതെന്നു പറയുക, ഉദ്യോഗസ്ഥന്മാർ കൃാബിനറ്റ് അറിയാതെ തീരുമാനമെടുക്കുക. അതു ശരിയല്ല. നമ്മുടെ നാട്ടിൽ ഇങ്ങനെയുണ്ടാകാൻ പാടില്ല. ഉദ്യോഗസ്ഥന്മാർ നമ്മുടെ പൈതൃക സ്വത്തുക്കളും പൊതുമുതലും അവരുടേതായ ഇഷ്ടത്തിനനുസരിച്ച്, ചില തീരുമാനങ്ങളെടുത്ത് കൈമാറുന്ന ഒരു സിസ്റ്റം ഒരിക്കലും ഒരു ജനാധിപത്യ സമൂഹത്തിനു യോജിച്ചതല്ല. അതുകൊണ്ട് ഇതിനെതിരെ ബില്ലു കൊണ്ടുവരാൻ തയ്യാറായ, നമ്മുടെ കയ്യിൽ നിന്നും നഷ്ടപ്പെട്ടുപോകുമെന്ന് തോന്നിയ നമ്മുടെ പൈതൃക സമ്പത്തായ കോവളം കൊട്ടാരവും അതിനോടനുബന്ധമായ സ്ഥലങ്ങളും തിരിച്ചു പിടിക്കുന്നതിനുവേണ്ടി, നമ്മുടെ കയ്യിൽ തന്നെ നിലനിർത്തുന്നതിനുവേണ്ടി കൊണ്ടു വന്ന ഈ ബില്ലിന്റെ സദുദ്ദേശത്തെ അപ്രീഷ്യേറ്റ് ചെയ്യണം. ഭരണ പ്രതിപക്ഷ വ്യത്യാസമില്ലാതെ നമ്മളെല്ലാവരും ആ രീതിയിൽ അതിനെ കാണണം. ഈ ബില്ലിന്റെ ഏതു ക്ലോസ്സ് വായിച്ചാലും, 1970 മുതലുള്ള നഷ്ടപരിഹാരം എന്നു പറഞ്ഞാൽ, അതു കൊടുക്കാൻ വേണ്ടിയുള്ളതല്ല എന്ന് അതു വായിച്ചാൽ അറിയാം. യാതൊരു തരത്തിലുള്ള ആൾട്ടറേഷനും അവിടെ വരുത്തിയിട്ടില്ല. പക്ഷേ ഒരു നിയമം നിർമ്മിക്കുമ്പോൾ അതിൽ പഴുതില്ലാതെ, നാളെ ഏതെങ്കിലും കോടതിയിൽ പോയാൽ പഴുതില്ലാതെ അതു തീർക്കുക എന്നതു തന്നെയാണ് നിയമ നിർമ്മാണത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ലക്ഷ്യം. ആ ലക്ഷ്യത്തെ മുന്നിൽ കണ്ടുകൊണ്ടുള്ള ഒരു ബില്ലാണ് ഇത്. ഇങ്ങനെ നിയമനിർമ്മാണം നടത്താൻ തയ്യാറായി മുന്നോട്ടു വന്ന, പല ആശങ്കകളുമുണ്ടായ ഘട്ടത്തിൽ, ഗവൺമെന്റിനെപ്പോലും സംശയിക്കുന്ന രീതിയിൽ നമ്മുടെ മാധ്യമങ്ങളും സമൂഹവും സംശയിക്കുന്ന ഒരു രീതി വന്ന ഘട്ടത്തിൽ, ധൈര്യപൂർവ്വം, ധീരമായി, കോടതി ഇടപെട്ടപ്പോൾ ഓർഡിനൻസ് കൊണ്ടു വന്ന് നിയമം നിർമ്മിച്ച് കേരളത്തിന്റെ പൈതൃക സമ്പത്ത് സംരക്ഷിക്കുവാൻ മുന്നോട്ടു വന്ന ടൂറിസം വകുപ്പിനേയും ഗവൺമെന്റിനേയും മുക്തകണ്ഠം പ്രശംസിച്ചുകൊണ്ട് ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുകയാണ്.

ശ്രീ. സി. കെ. ദേവകുമാർ: സർ, 2005-ലെ കോവളം കൊട്ടാരം (വീണ്ടെടുക്കൽ വഴി ഏറ്റെടുക്കൽ) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ഈ ബിൽ അവതരിപ്പിച്ചുകൊണ്ട് സംസാരിക്കുമ്പോൾ ബില്ലിൽ നിന്നു തന്നെ സംസാരിക്കണമെന്നാഗ്രഹിച്ചാണ് ഞാൻ എന്റെ പ്രസംഗം തയ്യാറാക്കിയത്. പക്ഷേ ദൗർഭാഗ്യവശാൽ ചില കാര്യങ്ങൾ ആമുഖമായി പറഞ്ഞിട്ട് ബില്ലിലേക്ക് കടക്കാനാണ് ഞാൻ

LIBRARY ARCHIVES Kerala Legislative Assembly

ഉദ്ദേശിക്കുന്നത്. നിങ്ങൾ കുട്ടിക്കുരങ്ങനെക്കൊണ്ട് ചോറ് വാരിക്കാതെ മൂത്ത കുരങ്ങന്മാർ അതു ചെയ്യുന്നതായിരുന്നു നല്ലത്. ഞാൻ എന്റെ ഒരനുജന്റെ സ്ഥാനത്തു കാണുന്ന ശ്രീ. ടി. എൻ. പ്രതാപനെ സഖാവ് ഇ. കെ. നായനാരെയും സി.പി.എം.ന്റെ തിരുവനന്തപുരം ജില്ലാ സെക്രട്ടറിയേയും മുൻ നിയമസഭാ സ്പീക്കറെയുമൊക്കെ ഉപശാലാ വാർത്തകളുടെ പേരിൽ ഇവിടെ കൊണ്ടു വന്ന് വലിച്ചിഴയ്ക്കാൻ ഉപയോഗിക്കരുതായിരുന്നു. പ്രതിപക്ഷത്തുള്ളവർ ഇതിന്റെ പശ്ചാത്തലം പരിശോധിക്കണമെന്നാണ് പറഞ്ഞത്. അപ്പോൾ പശ്ചാത്തലം പറയാതെ പോകുന്നതു ശരിയല്ല. പശ്ചാത്തലം പറഞ്ഞിട്ടു ഞാൻ ബില്ലിലേക്കു കടക്കാം. ഇതിനൊരു പശ്ചാത്തലമുണ്ട്. ഈ ബിൽ ഇവിടെ കൊണ്ടുവന്നതിന്റെ പശ്ചാത്തലം, ഭരണകക്ഷിയിലെ സുഹൃത്തുക്കളോട് ഞാനൊന്നു പറയട്ടെ, മുസ്ലീംലീഗും ബി.ജെ.പി.യും ഇന്ത്യാ രാജ്യത്ത് രാഷ്ട്രീയത്തിൽ രണ്ടു കോണിൽ നിൽക്കുന്ന കീരിയും പാമ്പുമെന്നല്ലേ പറയുന്നത്. മുസ്ലീംലീഗും ബി.ജെ.പി.യും കൂടി നടത്തിയ രാഷ്ട്രീയവും സാമ്പത്തികവുമായ അഴിമതിയുടെ സൃഷ്ടിയാണ് ഈ ബില്ലിലൂടെ ശ്രീ. കെ. സി. വേണുഗോപാലിന് അവതരിപ്പിക്കേണ്ടി വന്നത്. 2002-ൽ കേന്ദ്രത്തിൽ ഭരിച്ചിരുന്ന ശ്രീ. അരുൺഷൂരിയുടെ ഗവൺമെന്റ് ഇതു വിൽക്കാൻ തീരുമാനിച്ചു എന്നു പറയുമ്പോൾ, കുറച്ചു ഫയൽ എന്റെ കയ്യിലുണ്ട്, ഇതിന്റെ പശ്ചാത്തലം പഠിപ്പിച്ചിട്ടു വേണമായിരുന്നു ശ്രീ. ടി. എൻ. പ്രതാപനെക്കൊണ്ട് ഇതു അവതരിപ്പിക്കേണ്ടിയിരുന്നത്. ബി.ജെ.പി. ഗവൺമെന്റ് നടപ്പിലാക്കിയ പൊതുമുതൽ വിറ്റഴിക്കൽ സമീപനം, അതിനെ സംബന്ധിച്ച് എന്തു നിലപാടാണ് നിങ്ങൾ അന്നു സ്വീകരിച്ചത് ? യു.ഡി.എഫ്.-ലെ കോൺഗ്രസ്സും മുസ്ലീംലീഗും കേന്ദ്രത്തിലെ ബി.ജെ.പി.യും കൂടി ഒത്തു കളിച്ചു എന്നുള്ളതിന്റെ രേഖകൾ ഞാൻ അവതരിപ്പിക്കാൻ പോകുകയാണ്.

ശ്രീ. ബി. വിജയകുമാർ : അങ്ങ് ഇവിടെ കോവളം കൊട്ടാരം കച്ചവടത്തിൽ വീഗിനേയും ബി.ജെ.പി.യേയും കൂടി കണക്കു ചെയ്തുകൊണ്ട് പറഞ്ഞു. അങ്ങയുടെ പാർട്ടിയുടെ സംസ്ഥാന സമ്മേളനത്തിൽ, അങ്ങയുടെ പാർട്ടിയുടെ സംസ്ഥാന സെക്രട്ടറി കോവളം കൊട്ടാര പ്രക്ഷോഭത്തിൽ പങ്കെടുക്കാത്തതിനെക്കുറിച്ച് ആക്ഷേപം ഉണ്ടാകുകയും ആ ആക്ഷേപത്തിന് എന്നെ വിളിക്കാത്തതു കൊണ്ടാണ് ഞാൻ വരാത്തത് എന്ന് ശ്രീ. പിണറായി വിജയൻ മറുപടി പറയുകയും ചെയ്തതിലൂടെ അങ്ങയുടെ സംസ്ഥാന പാർട്ടി സെക്രട്ടേറിയറ്റിനും പാർട്ടി സെക്രട്ടറിക്കും ആ കച്ചവടത്തിൽ പങ്കുണ്ടെന്നുള്ള കാര്യം അങ്ങേയ്ക്ക് നിഷേധിക്കാൻ പറ്റുമോ?

ശ്രീ. ടി. കെ. ദേവകുമാർ : ഇതു ചില രോഗത്തിന്റെ ലക്ഷണമാണ്. സി.പി.എം.ന്റെ സംസ്ഥാന സമ്മേളനത്തിൽ പ്രതിനിധികളുടെ ചർച്ചയിൽ പറഞ്ഞത് ഇന്നതാണെന്നും ആ വിമർശനം ഇന്നതായിരുന്നു എന്നും പറഞ്ഞിട്ടു

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞാൽ ....., ആട്ടിൻകാട്ടവും ചീവക്കിഴങ്ങും തിരിച്ചറിയാൻ കഴിയാത്ത വിജയകുമാറാണെന്നു പറഞ്ഞു പോയാൽ എന്നോടു ക്ഷമിക്കണം. ഇതു നിയമസഭയല്ലേ, എം.എൽ.എ. മാരല്ലേ, അതിന്റെ ഉത്തരവാദിത്വം വച്ചു കാര്യങ്ങൾ പറയുക. സി.പി.എം.-ന്റെ സംസ്ഥാന സമ്മേളനത്തിൽ നടന്ന ചർച്ചയെക്കുറിച്ചൊക്കെ പറഞ്ഞാൽ ആരെങ്കിലും വിശ്വസിക്കുമോ? വല്ല ഉത്തരവാദിത്വവുമുള്ള കാര്യങ്ങൾ പറയുമെന്ന് വിചാരിച്ചാണ് ഞാൻ വഴങ്ങിയത്. ഞാൻ പറഞ്ഞത് വളരെ ഉത്തരവാദിത്വത്തോടുകൂടിയാണ്. കാരണം പൊതുമുതൽ സ്വകാര്യ വ്യക്തികൾക്ക് ബി.ജെ.പി. ഗവൺമെന്റ് വിറകു വിലയ്ക്ക് തീറെഴുതി കൊടുക്കുന്നു എന്നു ഇന്ത്യാരാജ്യം മുഴുവൻ നടന്നു പ്രസംഗിക്കുന്ന കോൺഗ്രസ്സ് പാർട്ടി കേരളത്തിൽ ഈ പൊതുമുതൽ എഴുതിക്കൊടുക്കുന്നതിനു കൂട്ടു നിന്നു; ഉദ്യോഗസ്ഥരെക്കൊണ്ട് പത്രങ്ങളിൽ അതിനെ ന്യായീകരിച്ചുകൊണ്ട് ലേഖനങ്ങൾ എഴുതിപ്പിച്ചു. ആ ഉദ്യോഗസ്ഥരുടെ ഒരു രോമക്കുറ്റിക്കുപോലും കേടു വന്നില്ല. ഈ ഉദ്യോഗസ്ഥരെ സംരക്ഷിച്ചവർ ആരാണ്? ആ ഉദ്യോഗസ്ഥരെ സംരക്ഷിച്ച രാഷ്ട്രീയ നേതൃത്വത്തിന്റെ നടപടി കൊണ്ടാണ് ഇന്ന് ഇതുപോലെ ഒരു ഓർഡിനൻസ് കൊണ്ടുവന്ന് ഈ ബിൽ അവതരിപ്പിക്കാൻ ടൂറിസം വകുപ്പ് കൈകാര്യം ചെയ്യേണ്ടി വന്ന ശ്രീ. കെ. സി. വേണുഗോപാൽ നിർബന്ധിതനായത്. ആ വാക്കിനു ഞാൻ അടിവര കൊടുക്കുകയാണ്. ബിൽ അവതരിപ്പിക്കാൻ നേരത്ത് അദ്ദേഹം പറഞ്ഞു, ഉറച്ച തീരുമാനം, ഗവൺമെന്റിന്റെ മഹത്തായ ലക്ഷ്യം എന്നൊക്കെ. ഇതൊക്കെ പറഞ്ഞാൽ ഞങ്ങളും സ്വകാര്യ മുതൽ മുടക്കിന് എതിരല്ല. സാമൂഹ്യപരമായ എല്ലാ മുതൽ മുടക്കുകളേയും ഞങ്ങൾ സ്വാഗതം ചെയ്യുന്നു, സ്വീകരിക്കാൻ തയ്യാറാണ്. കേരളത്തിന്റെ പൊതു ഖജനാവിൽ നിന്നും കോടിക്കണക്കിനു വിലയുള്ള വസ്തു വെറും വിറകു വിലയ്ക്കു എഴുതിക്കൊടുത്താൽ ഞങ്ങൾ കയ്യും കെട്ടി നോക്കി ഇരിക്കുമെന്ന് ആരെങ്കിലും ധരിച്ചാൽ അതിനു ഞാൻ മറുപടി പറഞ്ഞാൽ നിങ്ങൾക്ക് ഒരു പക്ഷേ വേദന കൂടിപ്പോകും. സഖാവ് ഇ. കെ. നായനാർ ഈ പറയുന്ന ഗൾഫാർ മുഹമ്മദാലിയെ വിളിച്ചുകൊണ്ടുവന്ന് കേരളത്തിന്റെ ഒരു സെന്റ് ഭൂമി പോലും കൊടുത്തില്ല. കേരളശബ്ദമെടുത്ത് രണ്ടു പ്രാവശ്യം വായിക്കണം. വായിക്കുമ്പോൾ വരികൾക്കിടയിലൂടെ വായിക്കണം. കേരള മുഖ്യമന്ത്രിയായിരുന്ന സഖാവ് ഇ. കെ. നായനാർ ഈ പറയുന്ന ഗൾഫാർ ഗ്രൂപ്പിനെ വിളിച്ചു കൊണ്ടുവന്ന് കേരളത്തിന്റെ പൊതു മുതൽ ഈ രൂപത്തിൽ വിറകു വിലയ്ക്ക് കൊടുത്തിട്ടുണ്ടോ എന്നു നോക്കുക. സഭാതലത്തിലല്ലേ പറഞ്ഞത് ? അങ്ങനെയൊന്നും പറയരുത്. അതുകൊണ്ടാണ് ബില്ലിനെക്കുറിച്ച് സംസാരിക്കുന്നതിനുമുൻപ് എനിക്ക് മറ്റ് ചിലതൊക്കെ പറയണമെന്ന് പറഞ്ഞത്. അങ്ങ് ഒരു കാര്യം

12.30 P.M.] പറഞ്ഞുവല്ലോ, ഡൽഹിയിൽ ഏതാണ്ട് ഒരു യോഗം നടന്നുവെന്ന്. ഡൽഹിയിൽ നടന്ന ആ യോഗത്തിന്റെ കൃത്യമായിട്ടുള്ള തീയതി

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ പറയാം. 2003 മാർച്ച് മാസം 27-ാം തീയതിയാണ് യോഗം നടന്നത്. അവിടെ പങ്കെടുത്ത ഉദ്യോഗസ്ഥൻമാരെക്കുറിച്ചല്ലേ അങ്ങ് പറഞ്ഞത്. അങ്ങ് പ്രതിനിധാനം ചെയ്യുന്ന ഗവൺമെന്റിലെ ചില മന്ത്രിമാരുടെ ടൂറിന്റെ യാത്രാ രജിസ്റ്റർ ഒന്നെടുത്ത് നോക്കണം. അത് എന്റെ കൈയിലുണ്ട്. അഴിമതിയാരോപണം എഴുതിക്കൊടുക്കാത്തതുകൊണ്ട് ഞാൻ അത് ഉന്നയിക്കുന്നില്ല. ഡൽഹിയിൽ അന്ന് ആരൊക്കെയുണ്ടായിരുന്നുവെന്നും, അവിടെ കൂടിയ ഉദ്യോഗസ്ഥൻമാർ ആരൊക്കെയായിരുന്നുവെന്നും ആ യോഗം കൂടാൻ അവർക്ക് ആരാണ് ധൈര്യം കൊടുത്തതെന്നും അന്നേരം അറിയാം. നിങ്ങൾ വലിയ കാര്യമായി പറഞ്ഞല്ലോ കൃാബിനറ്റ് തീരുമാനമെടുത്തില്ലെന്ന്. ഇതിനകത്ത് എന്താണ് ഒരു ധാരണയിലെത്തിയത്? ഉദ്യോഗസ്ഥൻമാർക്ക് അങ്ങനെയുള്ള ഒരു ധാരണയിലെത്താൻ ആരാണ് അനുവാദം കൊടുത്തത്? ഇപ്പോൾ അമിതാബ്കാന്ത് യോഗം കൂടിയാൽ എനിക്ക് മനസ്സിലാകും. അതിന് ശ്രീ. എ. കെ. ആന്റണിയുടേയും, പ്രൊഫ. കെ. വി. തോമസിന്റേയും ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയുടേയും അനുവാദവും ഔദാര്യവും വേണ്ട. ഇവിടത്തെ ടൂറിസം സെക്രട്ടറിക്ക് അവിടെപ്പോയി യോഗം കൂടാനും തീരുമാനിക്കാനും കഴിയണമെങ്കിൽ ഇവിടെയിരിക്കുന്ന മന്ത്രിമാരുടെ അനുവാദം വേണം. അങ്ങനെ പോയി യോഗംകൂടി തീരുമാനമെടുത്തിട്ട് വന്നാൽ അതെല്ലാം അംഗീകരിച്ചു കൊടുക്കുമെന്നുള്ള ധാരണ നമുക്കില്ല. കൃാബിനറ്റിൽ ഒപ്പ് ഇടാതിരുന്നതും കൃാബിനറ്റ് തീരുമാനമെടുക്കാതിരുന്നതും എന്താണെന്ന് നമുക്കറിയാം. ഉപശാലയിൽ പറയുന്നത് ഇവിടെ പറയാൻ ഞാൻ തയ്യാറല്ല. നിങ്ങൾ എന്താണ് ചെയ്തത്? അവിടെ തീരുമാനമെടുത്തിട്ട് ഇവിടെകൊണ്ടുവന്നത് ശ്രീ. ബാലകൃഷ്ണനാണ്. ഈ ബാലകൃഷ്ണന് ഇതിനുള്ള ധൈര്യം എവിടെ നിന്നുകിട്ടി. അതിന് മറുപടി നിങ്ങൾ പറയണം. ശ്രീ. ബാലകൃഷ്ണന്റെ രോമക്കുറ്റിക്ക് കേട് വന്നില്ലല്ലോ, അമിതാബ്കാന്തിന് ഒന്നും സംഭവിച്ചില്ലല്ലോ. അപ്പോൾ ഉദ്യോഗസ്ഥൻമാരെ കൊണ്ട് ചെയ്യിച്ചിട്ട്, ഉദ്യോഗസ്ഥൻമാരെ കരുവാക്കി നിർത്തിക്കൊണ്ട് രാഷ്ട്രീയ നേതൃത്വം കൈകഴുകാൻ ശ്രമിക്കുന്നു. ബഹുജനപ്രക്ഷോഭം ഇതിനെതിരെ ഉയർന്നു വന്നപ്പോൾ ആ ബഹുജനപ്രക്ഷോഭത്തിന് മുൻപിൽ രാഷ്ട്രീയ നേതൃത്വത്തിന് കൈകഴുകാൻ ഉദ്യോഗസ്ഥൻമാരെ കുരുതികൊടുക്കാൻ നിങ്ങളെപ്പോലുള്ള പിൻബഞ്ചുകാരെ ഉപയോഗിക്കാൻ ശ്രമിക്കുന്നു. ഞാൻ ഇത്രയും പറഞ്ഞത് ബില്ലിന്റെ പശ്ചാത്തലം പഠിക്കാനാണ്. ഇതിന്റെ പശ്ചാത്തലം കൂടി ഒന്ന് മനസ്സിലാക്കണം. കൊല്ലത്തെ ഒരു ബിഷപ്പിന്റെ സ്ഥലമായിരുന്നു ഇത്. ആ സ്ഥലം അമ്മ മഹാറാണി വിലയ്ക്ക് വാങ്ങിച്ച് കൊട്ടാരം പണിതു. അത് 1930-ലാണ്. ഇതിന് ടൂറിസത്തിന്റെ അടിസ്ഥാനത്തിൽ ഒരു പരിശോധനയുണ്ടാകുന്നത് പട്ടംതാണുപിള്ള കേരളം ഭരിച്ചിരുന്നപ്പോഴാണ്. അതൊന്നും പറയുന്നതിൽ നമുക്ക് യാതൊരു ബുദ്ധിമുട്ടുമില്ല. ഇവിടെ പണ്ഡിറ്റ് ജവഹർലാൽ നെഹ്റു വന്ന് താമസിച്ചിരുന്നതാണ്. ശ്രീ. കരൺസിംഗ്

LIBRARY ARCHIVES Kerala Legislative Assembly

മന്ത്രിയായിരുന്നപ്പോഴാണ് ഈ കാര്യത്തിൽ ഒരു തീരുമാനമുണ്ടാകുന്നത്. കാശ്മീരിൽ ഒരു ഹിൽ പാലസും, ഹിൽ റിസോർട്ടും കേരളത്തിൽ ഒരു സീ റിസോർട്ടും. അന്ന് ശ്രീ. കരൺസിംഗാണ് മന്ത്രി. അന്ന് സീ റിസോർട്ട് കേരളത്തിൽ സ്ഥാപിക്കാൻ ഗോവാക്കാർ എതിരായിരുന്നു. പക്ഷെ സീ റിസോർട്ട് ഇവിടെ സ്ഥാപിക്കുന്നതിന്. ഒരു പഞ്ചനക്ഷത്ര ഹോട്ടൽ ഇവിടെ വരട്ടെയെന്ന് കരുതി സംസ്ഥാന ഗവൺമെന്റ് ഒരുപാട് കാര്യങ്ങൾ ചെയ്തു കൊടുത്തു. സംസ്ഥാന ഗവൺമെന്റ് തിരിഞ്ഞും പിരിഞ്ഞും നോക്കിയില്ല. ഒരു പഞ്ചനക്ഷത്ര ഹോട്ടൽ വരാൻവേണ്ടി ഒരുപാട് സഹായങ്ങൾ ചെയ്തു കൊടുത്തു. കേണൽ ഗോദവർമ്മ രാജ ഉൾപ്പെടെയുള്ള ആളുകളുടെ പരിശ്രമം ഇക്കാര്യത്തിലുണ്ടായിരുന്നുവെന്നുള്ള കാര്യം സമ്മതിക്കുന്നതിൽ എനിക്ക് യാതൊരു വിരോധവുമില്ല.

ശ്രീ. എം. വി. ജയരാജൻ : ആരാധ്യനായ പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവും കരൺസിംഗുമൊക്കെ ജീവിച്ചിരുന്നെങ്കിൽ 2004 ജൂലൈ മാസം ഈ ഹോട്ടൽ സമുച്ചയം വിൽപ്പന നടത്താൻ വേണ്ടി കേന്ദ്ര ഗവൺമെന്റിന് കൂട്ടുനിന്ന അന്നത്തെ ടൂറിസം വകുപ്പുമന്ത്രിയുടേയും ടൂറിസം സെക്രട്ടറിയുടേയും മുഖത്ത് അടിക്കുമായിരുന്നു എന്നാണോ അങ്ങ് പറഞ്ഞു വരുന്നത് ?

ശ്രീ. ടി. കെ. ദേവകുമാർ : അങ്ങയുടെ അഭിപ്രായത്തോട് ഞാൻ യോജിക്കുകയാണ്.

ശ്രീ. എ. എൻ. രാജൻ ബാബു : 1970-ൽ യാതൊരു കണ്ടീഷനുമില്ലാതെ കൈമാറുകയാണുണ്ടായത്.

ശ്രീ. ടി. കെ. ദേവകുമാർ : 1970-ൽ യാതൊരു കണ്ടീഷനുമില്ലാതെയാണ് കെ.ടി.ഡി.സി.-ക്ക് കൈമാറിയെന്ന് ശ്രീ. എ. എൻ. രാജൻ ബാബു പറഞ്ഞത് തെറ്റാണ്. അദ്ദേഹം ഇതൊന്ന് ശ്രദ്ധിക്കണം. ഞാൻ രേഖ വായിക്കാം. 1970-ൽ ഒരു മഹാപരാധം ചെയ്തുവെന്നാണല്ലോ പറഞ്ഞത്. അതുസംബന്ധിച്ച രേഖ എന്റെ കൈയിലുണ്ട്. 1970 ഒക്ടോബർ മാസം 23-ാം തീയതി അന്നത്തെ മാനേജിംഗ് ഡയറക്ടർ ജി. അപ്പുക്കുട്ടൻപിള്ള സ്പെഷ്യൽ സെക്രട്ടറി ടു ഗവൺമെന്റിന് എഴുതിയ കത്താണ്. ആ കത്തിൽ Pending finalisation of the terms and conditions of the transfer as ordered in the Government Orders cited, Hotels, restaurants etc. എന്നാണ്. ഞാൻ അതിലെ ഒരു വാചകം മാത്രമേ വായിച്ചുള്ളൂ. ഇതെല്ലാം പെന്റിംഗിൽ വച്ചുകൊണ്ടാണ് കൈമാറിയത്. എന്റെ കൈയിൽ രേഖയുള്ളതുകൊണ്ടാണ് ഞാൻ വിവരക്കേട് പറയാതിരുന്നത്. ഒരു പഞ്ചനക്ഷത്ര ഹോട്ടൽ, പൊതുമേഖലയിൽ കേരളത്തിൽ വരുന്നതിനെ അന്നത്തെ സർക്കാർ സ്വാഗതം ചെയ്തുവെന്ന് പറഞ്ഞത് എന്റെ കയ്യിൽ രേഖയുണ്ടായിരുന്നതുകൊണ്ടാണ്. എന്തായിരുന്നു പറഞ്ഞിരിക്കുന്നത് ? "Terms

LIBRARY ARCHIVES Kerala Legislative Assembly

and Conditions" പെന്റിംഗിൽ വയ്ക്കാൻ വാക്കാൽ പറഞ്ഞതല്ല. ഡെൽഹിയിൽ കേരളാഹൗസിലും മറ്റും താമസിച്ച് ഉദ്യോഗസ്ഥരെക്കൊണ്ട് ചുടുചോറ് വാരിച്ചതല്ല. ഗവൺമെന്റ് ചെയ്തത് രേഖയായി അച്ചടിച്ച് വന്നിരിക്കുകയാണ്.

ശ്രീ. എം. വി. ജയരാജൻ : ബഹുമാനപ്പെട്ട മെമ്പറുടെ ചോദ്യത്തിന് ഒരു മറുപടി പറഞ്ഞല്ലോ. 1970 ഒക്ടോബർ മാസം 23-ാം തീയതി യഥാർത്ഥത്തിൽ ചെയ്തത് അന്താരാഷ്ട്ര നിലവാരമുള്ള ഒരു വിനോദസഞ്ചാര കേന്ദ്രമാക്കി കോവളത്തെ മാറ്റാൻ വേണ്ടി അന്നത്തെ കേന്ദ്ര സർക്കാരിന്റെ നിലപാടിനോട് യോജിക്കുകയായിരുന്നു. ഇപ്പോൾ പൊതുമേഖലയിലുള്ള ഈ സ്ഥാപനം വിൽക്കുകയാണ് ചെയ്യുന്നത്. ഐ.ടി.ഡി.സി-യിൽത്തന്നെ ഇത് നിലനിൽക്കുകയാണെങ്കിൽ യാതൊരു തർക്കവുമില്ല Transfer of the Property-യേ ആകുകയുള്ളൂ. ഇപ്പോൾ നടക്കുന്നത് വിൽപ്പനയാണ്. അന്ന് പൊതുമേഖലയിൽ ഒരു അന്താരാഷ്ട്ര നിലവാരമുള്ള വിനോദസഞ്ചാര കേന്ദ്രം വരുന്നതിനുവേണ്ടിയെടുത്ത സ്റ്റെപ്സും ഇപ്പോൾ വിൽപ്പന നടത്തുന്നതിനുവേണ്ടി എടുത്ത സ്റ്റെപ്സും രണ്ടും രണ്ടാണ്. ഇന്നത്തെ ഗവൺമെന്റ് 2002 ജൂലൈ മാസത്തിൽ കുറ്റകരമായ അനാസ്ഥയാണ് കാണിച്ചതെന്ന കാര്യം അങ്ങേയ്ക്ക് അറിയാമോ?

ശ്രീ. ടി. കെ. ദേവകുമാർ : ശ്രീ. എ. എൻ. രാജൻ ബാബുവിനൊക്കെ കാലം മാറിയപ്പോൾ കോലവും മാറി. അന്ന് പൊതുമേഖലാ സ്ഥാപനത്തിന് കൊടുക്കുന്നത് സംബന്ധിച്ച ഉത്തരവുണ്ട്. Government hereby sanction the possession of the Kovalam Palace. അതിന്റെ അവസാനം പറഞ്ഞിരിക്കുന്നത് With the immediate effect pending finalisation of the Terms and Conditions of transfer. ഇങ്ങനെ ഓർഡർ അടിച്ചു കൊടുത്തിരിക്കുകയാണ്. ഗൾഫാർ മുഹമ്മദാലിയും കുറെ ഉദ്യോഗസ്ഥൻമാരും അറിഞ്ഞുകൊണ്ടിരുന്നു ചെയ്തതുപോലെയല്ല. 1970-ൽ ഇവിടെ പൊതുമേഖലയിൽ ഒരു സ്ഥാപനം വരുന്നതിന് അമിതമായി ആഗ്രഹിച്ചുവെന്നുള്ളതുകൊണ്ട് അതിന്റെ ടേംസ് ആന്റ് കണ്ടീഷൻസ് പെന്റിംഗിൽ വച്ചുകൊണ്ടാണ് ഇത് കൊടുത്തത്, ആർക്കാണെന്നോ ഗൾഫാർ മുഹമ്മദാലിക്കോ അദ്ദേഹത്തിന്റെ അളിയൻ കൊച്ചുപിള്ളയ്ക്കോ ഒന്നുമല്ല. ഇൻഡ്യാ ഗവൺമെന്റിന്റെ ഉടമസ്ഥതയിൽ കരൺസിംഗ് പ്രഖ്യാപിച്ച ഒരു സീ റിസോർട്ട്, ഗോവക്കാർ അതിനെ എതിർത്തപ്പോഴും അത് കേരളത്തിൽ വരട്ടെയെന്ന് ആഗ്രഹിച്ച താൽപര്യത്തേയും ഇതിനേയും ഒരുപോലെ കാണരുത്.

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി *(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) :* അങ്ങയുടെ ഒരു വാശിയും സമീപനവും കാണുമ്പോൾ ഞങ്ങളോട് വ്യക്തിപരമായ വിരോധമുള്ളതുപോലെയാണ് തോന്നുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. ദേവകുമാർ : ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ സംസാരിക്കുമ്പോൾ അദ്ദേഹത്തിനു മുന്നിൽ ഒരു വാൽക്കണ്ണാടി പിടിച്ചുകൊടുത്താൽ ആ ചോദ്യത്തിന് ഉത്തരമാകുമെന്നേ എനിക്ക് അതിനെക്കുറിച്ച് പറയുവാനുള്ളു.

ഭൂമിയുടെ കൈമാറ്റത്തിൽ മൂന്ന് വ്യക്തമായ രേഖകൾ ഉണ്ടായിരിക്കണം. ഒന്ന്, പാട്ടത്തിന് കൊടുക്കുക, അതല്ലെങ്കിൽ ലൈസൻസ് കൊടുക്കുക. ഇത് രണ്ടും അല്ലെങ്കിൽ പട്ടയം കൊടുക്കുക. ഇത് മൂന്നും ഈ കേസിൽ ഇല്ല. പിന്നെ എന്താണ് വേണ്ടത് ? പിന്നെ വേണ്ട ഡോക്യുമെന്റ് എന്ന് പറയുന്നത്, ഒരു ഗവൺമെന്റ് മറ്റൊരു ഗവൺമെന്റിന് ഭൂമി കൈമാറുകയാണെങ്കിൽ സ്വാഭാവികമായും ക്യാബിനറ്റ് തീരുമാനം എടുക്കണം. സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിന് ഭൂമി കൊടുത്താലും കേന്ദ്ര ഗവൺമെന്റ് സംസ്ഥാന ഗവൺമെന്റിന്റെ ഉടമസ്ഥതയിലുള്ള ഭൂമി തന്നാലും ക്യാബിനറ്റ് തീരുമാനം എടുക്കണം. ആ ക്യാബിനറ്റ് തീരുമാനം ഈ കാര്യത്തിൽ നമ്മൾ പരിശോധിച്ചിട്ട് കണ്ടെത്താൻ കഴിഞ്ഞില്ല. ഈ സാഹചര്യത്തിൽ ഈ കൊട്ടാരത്തിന്റെ കാര്യത്തിൽ അതും കാണില്ല. 1970–ലെ രേഖ ഞാൻ സാന്ദർഭികമായി ഇപ്പോൾ ഉദ്ധരിച്ചു. ഇതിനകത്ത് പറഞ്ഞരിക്കുന്നത് ടേംസ് ആന്റ് കൺഡീഷൻസ് ഫൈനലൈസ് ചെയ്തിട്ടില്ല, പെന്റിംഗിൽ ആണെന്നാണ്. അങ്ങനെയാണെങ്കിൽ ബി.ജെ.പി. സർക്കാർ ഇത് വിൽക്കാൻപോയപ്പോൾ നിങ്ങളുടെ ഗവൺമെന്റ് ഈ സത്യം വെളിച്ചത്തുകൊണ്ടുവരാൻ എന്തുകൊണ്ട് തയ്യാറായില്ല? നിങ്ങൾ ഏതാണ്ട് മഹാകാര്യം ചെയ്യുന്നല്ലോ. ടൈറ്റിൽ ഓഫ് ഡീഡ് ഇല്ലെന്ന് എഴുതിയ സീക്രട്ട് കത്തിന്റെ കോപ്പി, കേന്ദ്ര ഗവൺമെന്റ് വിൽക്കാൻ ഏൽപ്പിച്ച ഏജൻസി അരുൺഷൂറിക്ക് ഏറ്റവും സീക്രട്ട് ആയി അയച്ച കത്തിന്റെ കോപ്പി ഇവിടെ വായിച്ചേ ഞാൻ പ്രസംഗം അവസാനിപ്പിക്കൂ.

ഡോ എ. നീലലോഹിതദാസൻ നാടാർ : ഐ.ടി.ഡി.സി.യുടെ തൊഴിലാളി സംഘടനകളും നാട്ടുകാരും ചേർന്ന് രൂപീകരിച്ച ആക്ഷൻ കൗൺസിലിന്റെ പേരിൽ ഇതിൽ ഇടപെടണം എന്ന് പറഞ്ഞ് ശ്രീ. എ. കെ. ആന്റണിയെ കണ്ട് രേഖാമൂലം ആവശ്യപ്പെട്ടിട്ട്, നിയമസഭാ സാമാജികൻ എന്നുള്ള നിലയ്ക്ക് ഞാൻ തന്നെ നേരിട്ട് നിവേദനം കൊണ്ടു കൊടുത്തിട്ടും അതിൽ അദ്ദേഹം ഇടപെട്ടില്ല എന്നുള്ള സത്യം ശ്രീ. ദേവകുമാറിന് അറിയാമോ?

ശ്രീ. ടി. കെ. ദേവകുമാർ : അങ്ങ് ചൂണ്ടിക്കാണിച്ചപ്പോൾ എനിക്ക് ഇത് ബോദ്ധ്യം വന്നു. ഈ കൊട്ടാരവും അനുബന്ധ കെട്ടിട സമുച്ചയം ഉൾപ്പെടുന്ന സ്ഥലവും കേരള സംസ്ഥാന ഗവൺമെന്റ് ഐ.ടി.ഡി.സി.ക്കോ കേന്ദ്ര ഗവൺമെന്റിനോ വിറ്റിട്ടില്ല എന്ന സത്യം അരുൺഷൂറി ഇന്റർനെറ്റിൽ ഇത് വിൽക്കാൻ പരസ്യം ചെയ്തപ്പോൾ അറിയിക്കേണ്ട ബാദ്ധ്യത ഈ സംസ്ഥാന ഗവൺമെന്റിനുണ്ടായിരുന്നില്ലേ? നിങ്ങൾ അത് അറിയിച്ചോ? അറിയിച്ചില്ലെന്നുമാത്രമല്ല, അതിനുവേണ്ട

LIBRARY ARCHIVES Kerala Legislative Assembly

കളം ഒരുക്കിക്കൊടുക്കാൻ ഉദ്യോഗസ്ഥൻമാരെ മുന്നിൽ നിർത്തി നിങ്ങ പ്രവർത്തിക്കുകയാണ് ചെയ്തത്.

ശ്രീ. എം. വി. ജയരാജൻ : കോവളത്തെ എം. എൽ. എ. ആ ഡോ. നീലലോഹിതദാസൻ നാടാർ അവിടത്തെ ആക്ഷൻ കമ്മിറ്റിയു പ്രതിനിധികളെയെല്ലാം വിളിച്ച് അന്നത്തെ മുഖ്യമന്ത്രി ശ്രീ. എ. കെ. ആന്റണിക നിവേദനം കൊടുക്കുമ്പോൾ ആ ഫയൽ ക്യാബിനറ്റിന്റെ മുൻപാകെ വരികയു അന്നത്തെ ടൂറിസം സെക്രട്ടറി ശ്രീ. ടി. ബാലകൃഷ്ണൻ ആ ഫയൽ ഓപ്പണ ചെയ്യുകയും ചെയ്തു. അത് വിൽപ്പന നടത്തിക്കൊണ്ടുള്ള തീരുമാനത്തെ പിൻതുണയ്ക്കുന്ന വിധത്തിലുള്ള നടപടിയായിരുന്നു. കോവളം കൊട്ടാര ഏറ്റെടുക്കാനല്ല മറിച്ച് അത് നഷ്ടപ്പെടുത്താനായിരുന്നു. അങ്ങനെ ഒരു ഫയൽ ഗവൺമെന്റിന്റെ പരിഗണനയിൽ ഇരിക്കുന്ന സന്ദർഭത്തിലാണ് ആ നിവേദന കൊടുത്തതെന്നും ആ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ ഒരു നടപടിയു സ്വീകരിച്ചില്ല എന്നുള്ളതും അങ്ങേയ്ക്ക് അറിയാമോ?

ശ്രീ. ടി. കെ. ദേവകുമാർ : അവിടെയാണല്ലോ ദുരൂഹത. 'ഉപശാല' ആ വാക്ക ഞാൻ വീണ്ടും ഉപയോഗിക്കുകയാണ്. അരുൺഷൂരിക്കുവേണ്ടി നിരവധി കത്ത് ഈ സംസ്ഥാന ഗവൺമെന്റിലേയ്ക്ക് വന്നു. എന്തിനാണ് അരുൺഷൂരിക്കുവേണ്ട കത്തയച്ചത്? ഗവൺമെന്റ് സെക്രട്ടറി എഴുതിയ കത്തിൽ ഈ സാഹചര്യ വിശദീകരിച്ചുകൊണ്ട് മറുപടി കൊടുക്കാൻ സംസ്ഥാന ഗവൺമെന്റ് എന്തുകൊണ്ട തയ്യാറായില്ല? ബഹുമാനപ്പെട്ട ടൂറിസം മന്ത്രി ഒന്ന് ശ്രദ്ധിക്കണം. അരുൺഷൂര ടൈറ്റിൽ ഓഫ് ഡീഡിനുവേണ്ടി കൊടുത്ത കത്തിന് നിങ്ങളുടെ യു.ഡി.എഫ് ഗവൺമെന്റ് ഈ സ്ഥിതിഗതികൾ ആകെ വിശദീകരിച്ചുകൊണ്ട് എഴുതിയ ഒര മറുപടി കത്തിന്റെ കോപ്പി ഈ സഭയുടെ മുന്നിൽ ഹാജരാക്കാനോ മറുപട വിശദീകരിക്കാനോ അങ്ങ് തയ്യാറായോ?

ശ്രീ. പി. സി. ജോർജ് : ഈ ടൈറ്റിൽ ഓഫ് ഡീഡ് നോക്കുമ്പോൾ ടൂറിസ ഡിപ്പാർട്ടുമെന്റ് പരാതി പറഞ്ഞ സാഹചര്യത്തിൽ ടൂറിസം സെക്രട്ടറി, റവന്യൂ സെക്രട്ടറിയോട് ഇതിന്റെ റവന്യൂപരമായ കാര്യങ്ങൾ അന്വേഷിച്ചുകൊണ്ട് റിപ്പോർട്ടിന അയയ്ക്കുകയും ആ റിപ്പോർട്ട് കളക്ടർക്ക് പോവുകയും ചെയ്തു. മൂന്ന് കളക്ടർമാർ മാറി മാറി വന്നിട്ടും അതിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച റിപ്പോർട്ട് ഗവൺമെന്റിന് കിട്ടിയിട്ടില്ല. ഈ സഭയിൽ അത് വായിച്ചു കഴിഞ്ഞ് അന്ന് റവന്യൂവിന്റെ ചർച്ചയിൽ മറുപടി പറഞ്ഞ ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി എഴുന്നേറ്റ് നിന്ന് ഇത് എന്റെ വകുപ്പല്ല എനിക്ക് അറിയില്ല എന്ന് പറഞ്ഞത് അങ്ങ് ഓർക്കുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. ദേവകുമാർ : അത് പറയുന്നതിനുമുമ്പ് ഞാൻ ഇത് ഒന്ന് പറയട്ടെ. ഗൾഫാർ ഗ്രൂപ്പ് അവകാശവാദം ഉന്നയിച്ചു. ഞാൻ ഉപശാല ഒന്നും പറയുന്നില്ല. ആരോപണം സഭയിൽ എഴുതി കൊടുത്തിട്ടേ ഉന്നയിക്കാറുള്ളൂ. ഒരു പ്രധാനപ്പെട്ട അവകാശവാദം ഉന്നയിച്ചല്ലോ? അവകാശവാദം ഉന്നയിച്ചതിനെ സംബന്ധിച്ച് എന്താണ് നിങ്ങൾക്ക് പറയാനുള്ളത്? അതാണ് ബഹുമാനപ്പെട്ട ശ്രീ. രാജൻ ബാബു എം.എൽ.എ. ഇടയ്ക്ക് ഒന്ന് ഇടപെട്ട് പറയാൻ ശ്രമിച്ച ഈ സർട്ടിഫിക്കറ്റ്. 18-4-2002-ൽ എന്താണ് എഴുതിയിരിക്കുന്നത്? ടൂറിസം മന്ത്രിയുടെ കയ്യിലുള്ള സർട്ടിഫിക്കറ്റിന്റെ കോപ്പി തന്നെയാണ് എന്റെ കയ്യിലുള്ളതും. വിഴിഞ്ഞം വില്ലേജ് ആഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്താണ് എഴുതി വച്ചിരിക്കുന്നത്? സമയക്കുറവുകൊണ്ട് ഞാൻ അതിന്റെ വിശദാംശങ്ങളിലേക്കൊന്നും പോകുന്നില്ല. വിൽപ്പനയ്ക്ക് മുൻപ് കോവളം അശോകാബീച്ച് റിസോർട്ടിന്റെ പൊസഷൻ സർട്ടിഫിക്കറ്റ് 18-4-2003-ൽ നെയ്യാറ്റിൻകര തഹസീൽദാർ നൽകുകയുണ്ടായി. അവിടെ 25.78 ഹെക്ടർ സ്ഥലമുള്ളതിൽ ഐ.ടി.ഡി.സിക്ക് 16.47 ഹെക്ടറിലേ അവകാശമുള്ളൂ എന്നും കൊട്ടാരം ഉൾപ്പെടയുള്ള മറ്റു സ്ഥലങ്ങൾ adverse possession, അന്യ കൈവശഭൂമി എന്നും സർട്ടിഫിക്കറ്റിനകത്ത് രേഖപ്പെടുത്തിയിരിക്കുന്നു. ആ കാര്യവും മറച്ചുവച്ചുകൊണ്ട് ഇതിന് രണ്ടു ദിവസം മുൻപുള്ള തീയതിക്ക് ഒരു പൊസഷൻ സർട്ടിഫിക്കറ്റ് വ്യാജമായി സംഘടിപ്പിച്ച് 25.78 ഹെക്ടർ ഭൂമി അശോകാബീച്ചിലും റിസോർട്ടിലും വിൽക്കാൻ പരസ്യപ്പെടുത്തി. ആ 'ഉപശാല' ഞാൻ പറയണോ? അതിന്റെ കോപ്പി ശ്രീ. പ്രതാപന് വേണമെങ്കിൽ തരാം. സി.പി.എം.-ന്റെ ജില്ലാ സെക്രട്ടറി ശ്രീ. വിജയകുമാറിന്റെ ഒരു കോടി രൂപയാണോ ഈ 'ഉപശാല'? ഈ മഹാകാര്യങ്ങൾ മറച്ചുവയ്ക്കാൻ കഴിയാത്ത സ്ഥിതിയിലേക്ക് സി.പി.എം.-ന്റെ ജില്ലാ നേതൃത്വവും എൽ.ഡി.എഫും ആ പ്രദേശത്തെ പ്രതിനിധികളും അത് ഏറ്റെടുത്തുകൊണ്ടു വന്നപ്പോൾ നിൽക്കക്കള്ളിയില്ലാത്ത സ്ഥിതി വന്നു എന്നതല്ലേ സത്യം? ആ സത്യം നിങ്ങൾക്ക് നിഷേധിക്കാൻ കഴിയില്ല. 1970-ൽ കേന്ദ്ര ഗവൺമെന്റ് നൽകിയ 9 ലക്ഷം രൂപ അതിന്റെ വിലയിനത്തിൽ തന്നതാണെന്ന് പത്ര വാർത്ത വന്നു. നിങ്ങൾ അത് നിഷേധിച്ചോ? ഇത് എവിടെ നിന്നാണെന്ന് നിങ്ങൾ ആ ഉദ്യോഗസ്ഥനോട് ചോദിച്ചോ? എന്റെ കയ്യിൽ ഇതിന്റെ കോപ്പിയുണ്ട്. ഒരു പേപ്പർ കയ്യിൽ കിട്ടിയാൽ നമുക്ക് ആവശ്യമുള്ളത് മാത്രം വായിച്ചാൽ പോരാ. അത് മുഴുവനും വായിക്കണം. എന്താണ് ഇതിൽ എഴുതിയിരിക്കുന്നത്? 26-3-1970-ൽ ഇങ്ങോട്ട് Special Secretary, Public Department, Government of Kerala,- Integrated development of Kovalam, acquisition of the Palace property and land along the beach at Kovalam. അതിന്റെ റിപ്പയറിംഗിനും നിർമ്മാണ പ്രവർത്തനത്തിനും 9 ലക്ഷം രൂപ അയച്ചു കൊടുത്തത് അതിന്റെ വിലയ കേന്ദ്ര ഗവൺമെന്റിൽനിന്ന് സർക്കാർ പറ്റി എന്ന് പറഞ്ഞ് ഉദ്യോഗസ്ഥൻമാർ പത്രമാധ്യമങ്ങളെ സ്വാധീനിച്ച് എഴുതിയപ്പോൾ എന്താണ് നിങ്ങളുടെ

LIBRARY ARCHIVES Kerala Legislative Assembly

നാറിറങ്ങിപ്പോയോ? കത്ത് ഇവിടെ ഉണ്ടല്ലോ? ടൂറിസം മന്ത്രിയുടെ കയ്യിൽ കാണുമല്ലോ? ഇത് വില അല്ല എന്ന് അന്നത്തെ ടൂറിസം മന്ത്രി ശ്രീ. കെ. വി. തോമസ് പറയണ്ടേ? ഈ കാശ് അനുവദിച്ച് ഇങ്ങോട്ട് തന്നിരിക്കുന്ന ഓർഡറിനകത്തുണ്ട്. എന്തിനുവേണ്ടി ആ കാശ് അനുവദിച്ചു എന്ന് നിങ്ങൾ ആ ഉദ്യോഗസ്ഥനെ ചോദ്യം ചെയ്തില്ലായല്ലോ? നിങ്ങളുടെ മന്ത്രി അത് തിരുത്തിയില്ലായല്ലോ? ആ ഉദ്യോഗസ്ഥൻ എടുത്ത നിലപാട് തെറ്റാണെന്ന് പറഞ്ഞോ? നിൽക്കക്കള്ളിയില്ലാതെ വന്നപ്പോൾ ചിലത് ചെയ്യാൻ സമ്മതിച്ചു. ഈ സത്യം ആർക്കെങ്കിലും മറച്ചു വയ്ക്കാൻ കഴിയുമോ? 9,50,534 രൂപയ്ക്ക് ഈ ഭൂമിയും അവിടത്തെ മുഴുവൻ സ്ഥലവും സംസ്ഥാന ഗവൺമെന്റ് വിറ്റിരിക്കുന്നു എന്ന് ഉദ്യോഗസ്ഥൻ പ്രസ്താവനയിറക്കി. ആ പ്രസ്താവന തിരുത്താൻ ആ ഉദ്യോഗസ്ഥനോട് പറയണം, അല്ലെങ്കിൽ നിങ്ങൾ തിരുത്തണം. ഇത് കെ. കെ. സേത്തി ഡെപ്യൂട്ടി സെക്രട്ടറി ഓഫ് ഗവൺമെന്റ് ഓഫ് ഇൻഡ്യ, ഈ കാശ് അനുവദിച്ച് ഇങ്ങോട്ടയച്ചു കൊടുത്തതിന്റെ കോപ്പിയാണ്. ഇതല്ലേ ഇതിന്റെ സ്ഥിതി. ഈ കൊട്ടാരത്തിന്റെ അവകാശം ഐ.ടി.ഡി.സി.ക്ക് കിട്ടിയിട്ടില്ല എന്നും എത്രയുംവേഗം അത് ശരിയാക്കിത്തരണമെന്ന് ആവശ്യപ്പെട്ട് കേന്ദ്ര ടൂറിസം ജോയിന്റ് സെക്രട്ടറി അമിതാബ്കാന്ത് 8-3-2002-ൽ സംസ്ഥാന ടൂറിസം സെക്രട്ടറിക്ക് കത്തയച്ചു. അതിന്റെ നമ്പർ കൂടി ഞാൻ പറയാം. ബി.ഡി. നമ്പർ 1-എ.എസ്.ടി./02. എന്നാൽ സംസ്ഥാന സർക്കാർ അവകാശം കൊടുത്ത രേഖകളൊന്നും തന്നെ ഇതിന് ഹാജരാക്കിയില്ലായല്ലോ? എന്നിട്ടും അശോകാബീച്ച് റിസോർട്ട് വിറ്റപ്പോൾ അതിൽ കോവളം കൊട്ടാരത്തെ എങ്ങനെ ഉൾപ്പെടുത്താൻ ഐ.ടി.ഡി.സി.-ക്ക് കഴിഞ്ഞു? ഡൽഹിയിൽ ഇരുന്ന് ഇന്റർനെറ്റ് വഴി വിൽക്കുകയാണ്. അതിന്റെ രേഖകൂടി പറയാം ഞാൻ. അതിന്റെ ഉപശാല എന്ന് ഞാൻ പറഞ്ഞത്, ഗൾഫാർ ഞങ്ങളുടെ പാർട്ടിയുടെ സംസ്ഥാന സെക്രട്ടറിയുമായിട്ട് കൂട്ടുകൂടുമെന്നുള്ളതിന്റെ പേരിലല്ല, ഈ കത്ത് എന്നുപറയുന്നത് ലെസാർഡ് എന്നുപറയുന്ന ഒരു കമ്പനിയെയാണല്ലോ ഈ സാധനം വിൽക്കാൻ അരുൺഷൂരി മൊത്തത്തിൽ ഏൽപ്പിച്ചത്. അവർ എഴുതിയിരിക്കുന്ന കത്ത് Strictly private and confidential എന്നാണ്. ആ കത്തിന്റെ ഏറ്റവും മുകളിലത്തെ വരികളാണ് ഞാൻ ഈ പറഞ്ഞത്. ആ കത്ത് ആർക്കാ അയച്ചിരിക്കുന്നത് എന്നറിയാമോ? ശ്രീ. അമിതാകാന്ത്, Ministry of Tourism. Copy– Mr. K.K Gupta, Ministry of Disinvestments. 2002 ഏപ്രിൽ മാസം 29-ാം തീയതി ഈ പൊതുമേഖലാ സ്ഥാപനം വിറ്റഴിക്കുന്നതിനുവേണ്ടി ബി.ജെ.പി. ഗവൺമെന്റ് ചുമതലപ്പെടുത്തിയ ലെസാർഡ് എന്നുപറയുന്ന സ്ഥാപനം കേന്ദ്ര ഗവൺമെന്റിന് അയച്ച ഈ Strictly private and confidential എന്നുപറഞ്ഞിരിക്കുന്ന കത്തിന്റെ കോപ്പിയാണ് എന്റെ കൈയിലുള്ളത്. അങ്ങയുടെ കൈയിലും ഈ കത്ത് ഉണ്ടല്ലോ. എന്താ ഇതിനകത്ത് പറഞ്ഞിരിക്കുന്നത്? കോവളം അശോകാബീച്ച് റിസോർട്ടിനെ സംബന്ധിച്ച് വളരെ

LIBRARY ARCHIVES Kerala Legislative Assembly

ചുരുക്കി ഞാൻ പറയാം. May I bring your kind attention that the date of bidding of this property is fixed at May 22 and we need to disclose the bidders the exact status of the title at the earliest. ടൈറ്റിൽ അപ്പോഴും കൈയിൽ കിട്ടിയിട്ടില്ല. എത്രയും പെട്ടെന്ന് ടൈറ്റിൽ എത്തിച്ചുതരണമെന്ന് വിൽക്കാൻ ഏൽപ്പിച്ചിരിക്കുന്ന കമ്പനി അരുൺഷൂരിയ്ക്കും, കേന്ദ്ര ടൂറിസം മന്ത്രിക്കും അയച്ച Strictly confidential ആയ കത്തിന്റെ കോപ്പിയാണ് ഞാൻ ഇവിടെ വായിച്ചത്. കത്തിന്റെ അവസാനത്തെ വാചകം. കേരളത്തിലെ മന്ത്രിമാർ ഇതിൻമേൽ എന്തുചെയ്തു? ബി.ജെ.പി.ക്കാർ വർഗ്ഗീയ ഫാസിസ്റ്റുകൾ, ഇൻഡ്യാ രാജ്യത്തെ വിറ്റ് തുലയ്ക്കാൻ നിൽക്കുന്നവർ അവർ പാമ്പും നിങ്ങൾ കീരിയുമല്ലേ? ഞങ്ങൾ ഇൻഡ്യാ രാജ്യത്തെ കൊച്ചു പാർട്ടി കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടി. നിങ്ങൾ എന്തോ ചെയ്തു, ടൈറ്റിൽ ഡീഡ് ഇല്ലാത്ത ഒരു സ്ഥാപനം അതിൽ കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടിയുടെ സംസ്ഥാന സെക്രട്ടറിയുടെ സൗഹൃദം വച്ചാണോ ഈ സംഭവം നടത്തിയത്? ഇതൊന്നും കയ്യിലില്ലാതെ വെറുതെ കയ്യുംവീശി നിയമസഭയിലേക്ക് കയറി വരികയാണ് എന്നുള്ള ധാരണയിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ നേരെ വിരൽ ചൂണ്ടാൻ ശ്രമിക്കരുത്. ഇതല്ലേ സത്യം?

ശ്രീ. ചെയർമാൻ: പ്ലീസ്, പ്ലീസ് കോ-ഓപ്പറേറ്റ്.

ശ്രീ. ടി. കെ. ഭവകുമാർ: കോവളത്തെ അശോകാബീച്ച് റിസോർട്ടിന് 16.5 ഹെക്ടർ സ്ഥലത്തെ ടൈറ്റിൽ ഡീഡ് ഉള്ളുവെന്നും ബാക്കി ഭൂമിക്കു കൂടി ഉടൻ ടൈറ്റിൽ ഡീഡ് വാങ്ങിത്തരണമെന്നും ആവശ്യപ്പെട്ട കത്താണിത്. ടൈറ്റിൽ ഡീഡില്ലാത്ത 25.78 ഹെക്ടർ സ്ഥലം വിൽപ്പന നടത്തി ബഹുമാനപ്പെട്ട ടൂറിസം മന്ത്രി. ഈ കത്തിന്റെ കോപ്പിയാണ് ഞാൻ ആദ്യം വായിച്ചത്. ടൈറ്റിൽ ഡീഡ് ഇല്ലെന്ന് വ്യക്തമായ ഈ സാധനം വിൽക്കാൻ അവസരം ഉണ്ടാക്കിയത് എങ്ങനെയാണെന്നത് പറഞ്ഞ് ബോദ്ധ്യപ്പെടുത്തി തന്നാൽ നന്നായിരിക്കും.

ശ്രീ. എം. വി. ജയരാജൻ: അങ്ങ് ഇവിടെ നടക്കുന്ന കോടികളുടെ ഇടപാടിന്റെ കമ്മീഷന്റെ കാര്യം പറഞ്ഞു. ഇവിടെ ഈ നിയമസഭയിൽ തന്നെ മുസ് വിവാദം ഉയർന്നുവന്നപ്പോൾ അവിടെ സ്ഥലത്തുപോയി പരിശോധന നടത്തിയിട്ടുള്ള വിഴിഞ്ഞം വില്ലേജ് ഓഫീസർ, നെയ്യാറ്റിൻകര തഹസീൽദാർ ഇവർ ഒരു റിപ്പോർട്ട് കളക്ടർക്ക് നൽകിയിട്ടുണ്ട്. അത് ഗവൺമെന്റിൽ എത്തിയിട്ടുണ്ട്. അവിടെ ആ ഹോട്ടലിലേക്ക് നമ്മൾ പോകുന്നുണ്ടല്ലോ, അവിടെനിന്നും ബീച്ചിലേക്ക് ഇറങ്ങുന്ന ഒരു സ്ഥലം ഉണ്ട്, ഒന്നര ഏക്കറാണ്. നേരിട്ട് പോയി കണ്ട കാര്യങ്ങൾ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തണ്ടേ? അതിലേക്ക് ഇറങ്ങുന്ന ഒന്നര ഏക്കർ സ്ഥലം പുറമ്പോക്കാണ്. നമ്മുടെ റവന്യൂമന്ത്രിയുടെ മരുമകൻ പുവാർ ഭൂമി കയ്യേറിയതുപോലെ ഈ ഒന്നര

LIBRARY ARCHIVES Kerala Legislative Assembly

ഏക്കർ പുറംപോക്ക് ഭൂമികൂടി അങ്ങനെ കയ്യേറിയത് അങ്ങയുടെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ, ആ റിപ്പോർട്ടിൻമേൽ ഒരു നടപടിയും ഗവൺമെന്റ് സ്വീകരിച്ചില്ല എന്ന് അങ്ങേക്ക് അറിയാമോ?

ശ്രീ. സി. കെ. ദേവകുമാർ : ഞാൻ പറഞ്ഞതുപോലെ ഇതിനകത്ത് ഉദ്യോഗസ്ഥ മേധാവികളുടെ മാത്രമല്ല, രാഷ്ട്രീയ നേതൃത്വത്തിന്റെകൂടി ഗൂഢാലോചന തെളിയിക്കാൻ വേണ്ടിയാണ് ഇത്തരം വിഷയങ്ങൾ അവതരിപ്പിച്ചത്. ആരുടെയെങ്കിലും ഈ മഹാമനസ്കതയുടെയും യു.ഡി.എഫ്. ഗവൺമെന്റ് എടുത്ത ധീരമായ നിലപാടുകളുടേയും ഭാഗമായി ഇത് ഞങ്ങൾ ഇവിടെ കൊണ്ടുവന്നു എന്നുപറഞ്ഞാൽ, അല്ല എന്നുതെളിയിക്കാൻ കഴിഞ്ഞു എന്നുതന്നെയാണ് രേഖകൾ ഉദ്ധരിച്ചുകൊണ്ട് ഞാൻ ആവശ്യപ്പെടുന്നത്.

മി. ചെയർമാൻ : പ്ലീസ്, ഒന്നവസാനിപ്പിക്കൂ, 31 മിനിറ്റായി. ഞാൻ ബില്ലിന്റെ ചർച്ച നിയന്ത്രിക്കുന്നതല്ല. എങ്കിലും സമയപരിധി കണക്കാക്കാതിരിക്കാൻ കഴിയില്ല, എല്ലാവരും അതിന്റേതായ രീതിയിൽ സമയമെടുത്ത് സഹകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. സി. കെ. ദേവകുമാർ : ഈ ചർച്ച ഉയർന്നുവരുന്നത് മറ്റൊരു ചർച്ചയുടെ പ്രോഡക്ടായിട്ടാണ്. ആ ചർച്ച ഉണ്ടായപ്പോൾ വിലക്കിയിരുന്നുവെങ്കിൽ ഈ ചർച്ച ഇങ്ങനെ പോകില്ലായിരുന്നു. ഞാൻ ചെയറിനെ ചോദ്യം ചെയ്യുകയല്ല.

മി. ചെയർമാൻ : ഏതു ചർച്ച ?

ശ്രീ. സി. കെ. ദേവകുമാർ : ഉപശാലയും, ഇ. കെ. നായനാരും, കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടിയുടെ സംസ്ഥാന സെക്രട്ടറിയേയുമൊക്കെ പറഞ്ഞാൽ ഞങ്ങൾ കേട്ടുകൊണ്ട് പോകുമെന്ന് ധരിച്ചോ? അതിന് മുഴുവൻ മറുപടി പറഞ്ഞിട്ട് ഞാൻ ബില്ലിലേക്ക് കടക്കുകയാണ്. ഇവിടെ നടത്തിയ പ്രസംഗം കേട്ടിട്ട് അതിന്റെ മറുപടിയാണ് കാര്യ കാരണസഹിതം ഞാൻ പറഞ്ഞത്. ഇതിനകത്ത് വസ്തുതകൾ വളച്ചൊടിച്ച് സംസ്ഥാനത്തിന്റെ മുതൽ തട്ടിയെടുക്കാൻ വ്യക്തികളെ സഹായിക്കുന്ന ഉദ്യോഗസ്ഥ മേധാവികളെ മുന്നിൽ നിർത്തി നടത്തിയ രാഷ്ട്രീയ നേതൃത്വത്തിന്റെ വഞ്ചനാപരമായ സമീപനമാണ് ഈ ബഹുജന പ്രക്ഷോഭത്തിലൂടെ ഇന്ന് പൊളിഞ്ഞ് രംഗത്ത് വന്നിരിക്കുന്നത്. ഇവിടെയാണ് പ്രശ്നം നിൽക്കുന്നത്, അത് അല്ലെങ്കിൽ ഇത്തരത്തിൽ കൈകാര്യം ചെയ്ത സംസ്ഥാന ഉദ്യോഗസ്ഥൻമാരെ സംസ്ഥാന ക്യാബിനറ്റിന്റെ തീരുമാനമില്ലാതെ ഈ സംസ്ഥാന സർക്കാരിന്റെ നിലപാടിനെതിരായി തീരുമാനമെടുത്തു എന്ന് അദ്ദേഹം പറഞ്ഞല്ലോ. എന്താണ് പറഞ്ഞ വാക്ക്? കേരളത്തിന്റെ പൈതൃക സ്വത്താണെന്നാണ്. കേരളത്തിന്റെ പൈതൃക സ്വത്തൊന്നുമല്ല അമ്മ സഹായനി തേടിച്ചിട്ട് കേരളാ ഗവൺമെന്റിന്റെ കൈയിൽ വന്ന

LIBRARY ARCHIVES Kerala Legislative Assembly

സ്വത്താണ് അത്. ഇപ്പോൾ നമ്മുടെ പൊതുമുതൽ ഇങ്ങനെ കൈകാര്യം ചെയ്യുന്നതിന്, റെറ്റിൽ ഡീഡുപോലും ഇല്ലാതെ വിറ്റ് കാൾ മേടിക്കുന്നതിന് കൂട്ടുനിന്ന ഉദ്യോഗസ്ഥരുടെ പേരിൽ നടപടിയെടുക്കാൻ കഴിയുമോ? നിങ്ങളുടെ രാഷ്ട്രീയ നേതൃത്വത്തിന്റെ സത്യസന്ധത തെളിയിക്കാൻ അത് വേണം. നിങ്ങൾക്ക് കഴിയില്ല. അതുകൊണ്ടാണ് ഉദ്യോഗസ്ഥൻമാർ ചെയ്തത്. ഇത് പുറത്തുകൊണ്ടുവന്നത് കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടിയും എൽ.ഡി.എഫ്. ഉം മാത്രമൊന്നുമല്ല എന്ന് ശ്രീ. പ്രതാപൻ, തന്നെ പറഞ്ഞല്ലോ. മാതൃഭൂമി പത്രം ഇത് 2003 ഏപ്രിൽ മാസത്തിൽ പുറത്തുകൊണ്ടുവന്നപ്പോഴാണ് മറ്റു ചില പത്രങ്ങളെ ഉപയോഗിച്ച് നിങ്ങൾ അതിനെ കൗണ്ടർ ചെയ്യാൻ ശ്രമിച്ചത്. നിഷേധിക്കാമോ ? അതുംകൂടി പറയേണ്ടായിരുന്നോ? നിങ്ങൾക്കുവേണ്ടി കോൺഗ്രസിന്റെ രാഷ്ട്രീയം പറഞ്ഞുവരുന്ന, യു.ഡി.എഫ്.-നെ നേർവഴിക്കു നയിക്കുന്ന കേരളത്തിലെ ചില മുഖ്യശ്രീ പത്രങ്ങളെ ഇതിനെ കൗണ്ടർ ചെയ്യാൻ നിങ്ങൾ ഉപയോഗിച്ചില്ലേ? എന്താ ശ്രീ. പ്രതാപൻ അതുകൂടി പറയാത്തത്? ദേശാഭിമാനിയിൽ വന്നതിനെയല്ലല്ലോ, മാതൃഭൂമി പത്രത്തെ പുകഴ്ത്തി പറഞ്ഞപ്പോൾ ഇതിനെ കൗണ്ടർ ചെയ്യാൻ കേരളത്തിലെ മറ്റുചില മാധ്യമങ്ങളെ ഉപയോഗിച്ചതുകൂടി പറയണമായിരുന്നു. ഈ ബില്ലിനെക്കുറിച്ച് എന്തെങ്കിലും പറയണ്ടേ? ബില്ലിനെക്കുറിച്ച് പറയുമ്പോൾ ബഹുമാന്യനായ ശ്രീ. ടി. എം. ജേക്കബ് നിർദ്ദേശിച്ച ഒന്നുരണ്ടു കാര്യങ്ങൾ ഗൗരവമുള്ളവയാണ്. കാരണമെന്താണ്? ഇത് കോടതിയുടെ മുമ്പിൽ വരും. ഇത് വീണ്ടും കോടതിയിൽ ചോദ്യം ചെയ്യപ്പെടും. കോടതിയിൽ ചോദ്യം ചെയ്യപ്പെടുന്ന അവസരത്തിൽ ഒന്നു രണ്ടു കാര്യങ്ങൾ നാം ശ്രദ്ധിക്കണം. അതിലൊന്ന് നഷ്ടപരിഹാരം തിട്ടപ്പെടുത്തുന്നതാണ്. നഷ്ടപരിഹാരം തിട്ടപ്പെടുത്തുന്നതിനെ സംബന്ധിച്ചിടത്തോളം 1970-ൽ ഇതിന്റെ മെയിന്റനൻസിനും റിപ്പയറിംഗിനും പണം നല്കിയതിന്റെ കോപ്പിയാണ് ഞാൻ വായിച്ചത്. നഷ്ടപരിഹാരം തിട്ടപ്പെടുത്തുന്നതിന് സമയം നിശ്ചയിക്കണം. അതിന് വിദഗ്ദ്ധൻമാരുമായി ആലോചിക്കണം. സമയപരിധി നിശ്ചയിക്കുന്നില്ലായെങ്കിൽ ഇതിന് മുമ്പുള്ളതിന്റെ ഉൾപ്പെടെയുള്ള ദേഹണ്ഡങ്ങൾ തിട്ടപ്പെടുത്തി അതിന് അവകാശവാദം ഉന്നയിക്കാൻ നിക്ഷിപ്ത താൽപ്പര്യക്കാർ ശ്രമിക്കും. മറ്റൊന്ന് അപ്പീൽ അതോറിറ്റിയെ സംബന്ധിച്ച് ഇതിനകത്ത് പറഞ്ഞിരിക്കുന്നു. തിരുവനന്തപുരം ജില്ലാ ജഡ്ജിയാണ് പറഞ്ഞിരിക്കുന്നത്. ജഡ്ജ്മെന്റ് എഴുതിയിട്ട് ഞങ്ങളുടെ പേര് പുറത്ത് പറയരുതെന്ന് പറയുന്ന ജഡ്ജിമാരുള്ള നാടാണ് കേരളം. ദേവകുമാർ ഈ സഭയിൽ പറഞ്ഞാൽ ഞാൻ പറഞ്ഞതെല്ലാം എന്റെ പേരിൽത്തന്നെ പത്രത്തിൽ വരണമെന്ന് ആഗ്രഹിക്കുന്ന ആളാണ് ഞാൻ. എന്റെ പേര് അങ്ങനെ വരാറില്ല. വരുന്നെങ്കിൽ എല്ലാം എന്റെ പേരിൽത്തന്നെ വരണമെന്ന് ആഗ്രഹിക്കുന്ന ആളാണ് ഞാൻ. എല്ലാ ജഡ്ജിമാരും അത്തരക്കാരാണെന്ന് ഞാൻ പറയുന്നില്ല. അത്തരക്കാരും ജഡ്ജിമാരുടെ കൂട്ടത്തിൽ ഉണ്ടെന്ന് നമ്മൾക്ക് ബോദ്ധ്യപ്പെട്ടിരിക്കുകയാണ്. അതുകൊണ്ടുതന്നെ കേരളത്തിൽ

GPM. 2/359/2012.—30

LIBRARY ARCHIVES Kerala Legislative Assembly

ഇക്കാര്യത്തിൽ ഗവൺമെന്റിന് നിയന്ത്രിക്കാൻ കഴിയുന്ന ഒരു ഉന്നതനായ എക്സിക്യൂട്ടീവിന് ഈ ചുമതല കൊടുക്കണം. അപ്പീൽ അതോറിറ്റിയായി ഒരു ഉയർന്ന എക്സിക്യൂട്ടീവിനെ ചുമതലപ്പെടുത്തണം. എക്സിക്യൂട്ടീവിനെ ചുമതലപ്പെടുത്തിയെങ്കിലേ ഒക്കൂ. അല്ലെങ്കിൽ ഈ സർക്കാർ ഈ ജില്ലാ കോടതി ജഡ്ജിയെ, തിരുവനന്തപുരം മുനിസിപ്പൽ ജില്ലാകോടതി ജഡ്ജിയെ, ഇതിനകത്ത് വച്ചാൽ നമ്മൾ ഇതിന്റെ പേരിൽ വീണ്ടും കോടതി കയറേണ്ടിവരും, അല്ലെങ്കിൽ പലർക്കും പൊതുതാൽപ്പര്യ ഹർജിയുമായിട്ട് പോകേണ്ടിവരുമെന്ന് ഞാൻ ഭയപ്പെടുന്നു. അതുകൊണ്ട് ഒരു എക്സിക്യൂട്ടീവിനെ വയ്ക്കണമെന്ന അഭിപ്രായമാണ് ഇക്കാര്യത്തിൽ എനിക്കുള്ളത്. ഇടപെടൽ വീണ്ടുമുണ്ട്. ദേഹണ്ഡത്തിന് തുക നൽകുന്നതു സംബന്ധിച്ച് ഞാൻ സൂചിപ്പിച്ചു. ഇത് ഏറ്റെടുക്കുന്നതിനെ സംബന്ധിച്ച് സൂചിപ്പിച്ചു. സർ, ഈ കാര്യത്തിൽ ഇങ്ങനെ ഒരു ഓർഡിനൻസ്. ഇറക്കാനും, ഇങ്ങനെ ഒരു ബിൽ കൊണ്ടുവരാനും കേരളത്തിൽ ഈ മുഴുവൻ കാര്യങ്ങൾക്കും പുറകിൽ നിന്ന് നേതൃത്വം കൊടുത്ത് യു.ഡി.എഫിനെ നിർബന്ധിതമാക്കിയ കോവളത്തെ ജനപ്രതിനിധികളേയും ആ സമരമുഖത്തു വന്ന എല്ലാ രാഷ്ട്രീയ പ്രസ്ഥാനങ്ങളേയും സംഘടനകളേയും അതിന് നേതൃത്വം കൊടുക്കാൻ ശ്രമിച്ച മുഴുവൻ വ്യക്തികളേയും അഭിനന്ദിക്കാൻ ഭരണപക്ഷവും പ്രതിപക്ഷവും ഒരുപോലെ തയ്യാറാകണം. അതിനുള്ള വിശാലമനസ്കത ഗവൺമെന്റ് കാണിക്കണം. അല്ലെങ്കിൽ ഈ പൊതുമുതൽ കരൺസിംഗിന്റെ കാലത്ത് ബോദ്ധ്യപ്പെട്ട് കേരളത്തിന് നൽകിയ മഹനീയമായ ഈ ചരിത്രസ്മാരകം, അല്ലാതെ പൈതൃകസ്വത്ത് എന്നൊന്നും ഞാൻ പറയുന്നില്ല, വിറ്റ് കാശ് മേടിച്ചുകൊണ്ടുപോകാൻ ചില സ്വകാര്യ മുതൽമുടക്കുകാർക്ക് അവസരം ഉണ്ടാകുമായിരുന്നു. ആ അവസരം നിഷേധിച്ചുകൊണ്ട് സർക്കാരിനെ നിർബന്ധിതമാക്കിയ സമരപ്രക്ഷോഭങ്ങൾക്ക് നേതൃത്വം കൊടുത്ത മുഴുവൻ ആളുകളേയും ഉന്നതമായ ഈ സഭാവേദിയിൽ വച്ച് അഭിനന്ദിച്ചുകൊണ്ട് ഇത്തരം ഒരു ബിൽ കൊണ്ടുവന്ന് കുറ്റമറ്റതാക്കാൻ ഈ ബിൽ സെലക്ട് കമ്മിറ്റിക്ക് അയക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ നിറുത്തുന്നു.

വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി *(ശ്രീ കെ. സി. വേണുഗോപാൽ)*: സർ, ഇവിടെ ഈ ബില്ലുമായി ബന്ധപ്പെട്ട് നിരാകരണപ്രമേയവും ഭേദഗതിയും അവതരിപ്പിച്ച അംഗങ്ങളുടെ അഭിപ്രായങ്ങൾ സശ്രദ്ധം കേൾക്കുകയായിരുന്നു. ഞാൻ രാഷ്ട്രീയപരമായ പരാമർശങ്ങൾക്കൊന്നും ദീർഘമായി മറുപടി പറയാൻ ആഗ്രഹിക്കുന്നില്ല. എന്തുചെയ്താലും അതിലെ കുറ്റംമാത്രം കണ്ടുപിടിച്ച് കുറ്റപ്പെടുത്തുന്ന ഒരു സ്വഭാവമുണ്ട്. അത് പ്രതിപക്ഷ രാഷ്ട്രീയത്തിന്റെ ഭാഗമാണെന്ന് തെറ്റിദ്ധരിച്ചുകൊണ്ട് നമ്മുടെ ബഹുമാനപ്പെട്ട സഹോദരൻമാർ ഈ ഗവൺമെന്റിന്റെ ആത്മാർത്ഥതയേയും ഉദ്ദേശശുദ്ധിയേയും ചോദ്യംചെയ്യുന്ന രീതിയിലാണ് ഇവിടെ

LIBRARY ARCHIVES Kerala Legislative Assembly

സമീപിച്ചിരിക്കുന്നത്. അടിവരയിട്ട്, ഈ കാര്യത്തിൽ കഴിഞ്ഞ നിയമസഭാ സമ്മേളനങ്ങളിലെല്ലാം തന്നെ കോവളം കൊട്ടാരവുമായി ബന്ധപ്പെട്ട വിഷയം വന്നപ്പോൾ തന്നെ ഗവൺമെന്റ് ആത്മാർത്ഥതയുള്ള സമീപനം സ്വീകരിച്ചിട്ടുണ്ട്. ഞങ്ങൾക്ക് യാതൊരു മറച്ചുവയ്പിന്റേയും ആവശ്യമില്ല. ആർക്കും പരിശോധിക്കാം. കോവളം കൊട്ടാരവുമായി ബന്ധപ്പെട്ടിട്ടുള്ള കാര്യങ്ങളിൽ സർക്കാരിന്റെ ഭാഗത്തുനിന്ന് വളരെ സൂതാര്യമായ സമീപനങ്ങളെ ഉണ്ടായിട്ടുള്ളൂ എന്ന കാര്യത്തിൽ സംശയമില്ല. ഇതിനെ സംബന്ധിച്ച് സൂചിപ്പിച്ച ചില കാര്യങ്ങൾ 1970-ൽ ഐ.റ്റി.ഡി.സി.ക്ക് കൈമാറിയ ഭൂമി അന്നത്തെ ടേംസ് ആന്റ് കണ്ടിഷൻസ് അന്ന് ഫിക്സ് ചെയ്യാതെ കൊടുത്തപ്പോഴുണ്ടായ അവ്യക്തത ഇവിടെ ശ്രീ. ദേവകുമാർ സൂചിപ്പിച്ചതുപോലെ ഒൻപത് ലക്ഷത്തിൽ ചില്വാനം രൂപ ട്രാൻസ്ഫറിന്റെ ഭാഗമായിട്ട് ഇൻഡ്യാ ഗവൺമെന്റ് കേരളാ ഗവൺമെന്റിന് നൽകുന്നു എന്നുപറഞ്ഞുകൊണ്ട് കേരളാ ഗവൺമെന്റ് അത് വാങ്ങിച്ച രേഖകളെല്ലാം ഗവൺമെന്റിന്റെ കയ്യിലുണ്ട്. ഇതു സംബന്ധിച്ച് നമ്മൾ മനസ്സിലാക്കേണ്ടത് ഐ.റ്റി.ഡി.സി. യിൽ ഈ പ്രോപ്പർട്ടി ഉള്ളിടത്തോളം കാലം യാതൊരു തർക്കത്തിന്റേയും കാര്യമില്ല. കാരണം ഇൻഡ്യാ ഗവൺമെന്റിന്റെ പ്രോപ്പർട്ടിയാണ് കേരളാ ഗവൺമെന്റിന് കൊടുത്തത്. ഇവിടെ സൂചിപ്പിച്ചതുപോലെ ഒരു പ്രധാനപ്പെട്ട ടൂറിസം പ്രോജക്ട് എന്ന നിലയിൽ കോവളം ഒരു വിനോദസഞ്ചാരത്തിന്റെ ഡെസ്റ്റിനേഷൻ എന്ന നിലയിൽ അവിടെ ഒരു ഫൈവ്സ്റ്റാർ ഫെസിലിറ്റിയുള്ള ഹോട്ടൽ വരുന്നതിനുവേണ്ടി ഐ.റ്റി.ഡി.സി. മുൻകയ്യെടുത്തപ്പോൾ അന്നത്തെ ഗവൺമെന്റ് സദുദ്ദേശപരമായി ചെയ്ത കാര്യങ്ങളായിട്ടാണ് കണക്കാക്കുന്നത്. ബി.ജെ.പി. ഗവൺമെന്റിന്റെ ഡിസ്-ഇൻവെസ്റ്റ്മെന്റ് പോളിസിയുടെ ഭാഗമായി ഇൻഡ്യയിലെ മറ്റ് സംരംഭങ്ങൾ അവർ വിൽക്കാൻ തീരുമാനിച്ചപ്പോൾ ഇതുകൂടി തീരുമാനിച്ചു. അതിന്റെ ഭാഗമായി ഇവിടെയുണ്ടായ കാര്യങ്ങൾ നമുക്കെല്ലാപേർക്കും അറിയാം. ചില പാകപ്പിഴകൾ നമ്മുടെ ഭാഗത്ത് ഉണ്ടായിട്ടുണ്ട്. അത് 2000-ത്തിൽ തുടങ്ങിയതാണ്. ബഹുമാനപ്പെട്ട ശ്രീ. ദേവകുമാറും, ശ്രീ. ജയരാജനും ഇവിടെ സംസാരിച്ചല്ലോ, ബഹുമാനപ്പെട്ട മെമ്പർമാർക്ക് അറിയാം - 2000-ത്തിൽ ഈ തണ്ടപ്പേർ ആരാണ് കൊടുത്തത്, എപ്പോഴാണ് കൊടുത്തത് എന്നുള്ളത് ഞാൻ കോട്ട് ചെയ്തു പറയാം. 23-5-2000-ത്തിലാണ് ഇതിന് തണ്ടപ്പേർ കൊടുത്തിരിക്കുന്നത്. അന്നാരാണ് റവന്യൂ വകുപ്പു മന്ത്രി? ആരാണ് കേരളത്തിന്റെ മുഖ്യമന്ത്രി? ഞാൻ ദുരുദ്ദേശപരമായി ഒന്നും പറയുന്നില്ല. അന്ന് കച്ചവടം നടത്താൻവേണ്ടി കൊടുത്തു എന്നൊന്നും ഞാൻ പറയുന്നില്ല. അപ്പോൾ ഇതിനകത്ത് അന്നുമുതൽ കേന്ദ്ര ഗവൺമെന്റ് ഇത് വിൽക്കാൻ തീരുമാനിച്ചപ്പോൾ തന്നെ ഇവിടെ പറഞ്ഞത് ശരിയാണ്. നമ്മളാരും അല്ല ചൂണ്ടിക്കാണിച്ചത്. ഇതിനകത്ത് കൃത്യമായിട്ട് ബി.ജെ.പി. ഗവൺമെന്റ് വന്നയുടനെ, ഗവൺമെന്റ് പോളിസി വന്നു. ആ പോളിസി വന്നപ്പോൾ അരുൺഷൂരി ഇത് വിൽക്കാൻവേണ്ടി തീരുമാനിച്ചപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

കൺസൽട്ടൻസിയാണ് ചൂണ്ടിക്കാണിക്കുന്നത്. ഇതിന്റെ ആക്ച്വൽ ടൈറ്റിൽ ഇപ്പോൾ ഐ.റ്റി.ഡി.സി.-യുടെ കൈയിൽ ഇല്ല. അത് വാങ്ങിയിട്ടു മാത്രമേ ഡിസ്-ഇൻവെസ്റ്റ്മെന്റിന് പോകാൻ പാടുള്ളൂ എന്നു വന്നപ്പോഴാണ് അവർ തണ്ടപ്പേര് വാങ്ങാൻ ധൃതിയുള്ള സമീപനം സ്വീകരിച്ചത്. അതിന്റെ ഭാഗമായി 2000-ത്തിലാണ് നമ്മൾ ആദ്യം ഇത് കൊടുത്തത്. പിന്നെ ചില പാളിച്ചകൾ ചില തലങ്ങളിൽ ഉണ്ടായിട്ടുണ്ട്, ഇല്ല എന്ന് സമ്മതിക്കുന്നില്ല, ഉണ്ടായിട്ടുണ്ട്, അതിന് ഗവൺമെന്റ് തീരുമാനമെടുത്തിട്ടുണ്ട്. ഇതുസംബന്ധിച്ച് ഗവൺമെന്റിന് ആരെയും ഒളിച്ചു വയ്ക്കേണ്ട കാര്യമില്ല. ഗവൺമെന്റ് 29-4-2005-ൽ കൃത്യമായി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കോവളം കൊട്ടാരവുമായി ബന്ധപ്പെട്ട ഇതിന്റെ ട്രാൻസാക്ഷൻ നടത്തിയിരിക്കുന്ന കാര്യങ്ങൾ എന്താണെന്ന് അന്വേഷിക്കാൻ അഡീഷണൽ ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അതിന്റെ റിപ്പോർട്ട് പ്രതീക്ഷിച്ചുകൊണ്ടിരിക്കുകയാണ്. ഇക്കാര്യത്തിൽ ഉദ്യോഗസ്ഥതലത്തിൽ എന്തെങ്കിലും വീഴ്ചയുണ്ടായിട്ടുണ്ടോയെന്ന് പരിശോധിക്കും. അതിൽ സംശയമൊന്നുമില്ല. ഉദ്യോഗസ്ഥതലത്തിൽ എന്തെങ്കിലും വീഴ്ചയുണ്ടായിട്ടുണ്ടോയെന്ന് പരിശോധിക്കാൻ അഡീഷണൽ ചീഫ് സെക്രട്ടറി, അങ്ങേക്കറിയാമല്ലോ, മോശക്കാരനായ ഉദ്യോഗസ്ഥനാണെന്ന് എനിക്കു തോന്നുന്നില്ല. അദ്ദേഹത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആ റിപ്പോർട്ട് വരുന്ന മുറയ്ക്ക് ആ കാര്യത്തിൽ തീരുമാനമെടുക്കും. ഞങ്ങൾക്ക് ആരെയും സംരക്ഷിക്കേണ്ട കാര്യമില്ല. ഇക്കാര്യത്തിൽ ഈ ഗവൺമെന്റ് വന്ന അന്നുമുതൽ എടുത്ത തീരുമാനമാണ്. ഇവിടെ പറഞ്ഞല്ലോ, ഇവിടെ ബഹുമാനപ്പെട്ട ശ്രീ. പ്രതാപൻ സൂചിപ്പിച്ചു. എല്ലാപേർക്കും അറിയാവുന്ന കാര്യമാണ്. ഇത് വിഷയമായി വന്നത് ഏതിന്റെ പേരിലാണെന്ന് നമുക്കെല്ലാപേർക്കും അറിയാം. ഈ വിഷയം വന്ന അന്നുമുതൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. എ. കെ. ആന്റണിക്ക് പരാതി കിട്ടിയ അന്ന് അദ്ദേഹം ഇക്കാര്യം കാബിനറ്റിൽ ചർച്ചചെയ്ത് ഇതുമായി ബന്ധപ്പെട്ടിട്ടുള്ള കാര്യങ്ങൾ അവിടെ നിറുത്തിവച്ചു. നിറുത്തിവച്ചിട്ടാണ് ഇതുമായി ബന്ധപ്പെട്ട ഒരു കമ്മിറ്റിയെ പരിശോധിക്കാൻ ചുമതലപ്പെടുത്തിയത്. ആ കമ്മിറ്റിയുടെ റിപ്പോർട്ട് നമുക്ക് കിട്ടിയിട്ടുണ്ട്. ഒരു പൊതുകാര്യം വ്യക്തമായി പറയാൻ ആഗ്രഹിക്കുന്നു. നിങ്ങൾ ഇതിന്റെ സ്പിരിറ്റ് മനസ്സിലാക്കണം. കോവളം കൊട്ടാരവും അനുബന്ധസ്ഥലങ്ങളും കേരള സർക്കാരിന് അവകാശപ്പെട്ടതാണെന്നുള്ള കാര്യത്തിൽ ഒരു വിട്ടുവീഴ്ചയ്ക്കും കേരളാ ഗവൺമെന്റ് തയ്യാറല്ല. പിന്നെ ഇതിനകത്ത് വന്ന കാര്യം ഇതൊരു ലീഗൽ മാറ്ററാണ്. ഇപ്പോൾ നിയമപരമായിട്ട് ഹൈക്കോടതിയുടെ മുമ്പിൽ കേസ് വന്നു. കൊട്ടാരം ഗവൺമെന്റ് ഏറ്റെടുക്കാൻ തീരുമാനിച്ചപ്പോൾ ഏറ്റെടുക്കുന്നതിനെതിരായിട്ട് ഉത്തരവാദപ്പെട്ടവർ കേസ് കൊടുത്തു. ആ കേസ് നിർഭാഗ്യവശാൽ നമുക്കെതിരായി വിധിച്ചു. ഹൈക്കോടതി എല്ലാ കാര്യങ്ങളും ഇന്നപോലെയേ വിധിക്കാൻ പാടുള്ളൂ എന്ന് ഗവണ്മെന്റിന് പറയാൻ പറ്റുമോ?

LIBRARY ARCHIVES Kerala Legislative Assembly

ആ ഹൈക്കോടതി വിധി എങ്ങനെ മറികടക്കണമെന്നാണ് പിന്നെ ഗവണ്മെന്റ് ആലോചിച്ചത്. അത് സംബന്ധിച്ച് രണ്ടു വഴികളാണ് ഗവണ്മെന്റിന്റെ മുമ്പിലുണ്ടായിരുന്നത്. അതിലൊന്ന് ഹൈക്കോടതി വിധിക്കെതിരായി സുപ്രീം കോടതിയിൽ എസ്.എൽ.പി. ഫയൽ ചെയ്യുക എന്നുള്ളതാണ്. അതോടൊപ്പം ഇത് മറികടക്കാനുള്ള നിയമനിർമ്മാണം നടത്താൻ പറ്റുമോയെന്ന് ആരോഹിക്കുക. ഇൻഡ്യയിൽ കിട്ടാവുന്നതിൽ വച്ച് ഏറ്റവും പരമോന്നതരായ അഭിഭാഷകരെയാണ് ഗവണ്മെന്റ് സമീപിച്ചത്. ഇക്കാര്യത്തിൽ എന്താണ് ഗവണ്മെന്റിന് ചെയ്യാൻ കഴിയുക? ഇത് ഗവണ്മെന്റിൽ നിലനിർത്തണം. ഹൈക്കോടതിയിൽ കേസ് വാദിക്കാൻ റാവുവിനെപ്പോലെയുള്ള സുപ്രീംകോടതിയിലെ ഏറ്റവും പ്രധാനപ്പെട്ട അഭിഭാഷകരെയാണ് ഗവണ്മെന്റ് കൊണ്ടുവന്ന് വാദിപ്പിച്ചത്. ആ കേസിലാണ് നമ്മൾ തോറ്റു പോയത്. അതനുസരിച്ച് സുപ്രീംകോടതിയിൽ എസ്.എൽ.പി. കൊടുക്കുകയും അതോടൊപ്പം നിയമപരമായ മറ്റു മാർഗ്ഗങ്ങൾ തേടുകയും ചെയ്തു. എസ്.എൽ.പി. ഇപ്പോഴും ഹൈക്കോടതിയുടെ പരിഗണനയിലാണ്. നിയമപരമായി ഇതൊരു ഓർഡിനൻസ് മുഖാന്തിരം ഏറ്റെടുക്കുന്നതാണ് നല്ലതെന്ന നിയമോപദേശമാണ് നമുക്ക് കിട്ടിയത്. ഇവിടെ സൂചിപ്പിച്ചതുപോലെ ഗവണ്മെന്റിന് ഏറ്റെടുക്കാനുള്ള അധികാരം വച്ചുകൊണ്ട് ഒരു ഓർഡിനൻസ് പുറപ്പെടുവിക്കുക. അപ്പോൾ ഗവണ്മെന്റിന്റെ കൈയിൽ ഉണ്ടായിരുന്ന സ്വത്ത് ഏറ്റെടുക്കുന്നതായിട്ടല്ലേ ഓർഡിനൻസ്. ബഹുമാനപ്പെട്ട ടി. എം. ജേക്കബ് അദ്ദേഹത്തിന് അറിയാവുന്നതുകൊണ്ട് സമ്മതിച്ചതാണ്. കോംപൻസേഷൻ പ്രൊവിഷൻ കോടതിയിൽ ഓർഡിനൻസ് വന്നാൽ ചോദ്യം ചെയ്യപ്പെടും. അന്ന് ഇത് ലാപ്സാകും. ഇക്കാര്യത്തിൽ വ്യക്തമായ കോംപൻസേഷൻ നിർദ്ദേശം എങ്ങനെയാണ് തീരുമാനിക്കേണ്ടത്? നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ കോംപൻസേഷൻ തീരുമാനിച്ചു. ശ്രീ. രാജു എബ്രഹാം, ആർക്കെങ്കിലും കൈക്കൂലി കൊടുക്കാൻ വേണ്ടിയാണ് കോംപൻസേഷൻ പ്രൊവിഷൻ വച്ചതെന്ന് പറയാൻ അങ്ങേയ്ക്ക് തോന്നിയല്ലോ? ആരെ രക്ഷിക്കാൻ വേണ്ടിയാണ് ഈ പറഞ്ഞത്? എന്തും പറയാമെന്നാണോ? കോംപൻസേഷൻ പ്രൊവിഷൻ ഇതിൽ വച്ചില്ലെങ്കിൽ ഈ നിയമം quash ചെയ്യപ്പെടും എന്നുള്ള നിയമോപദേശത്തിന്റെ വെളിച്ചത്തിലാണ് ആ പ്രൊവിഷൻ വച്ചത്. കാലഘട്ടത്തെക്കുറിച്ച് പറഞ്ഞു. ഏത് കാലഘട്ടം വയ്ക്കണം. കേരള ഗവണ്മെന്റ് ഇത് വിട്ടു കൊടുത്തിരുന്ന കാലഘട്ടം വയ്ക്കാൻ പറഞ്ഞു. അതാണ് 1970 കാലഘട്ടം വച്ചത്. ഐ.ടി.ഡി.സി.-യും ഗൾഫാർ ഗ്രൂപ്പുമൊന്നും അവിടെ ഒരു കൺസ്ട്രക്ഷനും നടത്തിയിട്ടില്ല. കൊട്ടാരം അതേപോലെ കിടക്കുന്നുണ്ട്. കോംപൻസേഷൻ പ്രൊവിഷൻ വയ്ക്കേണ്ടതുകൊണ്ടാണ് പ്രൊവിഷൻ വച്ചത്. അല്ലാതെ വലിയ കോംപൻസേഷൻ ചോദിക്കാൻ ആർക്കും പറ്റില്ല. ഞാനും ജയരാജനും ഒന്നും അല്ലല്ലോ നിയമവിദഗ്ദ്ധന്മാർ. ഈ നാട്ടിൽ നിയമവിദഗ്ദ്ധന്മാ

LIBRARY ARCHIVES Kerala Legislative Assembly

രുണ്ടല്ലോ. അവരുടെ ഉപദേശം അനുസരിച്ചാണ് ചെയ്തത്. ഏതായാലും അങ്ങ് ആശങ്കപ്പെടേണ്ട. ഇക്കാര്യത്തിൽ ഗവണ്മെന്റിന് വ്യക്തമായ ഒരു നിലപാടുണ്ട്. (..... ബഹളം .....) ഇവിടെ പുകമറ ഉണ്ടാക്കിയിട്ട് ഇതിൽ നിന്നൊന്നും രക്ഷപ്പെടാൻ കഴിയില്ല. ഇതിനകത്ത് കാര്യം വ്യക്തമായിട്ട് പറയുന്നുണ്ട്. ഇതൊരു ലീഗിൽ ബാറ്റിലാണ്. ഹൈക്കോടതിയിൽ ഇപ്പോൾ ഓർഡിനൻസുകൂടി കമ്പ്ലൈൻ ചെയ്തിട്ടുണ്ട്. നിയമപരമായ ഉപദേശം തേടിയിട്ടേ പറ്റുകയുള്ളൂ. അതുകൊണ്ട് വ്യക്തമായും ഈ പ്രൊവിഷൻ അനുസരിച്ച് കോവളം കൊട്ടാരവും അനുബന്ധ സ്ഥലങ്ങളും ഗവണ്മെന്റ് ഏറ്റെടുക്കാനുള്ള നിയമനിർമ്മാണം നമ്മൾ നടത്തിയതാണ്. ഇത് സംബന്ധിച്ച് ഗവണ്മെന്റിന്റെ സമീപനത്തിൽ യാതൊരു വ്യത്യാസവും ഉണ്ടായിട്ടില്ല. ഇത് കേരള ഗവണ്മെന്റിന്റെ പ്രോപ്പർട്ടിയാണ്. അതിനുവേണ്ടി ഭരണഘടനാ ബാദ്ധ്യതകളുടെ ഭാഗമായിട്ടാണ് ഓർഡിനൻസിന് പകരമായിട്ട് ഈ ബിൽ കൊണ്ടു വന്നിരിക്കുന്നത്. നിയമസഭ കൂടുമ്പോൾ ബിൽ വരണം. അതിന്റെ ഭാഗമായിട്ടാണ് വന്നിരിക്കുന്നത്.

ഡോ. എ. നീലലോഹിതദാസൻ നാടാർ : ശ്രീ. ടി. എം. ജേക്കബ് പറഞ്ഞു, കോംപൻസേഷന്റെ പ്രൊവിഷൻ വച്ചില്ലെങ്കിൽ കോടതിയിൽ നിൽക്കില്ലെന്ന്. 1970-കളിൽ സഹകാര്യവനദേശസാൽക്കരണ നിയമം ഒരു കോംപൻസേഷനും ഇല്ലാതെ ഈ നിയമസഭ പാസ്സാക്കിയതാണ്. അത് ഒരു കോടതിയിലും നിൽക്കാതെ പോയില്ല. കോടതികളെയൊക്കെ അതിജീവിച്ചതാണ് ആ നിയമം എന്നുള്ള വസ്തുത അങ്ങേയ്ക്ക് അറിയാമോ?

ശ്രീ. എ. എൻ. രാജൻ ബാബു : അത് ഫുൾ ബഞ്ച് റദ്ദാക്കി. ഭൂപരിഷ്ക്കരണ നിയമത്തിലല്ലാതെ വസ്തു ഏറ്റെടുക്കുന്നത് ഭരണഘടനാ വിരുദ്ധമായതുകൊണ്ട് സുപ്രീം കോടതി അത് തള്ളാൻ പോയപ്പോൾ നമ്മുടെ ഗവണ്മെന്റ് അണ്ടർടേക്കിംഗ് നൽകിയതാണ്. ആ നിക്ഷിപ്തമാകുന്ന വനഭൂമി ഏറ്റെടുക്കുന്നതിന് ലാൻഡ്‌ലെസ്സ് ആയിട്ടുള്ള ആൾക്കുവേണ്ടി കൃഷി ചെയ്യാൻ അസൈൻ ചെയ്ത് കൊള്ളാം എന്നുള്ള അണ്ടർടേക്കിംഗ് ആയതുകൊണ്ടാണ് അത് നിലനിർത്തിയത്. അതല്ലായിരുന്നുവെങ്കിൽ അത് റദ്ദാകുമായിരുന്നു. അന്ന് വനം വകുപ്പുമന്ത്രിയായിരുന്ന ശ്രീ. നാണു മാസ്റ്റർക്കും വിവരം അറിയാവുന്നതാണ്. അന്ന് ഭൂപരിഷ്ക്കരണത്തിനുവേണ്ടിയുള്ള അസൈൻമെന്റ് നടത്താമെന്നുള്ള ഉറപ്പിൻമേലാണ് ആ നിയമം നിലനിർത്തിയത്. ഇവിടെ അതല്ലാത്ത ചില ഇന്ററസ്റ്റുകളുണ്ട്. അത് അവരുടെ പ്രോപ്പർട്ടിയാണ്. ഇൻഡ്യൻ ഭരണഘടന യുടെ 300 (എ) അനുസരിച്ച് No person shall be deprived of his property without the authority of law ..... ഏതെങ്കിലും ഇന്ററസ്റ്റ്, ലാൻഡ് അക്വിസിഷൻ ആക്ടിലാ ണെങ്കിലും .....

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. സി. വേണുഗോപാൽ : അങ്ങ് പറഞ്ഞതാണ് ശരി. ആർട്ടിക്കിൾ 14 അനുസരിച്ച് ഇതിന് കോംപൻസേഷൻ കൊടുക്കുന്നില്ലെങ്കിൽ അത് unjust ആയിരിക്കും, unfair ആയിരിക്കും, unreasonable ആയിരിക്കും, arbitrary ആയിരിക്കും. No property will be confiscated. കോംപൻസേഷൻ കൊടുക്കാൻ അവിടെ കാര്യമായിട്ടൊന്നുമില്ല. ചോദിക്കാനും പ്രൊവിഷനില്ല. കോംപൻസേഷൻ പ്രൊവിഷൻ നമ്മൾ വയ്ക്കുന്നില്ലെങ്കിൽ നാളെ അതിന്റെ അപാകത ചൂണ്ടിക്കാണിച്ച് ഈ നിയമം തെറ്റാണെന്ന് വരുത്തിത്തീർക്കാനും കോടതിയിൽ quash ചെയ്യാനും സാദ്ധ്യതയുണ്ടെന്ന് വന്നതുകൊണ്ടാണ് കോംപൻസേഷൻ പ്രൊവിഷൻ വച്ചിരിക്കുന്നത്. അതുപോലെ ഇവിടെ പറഞ്ഞ മറ്റു കാര്യങ്ങൾ .....

ശ്രീ. എം. വി. ജയരാജൻ : അഡീഷണൽ സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള കമ്മിറ്റി റിപ്പോർട്ട് കാത്തിരിക്കുകയാണ്. അന്നത്തെ മുഖ്യമന്ത്രി ശ്രീ. എ. കെ. ആന്റണി നിയോഗിച്ച കമ്മിറ്റിയുടെ റിപ്പോർട്ട് ഗവണ്മെന്റിന് കിട്ടിയിട്ടുണ്ട്. കമ്മിറ്റി റിപ്പോർട്ടിൽ പറയുന്ന പ്രകാരമുള്ള ക്രമവിരുദ്ധമായ പ്രവർത്തനങ്ങൾ നടത്തിയ ഉദ്യോഗസ്ഥരുടെ പേരിൽ നടപടി എടുത്തോ? അതിന് വല്ല തടസ്സവും ഉണ്ടോ? ആ റിപ്പോർട്ട് ഈ സഭയുടെ മുമ്പാകെ വ്യക്തമാക്കാമോ?

ശ്രീ. കെ. സി. വേണുഗോപാൽ : ആ റിപ്പോർട്ടിനകത്ത് ഉദ്യോഗസ്ഥർക്കെതിരെ റെസ്പോൺസിബിലിറ്റി ഫിക്സ് ചെയ്തതായിട്ട് എന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഉദ്യോഗസ്ഥൻമാർക്കെതിരെ അങ്ങനെ റെസ്പോൺസിബിലിറ്റി ഫിക്സ് ചെയ്ത റിപ്പോർട്ട് വന്നിട്ടില്ല. ഇക്കാര്യത്തിൽ ഇപ്പോൾ വന്നിരിക്കുന്ന പരാമർശങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ടാണ് അഡീഷണൽ ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിരിക്കുന്നത്. അന്വേഷണ റിപ്പോർട്ട് വരുന്ന മുറയ്ക്ക് കാര്യങ്ങൾ ചെയ്യാം.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ : ഇവിടെ കോംപൻസേഷൻ വേണമെന്നുള്ള കാര്യം നിയമപരമായ ബാദ്ധ്യതയുടെ ഭാഗമാണെന്ന് ബഹുമാനപ്പെട്ട മന്ത്രി പറയുന്നുണ്ട്. ഇവിടെ ഉന്നയിച്ച പ്രധാന വിഷയം കോംപൻസേഷൻ കൊടുക്കേണ്ട തീയതി 1970-മുതൽ വേണോ അതോ 2002-മുതൽ മതിയോ? ഇത് യഥാർത്ഥത്തിൽ റാവു ഉൾപ്പെടെയുള്ളവർ നിങ്ങളെ മിസ്‌ലീഡ് ചെയ്തതിന്റെ ഫലമായിട്ടാണ്. 2002 ആക്കി മാറ്റുന്നതിന് എന്താണ് തടസ്സമുള്ളത്?

ശ്രീ. കെ. സി. വേണുഗോപാൽ : റാവുവിന്റെ ഉപദേശം അല്ലല്ലോ ഞങ്ങൾ തേടിയിരിക്കുന്നത്. ഞങ്ങൾ ഇതിനകത്ത് ഉത്തരവാദപ്പെട്ട ആളുകളുടെ ഉപദേശം തന്നെയാണ് തേടിയിരിക്കുന്നത്. അതൊക്കെത്തന്നെ എവിടെ വേണമെങ്കിലും ഹാജരാക്കാനും തയ്യാറാണ്. പിന്നെ 1970-ന്റെ sanctity എന്നു പറയുന്നത്, കേരള ഗവണ്മെന്റ് ഐ.ടി.ഡി.സി.-ക്ക് കൈമാറിയ വർഷം അതാണ്. ഇത് കേരള

LIBRARY ARCHIVES Kerala Legislative Assembly

ഗവണ്മെന്റിന്റെ സ്വത്താണെന്ന് നമ്മൾ പറയുന്നു. അത് മുതൽ ഇങ്ങോട്ട് ഐ.ടി.ഡി.സി.-യുടെ സ്വത്തായിട്ട് നിൽക്കുന്നു എന്നാണ് അവർ പറയുന്നത്.

ശ്രീ. എ. എൻ. രാജൻ ബാബു : വകുപ്പ് 5(2), The principles to be observed in the payment of compensation shall be:—(a) in respect of any improvement made in the building or the land, the value for such improvement shall be at the rate prevalent at that time and with addition and depreciation at the rate of 5% subject to a maximum ..... അങ്ങനെ എവിടെ എപ്പോഴാണ് ഇംപ്രൂവ്മെന്റ് ഉണ്ടാക്കിയത്. ആ ടൈമിനുമാത്രം വാല്യൂവേഷൻ. പിന്നീട് ഡിപ്രീസിയേഷൻ. ഗൈഡ്ലൈൻ ഇതിനകത്ത് കൊടുത്തിട്ടുണ്ട്.

ശ്രീ. കെ. സി. വേണുഗോപാൽ : 1970 ആണോ 2002 ആണോ എന്നുള്ളത് സബ്ജക്ട് കമ്മിറ്റിയിൽ നമുക്ക് ചർച്ച ചെയ്യാം. ഇക്കാര്യത്തിൽ ഒരു വാശിയുമില്ല. നിയമം നിലനിൽക്കണം എന്നുള്ള കാര്യത്തിലേ വാശിയുള്ളൂ. ശ്രീ. ടി. എം. ജേക്കബ് സൂചിപ്പിച്ച അപ്പീൽ പ്രൊവിഷന്റെ കാര്യം ആലോചിക്കാം. സബ്ജക്ട് കമ്മിറ്റിയിൽ ആലോചിക്കുന്നതിൽ കുഴപ്പമില്ല. ഇവിടെ സൂചിപ്പിച്ച മറ്റൊരു പ്രധാനപ്പെട്ട പ്രശ്നം കളക്ടറിൽ കുറയാത്ത റാങ്കിലുള്ള ഒരു ഉദ്യോഗസ്ഥനെ വയ്ക്കണമെന്നാണ്. അതിനു മുകളിലുള്ള ഏത് ഉദ്യോഗസ്ഥനേയും വയ്ക്കാം. ഗവണ്മെന്റ് സെക്രട്ടറിയെ വയ്ക്കാം. അതിന് യാതൊരു പ്രയാസവുമില്ലെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഇതിനകത്ത് ഗവണ്മെന്റിന്റെ ഇച്ഛാശക്തി വളരെ വ്യക്തമാണ്. വിവരങ്ങൾ അന്വേഷിക്കണം എന്നാണ് ഗവണ്മെന്റ് ആഗ്രഹിക്കുന്നത്. സ്വകാര്യ സംരംഭകർക്കും എതിരല്ല ഗവണ്മെന്റ്. ഇവിടെ ചില വാദങ്ങൾ വന്നു. ഹോട്ടൽ മുഴുവനും ഏറ്റെടുക്കണം എന്ന്. അതൊന്നും ശരിയല്ല. ഇക്കാര്യത്തിൽ സ്വകാര്യ സംരംഭകരെ പ്രോൽസാഹിപ്പിക്കുന്ന നയമാണ്. എങ്കിലും കേരള ഗവണ്മെന്റിന് അവകാശപ്പെട്ട സ്വത്ത്, ഈ പറയുന്ന വികാരപരമായ കോവളം കൊട്ടാരം നമ്മുടെ കയ്യിൽ നിൽക്കണം.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : ഈ പ്രശ്നങ്ങൾക്കെല്ലാം പരിഹാരമെന്നുള്ള നിലയിൽ ചോദിക്കുകയാണ്, ബഹുമാനപ്പെട്ട കെ.ടി.ഡി.സി.യുടെ ചെയർമാൻ ശ്രീ. പന്തളം സുധാകരൻ ഈ ഹോട്ടൽ ഉൾപ്പെടെ ഏറ്റെടുത്ത് നടത്താൻ തയ്യാറാണെന്ന് പറഞ്ഞു. ഈ നിയമമൊന്നും ഇല്ലാതെ തന്നെ നമുക്ക് കാര്യങ്ങൾ നടക്കും. അങ്ങനെ അദ്ദേഹം ചെയ്യാമെന്ന് പറഞ്ഞ സാഹചര്യത്തിൽ അക്കാര്യം ആലോചിച്ചുകൂടെ? അപ്പോൾ പിന്നെ ആർക്കും ഒബ്ജക്ഷനില്ലല്ലോ?

ശ്രീ. കെ. സി. വേണുഗോപാൽ : കെ.ടി.ഡി.സി. സാമ്പത്തികമായി ഭദ്രമാണെങ്കിൽ അത് തീരുമാനിച്ചോട്ടെ ..... (ബഹളം) ..... നയപരമായ

LIBRARY ARCHIVES Kerala Legislative Assembly

ഒരു തീരുമാനം ഞാൻ പറയാൻ ആഗ്രഹിക്കുന്നു. സ്വകാര്യ മേഖലയിലെ മുഴുവൻ ഹോട്ടലുകളും ഏറ്റെടുക്കലല്ല കേരള ഗവൺമെന്റിന്റെ നയം. ഇപ്പോൾ ഇതിനകത്തുള്ള സ്ഥാപനങ്ങൾ ലാഭകരമായി നടത്തികൊണ്ടുപോവുക എന്നതാണ് നമ്മുടെ മുഖ്യമായ ലക്ഷ്യം. സ്വകാര്യമേഖലയിൽ ഹോട്ടലുകൾ ഏറ്റെടുത്ത് കൊണ്ടുപോകാൻ കഴിയുമോ എന്നുള്ളത് ചിന്തിക്കണം. സർക്കാരിന് സാമ്പത്തിക ബാദ്ധ്യതയുണ്ട്. ഞാൻ മാത്രം പറയേണ്ടതല്ല. പോളിസി ഡിസിഷൻ എടുക്കേണ്ടത് ഗവൺമെന്റാണ്. സാമ്പത്തിക ബാദ്ധ്യത വരുന്ന കാര്യമാണ്. ഇപ്പോൾ പറഞ്ഞതുപോലെ വിലയ്ക്കെടുക്കേണ്ടകാര്യം തീരുമാനിക്കേണ്ടതാണ്. അക്കാര്യത്തിലൊന്നും ഇവിടെ ആശങ്കയ്ക്ക് അവകാശമില്ല. നമ്മെ സംബന്ധിച്ചിടത്തോളം സ്വകാര്യ മേഖലയുടെ കോൺട്രിബ്യൂഷൻ വളരെ വലുതാണ്. ടൂറിസം വളർച്ചയ്ക്ക് പ്രധാനപ്പെട്ട കാരണം സ്വകാര്യ മേഖലയുടെ ഇൻവെസ്റ്റ്മെന്റാണ്. അത് നിഷേധിച്ചിട്ട് കാര്യമില്ല. സംരംഭകരുടെ ഇൻവെസ്റ്റ്മെന്റ് വലുതാണ്. അവരെ മുഴുവൻ അടിച്ചോടിക്കുന്ന, അവരോട് hostile ആയി പെരുമാറുന്ന സമീപനം സ്വീകരിക്കാൻ ഗവൺമെന്റ് ആഗ്രഹിക്കുന്നില്ല. അതേസമയം തന്നെ ഗവൺമെന്റിന് അവകാശപ്പെട്ട, ഗവൺമെന്റിന് വേണ്ടുന്ന സ്വത്തുക്കൾ ഗവൺമെന്റിൽ നിലനിൽക്കുകയും വേണം. അതിനു വേണ്ടുന്ന ശക്തമായ തീരുമാനമാണ് ഞങ്ങൾ എടുത്തിരിക്കുന്നത്. മുഖ്യമന്ത്രി അത് പലവട്ടം പറഞ്ഞിട്ടുണ്ട്. സ്വകാര്യ മേഖലയ്ക്ക് അനുവദിക്കാവുന്ന എല്ലാ സൗജന്യങ്ങളും സൗകര്യങ്ങളും അനുവദിച്ചുകൊടുത്തുകൊണ്ട് തന്നെ പൊതുമേഖലയ്ക്ക് അവകാശപ്പെട്ട കാര്യങ്ങൾ നിലനിൽക്കണമെന്നാണ് ഗവൺമെന്റ് ആഗ്രഹിച്ചത്. ഇതുസംബന്ധിച്ച് യാതൊരു ആശങ്കയ്ക്കും അവകാശമില്ല. ഗവൺമെന്റ് ഇക്കാര്യത്തിൽ അടിയുറച്ച് നിൽക്കുന്നു. ഈ കൊട്ടാരവും അനുബന്ധ ഭൂമിയും സർക്കാരിന്റെ കയ്യിലുണ്ടാകണം, ഇത് പൈതൃകമായി സംരക്ഷിക്കേണ്ട സ്വത്താണ്. ടൂറിസം ആട്രാക്ഷനുള്ളതാണ്. അതുകൊണ്ട് നിലനിൽക്കണമെന്നാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്. അതുകൊണ്ട് ഈ ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അംഗീകരിക്കണമെന്നഭ്യർത്ഥിക്കുന്നു.

ശ്രീ. ടി. എം. ജേക്കബ് അവതരിപ്പിച്ച നിരാകരണ പ്രമേയം സഭ നിരാകരിച്ചു.

മി. ചെയർമാൻ: ശ്രീ. ടി. എൻ. പ്രതാപൻ അവതരിപ്പിച്ച ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. ടി. എൻ. പ്രതാപൻ: പ്രസ്സ് ചെയ്യുന്നില്ല.

ശ്രീ. ടി. എൻ. പ്രതാപൻ അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടു കൂടി പിൻവലിക്കപ്പെട്ടു.

LIBRARY ARCHIVES Kerala Legislative Assembly

മി. ചെയർമാൻ : ശ്രീ. ടി. കെ. ദേവകുമാർ അവതരിപ്പിച്ച ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. ടി. കെ. ദേവകുമാർ : പ്രസ്സ് ചെയ്യുന്നില്ല.

ശ്രീ. ടി. കെ. ദേവകുമാർ അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

മി. ചെയർമാൻ : 2005-ലെ കോവളം കൊട്ടാരം (വീണ്ടെടുക്കൽ വഴി ഏറ്റെടുക്കൽ) ബിൽ ഭൂനികുതിയും വനവും മത്സ്യബന്ധനവും സംബന്ധിച്ച II-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അംഗീകരിക്കണമെന്ന പ്രശ്നം സംബന്ധിച്ച്

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

2005-ലെ കോവളം കൊട്ടാരം (വീണ്ടെടുക്കൽ വഴി ഏറ്റെടുക്കൽ) ബിൽ II-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

മി. ചെയർമാൻ : സമയം 1.30 ആകുന്നതേയുള്ളൂ. അടുത്ത രണ്ട് ബില്ലുകളും കൂടി തീർന്നിട്ട് പിരിയാമെന്നാണ് ..... (ബഹളം) .....

ഒരു consensus എടുക്കാമല്ലോ?

ശ്രീ. ടി. എം. ജേക്കബ് : ബി.എ.സി. യുടെ തീരുമാനം നോക്കണം. അടുത്ത രണ്ട് ബില്ലുകളൊന്നും ബി.എ.സി. അംഗീകരിച്ചിട്ടില്ല. ബി.എ.സി. തീരുമാനമൊന്ന്, ചെയറിലിരിക്കുന്ന ആൾ പറയുന്നത് മറ്റൊന്ന്.

മി. ചെയർമാൻ : ബി.എ.സി. തീരുമാനം എന്റെ മുൻപിൽ വന്നില്ല. ഇതു സംബന്ധിച്ച തീരുമാനമെന്താണെന്ന് അറിഞ്ഞാൽ കൊള്ളാം.

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (*ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ*) : ഇന്ന് മൂന്ന് ബില്ലുകളാണ് ഷെഡ്യൂൾ ചെയ്തിരുന്നത്. മൂന്ന് ബില്ലുകളും എടുക്കണമെന്നുള്ള ആഗ്രഹമാണ് ഗവൺമെന്റിനുള്ളത്. ബി.എ.സി. ഇന്ന് കൂടിയപ്പോഴുണ്ടായ പൊതുവായിട്ടുള്ള ധാരണ ബഹുമാനപ്പെട്ട നേതാക്കൻമാർക്കൊക്കെ അറിയാം. അതുകൊണ്ട് ഒരു consensus എടുത്ത്

LIBRARY ARCHIVES Kerala Legislative Assembly

മൂന്ന് ബില്ലുകളും തീർക്കത്തക്കവിധത്തിലുള്ള തീരുമാനമെടുക്കണമെന്ന് അപേക്ഷിക്കുകയാണ്.

ശ്രീ. ടി. എം. ജേക്കബ്: ബി.എ.സി. തീരുമാനം അവസാനം എന്താണെന്ന് ചോദിച്ച അവസരത്തിൽ ഇന്ന് രണ്ട് ബില്ലുകളുടെ കാര്യമാണ് പറഞ്ഞത്. ഇപ്പോൾ ഒരെണ്ണം സബ്ജക്ട് കമ്മിറ്റിക്ക് വിട്ടു, രണ്ടാമത്തേത് ലോക്കൽ ബോഡീസ് എന്റർട്ടയിൻമെന്റ് ടാക്സിന്റേതാണ്. ഇത് രണ്ടുമാണ് ഇന്ന് പറഞ്ഞിരിക്കുന്നത്.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

മി. സ്പീക്കർ: മൂന്ന് ബില്ലുകൾ ഇന്ന് വച്ചിരുന്നു. ബി.എ.സി. കൂടി. പൊതുവായ ഒരു സംസാരം, ചർച്ചകൾക്ക് സമയം അനുവദിക്കണമെന്നതാണ്. ഏതെങ്കിലും കാരണവശാൽ ഇന്ന് തീർന്നില്ലെങ്കിൽ നാളെ എടുക്കാമെന്ന ധാരണയിലാണ്. തൽക്കാലം അടുത്ത നിയമനിർമ്മാണത്തിലേക്ക് കടക്കാം. 1.30 എന്നത് വേവ് ചെയ്യാം.

(2) 2005-ലെ ദി കേരള ലോക്കൽ അതോറിറ്റീസ് എന്റർട്ടയിൻമെന്റ്സ് ടാക്സ് (അമെന്റ്മെന്റ്) ബിൽ

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി *(ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി)* : 2005-ലെ ദി കേരള ലോക്കൽ അതോറിറ്റീസ് എന്റർട്ടയിൻമെന്റ്സ് ടാക്സ് (അമെന്റ്മെന്റ്) ബിൽ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി *(ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി)* : 2005-ലെ ദി കേരള ലോക്കൽ അതോറിറ്റീസ് എന്റർട്ടയിൻമെന്റ്സ് ടാക്സ് (അമെന്റ്മെന്റ്) ബിൽ തദ്ദേശ സ്വയംഭരണവും സഹകരണവും എന്ന IX-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി *(ശ്രീ. ഡൊമിനിക് പ്രസന്റേഷൻ)* : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. ടി. എം. ജേക്കബ്: ഒരു ഡിസ്ക്ഷൻ വരുന്നതുകൊണ്ട് ഒരു ക്ലാരിഫിക്കേഷൻ മന്ത്രി പറഞ്ഞിട്ട് ചർച്ചയ്ക്ക് വരുന്നതായിരിക്കും നല്ലത്. ഇതിനകത്ത് സെക്ഷൻ 3(ബി) എന്നൊരു പുതിയ സെക്ഷൻ കൊണ്ടുവന്നിരിക്കുകയാണ്. മൂന്നിലും നാലിലും എന്തുതന്നെ അടങ്ങിയിരുന്നാലും അത് നിലനിർത്തികൊണ്ടുതന്നെയാണോ 3(ബി) ഉദ്ദേശിക്കുന്നത്? അതോ 3(ബി) മാത്രമേ നിലനിൽക്കുകയുള്ളോ?

LIBRARY ARCHIVES Kerala Legislative Assembly